TRICHUR ARCHDIOCESAN

# Bulletin

February 2015





പുതിയതായി കൂദാശ ചെയ്ത
നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ പള്ളിയും അൾത്താരയും



TRICHUR
ARCHDIOCESAN
**Bulletin**

പുസ്തകം : 82
2015 ഫെബ്രുവരി
ലക്കം : 2

# ഈ ലക്കത്തിൽ


- ❖ സർക്കുലർ 4
- ❖ കച്ചേരികാര്യം 24
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ഫെബ്രുവരി 34
- ❖ സഹായമെത്രാന്റെ പരിപാടികൾ - ഫെബ്രുവരി 35
- ❖ നാളാഗമം 36
- ❖ പാസ്റ്ററൽ കൗൺസിൽ 40
- ❖ സാമ്പത്തിക കാര്യാലയം 46
- ❖ ഛാന്ദാ വാർത്തകൾ 47
- ❖ വൈദികർ 48
- ❖ സന്യസ്തർ 50
- ❖ സ്ഥാപനങ്ങൾ 56
- ❖ സാന്ത്വനം 75
- ❖ സംഘടനകൾ 80


*Imprimatur*
(Sd)

**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

# ലോകരോഗീദിനസന്ദേശം

## 11 ഫെബ്രുവരി 2015

### ഇരുപത്തിമൂന്നാം ലോകരോഗീദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം

### ഹൃദയജ്ഞാനം

**"ഞാൻ കുരുടനു കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു" (ജോബ് 29:15)**

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ ജോൺ പോൾ 2-ാമൻ ആരംഭിച്ച ലോകരോഗീദിനാചരണത്തിന്റെ 23-ാം ആചരണമാണ് ഈ വർഷം നടക്കുന്നത്. ഈ സന്ദർഭത്തിൽ, രോഗത്താൽ ഭാരപ്പെട്ടവരും സഹിക്കുന്ന ക്രിസ്തുവിന്റെ ശരീരവുമായി വിവിധ രീതികളിൽ ഐക്യപ്പെട്ടവരുമായ നിങ്ങളിലേക്കും ആരോഗ്യ ശുശ്രൂഷാമണ്ഡലത്തിലെ വിദഗ്ധരിലേക്കും സന്നദ്ധസേവനം ചെയ്യുന്നവരിലേക്കും എന്റെ ശ്രദ്ധ തിരിക്കുന്നു.

ഈ വർഷത്തെ പ്രമേയം ജോബിന്റെ ഗ്രന്ഥത്തിലെ ഒരു വാചകത്തെപ്പറ്റി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. "ഞാൻ കുരുടന് കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു" (ജോബ് 29:15) എന്നതാണ് ആ വാചകം. ഹൃദയജ്ഞാനം (Sapientia Cordis) എന്നതിന്റെ അടിസ്ഥാനത്തിൽ ഈ വാചകത്തെപ്പറ്റി പര്യാലോചിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ഈ "ജ്ഞാനം" സിദ്ധാന്തപരവും അമൂർത്തവുമായ അറിവല്ല. യുക്തിവിചാരത്തിന്റെ ഫലമല്ല. വിശുദ്ധ യാക്കോബ് തന്റെ ലേഖനത്തിൽ വിവരിക്കുന്നതുപോലെ, "വിശുദ്ധവും സമാധാനപൂർണവും വിനീതവും വിധേയത്വമുള്ളതും കാരുണ്യവും സത്ഫലങ്ങളും നിറഞ്ഞതുമാണ്"(യാക്കോ 3:17). സഹോദരീസഹോദരന്മാരുടെ വേദനകൾ അറിയുകയും അവരിൽ ദൈവത്തിന്റെ പ്രതിഛായ കാണുകയും ചെയ്യുന്നവരുടെ മനസ്സുകളിൽ പരിശുദ്ധാത്മാവ് നിക്ഷേപിച്ചിരിക്കുന്ന കാര്യങ്ങൾ കാണുന്ന ഒരു

രീതിയാണത്. അതുകൊണ്ട് നമുക്കു സങ്കീർത്തകന്റെ പ്രാർത്ഥന ഏറ്റുചൊല്ലാം: "ഞങ്ങളുടെ ആയുസ്സിന്റെ ദിനങ്ങൾ എണ്ണാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ ഹൃദയം ജ്ഞാനപൂർണമാകട്ടെ" (സങ്കീ 90:12). ദൈവദാനമാകുന്ന ഹൃദയജ്ഞാനം ലോകരോഗീദിനത്തിന്റെ ഫലങ്ങളുടെ സംഗ്രഹമാണ്.

2. ഹൃദയജ്ഞാനമെന്നത് നമ്മുടെ സഹോദരീസഹോദരന്മാർക്ക് സേവനം ചെയ്യുകയെന്നതാണ്. "ഞാൻ കുരുടന്മാർക്കു കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു"എന്ന ജോബിന്റെ വാക്കുകൾ നീതിമാനായ ആ മനുഷ്യൻ ആവശ്യത്തിൽപ്പെട്ടവർക്കു ചെയ്ത സേവനത്തെ സൂചിപ്പിക്കുന്നു. നഗരത്തിലെ ശ്രേഷ്ഠന്മാരുടെയിടയിൽ അധികാരവും സ്ഥാനവും പ്രാധാന്യവുമുള്ള വ്യക്തിയായിരുന്നു ജോബ്. സഹായം അന്വേഷിച്ചവർക്കു നല്കിയ സഹായത്തിലും അനാഥർക്കും വിധവകൾക്കും ചെയ്ത സേവനത്തിലും അദ്ദേഹത്തിന്റെ ധാർമ്മിക മഹിമ പ്രകടമായി (ജോബ് 29:12-13).

ഇന്നും എത്രയോ ക്രൈസ്തവർ കുരുടന്മാർക്കു കണ്ണുകളും മുടന്തനു കാലുകളും ആണ് തങ്ങൾ എന്ന് കാണിക്കുന്നുണ്ട്. വാക്കുകൾ കൊണ്ടല്ല യഥാർത്ഥവിശ്വാസത്തിൽ വേരുറച്ച ജീവിതം കൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. അവർ രോഗികളോട് ഉറ്റബന്ധം പുലർത്തുന്നു. സ്ഥിരം ശുശ്രൂഷ ചെയ്യുന്നു. അലക്കാനും വസ്ത്രം അണിയാനും ഭക്ഷണം കഴിക്കാനുള്ള സ്ഥിരമായ ആവശ്യങ്ങളിൽ സഹായിക്കുന്നു. ഈ സേവനം സുദീർഘമാകുമ്പോൾ അത് ക്ഷീണമുണ്ടാക്കുന്നതും ഭാരപ്പെട്ടതുമാകാം. ആരെയെങ്കിലും കുറച്ചുദിവസത്തേക്ക് സഹായിക്കുകയെന്നത് സാധാരണഗതിയിൽ എളുപ്പമാണ്. എന്നാൽ ഒരാളെ മാസങ്ങളോളം അല്ലെങ്കിൽ വർഷങ്ങളോളം ശുശ്രൂഷിക്കുകയെന്നത് പ്രയാസമുള്ള കാര്യമാണ്. ചിലപ്പോൾ ശുശ്രൂഷിക്കപ്പെടുന്ന വ്യക്തി നന്ദി പ്രകാശിപ്പിക്കാൻ കഴിവില്ലാത്ത വ്യക്തിയായിരിക്കും. എന്നാലും ഇത് വിശുദ്ധീകരണത്തിന്റെ എത്രയോ മഹത്തായ ഒരു പാതയാണ്! പ്രയാസം നിറഞ്ഞ ആ നിമിഷങ്ങളിൽ കർത്താവുമായുള്ള ദൃഢബന്ധത്തിൽ നമുക്ക് ആശ്രയിക്കാം. നമ്മൾ സഭയുടെ ദൗത്യത്തെ പിന്തുണയ്ക്കുന്ന സവിശേഷ ഉപാധികളായി മാറും.

3. ഹൃദയജ്ഞാനമെന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂട്ടത്തിലായിരിക്കുക യെന്നാണ്. രോഗികളൊ

ടൊപ്പം ചെലവഴിക്കുന്ന സമയം വിശുദ്ധസമയമാണ്. തന്റെ പുത്രന്റെ പ്രതിഛായയോട് നമ്മെ അനുരൂപരാക്കുന്ന ദൈവത്തെ സ്തുതിക്കാനുള്ള ഒരു വഴിയാണത്. ആ ദൈവപുത്രൻ വന്നത് "ശുശ്രൂഷിക്കപ്പെടാനല്ലാതെ ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി ജീവൻ കൊടുക്കാനും വേണ്ടിയാണ്" (മത്താ 20:28). യേശു തന്നെ ഇങ്ങനെ പറഞ്ഞു: "ഞാൻ നിങ്ങളുടെയിടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്" (ലൂക്കാ 22:27).

ഈ സഹോദരീസഹോദരന്മാരോടൊപ്പം സമയം ചെലവഴിക്കണം. മിക്കപ്പോഴും പ്രശംസിക്കപ്പെടാത്ത ആ സന്മനസ്സിന്റെ മൂല്യം വിലമതിക്കപ്പെടണം. അതിനുവേണ്ട കൃപാവരത്തിനായി പരിശുദ്ധാത്മാവിനോട് സജീവവിശ്വാസത്തോടെ നമുക്കു പ്രാർത്ഥിക്കാം. ഗൗരവമുള്ള ജീവിതം ജീവിക്കത്തക്കതല്ലെന്നു ആളുകൾ ചിന്തിക്കാൻ ഇടയാക്കുന്ന വിധം "ജീവിതത്തിന്റെ ഗുണമേന്മ"യുടെ പ്രാധാന്യത്തെ ഊന്നിപ്പറയുന്ന തരത്തിലുള്ള ശൈലികളിൽ നുണ ഒളിച്ചിരിപ്പുണ്ടെന്ന് നാം അറിയണം.

4. ഹൃദയജ്ഞാനം എന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീസഹോദരന്മാരിലേക്ക് നമ്മിൽ നിന്നു പുറത്തേക്കുപോകുകയെന്നാണ്. രോഗികളുടെ കിടക്കയ്ക്കരുകിൽ സമയം ചെലവഴിക്കുന്നതിന്റെ പ്രത്യേക പ്രാധാന്യം ചിലപ്പോഴെല്ലാം നമ്മുടെ ലോകം മറന്നു പോകുന്നു. കാരണം നമ്മൾ വളരെ തിരക്കുള്ളവരാണ്. പ്രവൃത്തിയുടെയും ഉത്പാദനത്തിന്റെയും ഭ്രാന്തുപിടിച്ച് നമ്മെത്തന്നെ സ്വതന്ത്രമായി വിട്ടുകൊടുക്കാൻ നാം മറന്നുപോകുന്നു. മറ്റുള്ളവരെ ശുശ്രൂഷിക്കാനും മറ്റുള്ളവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനും മറന്നുപോകുന്നു. ഈ മനോഭാവത്തിനു പിന്നിൽ മന്ദോഷ്ണമായ വിശ്വാസമാണുള്ളത്. "അതു നീ എനിക്കുവേണ്ടി ചെയ്തതാണ്" (മത്താ 25:40) എന്ന കർത്താവിന്റെ വാക്കുകൾ ആ വിശ്വാസം മറന്നിരിക്കുന്നു.

ഇക്കാരണത്താൽ, "നമ്മുടെ സഹോദരീസഹോദരന്മാരിലേക്ക് ബഹിർഗമിക്കുകയെന്നതിന്റെ തികഞ്ഞ മുൻഗണനയെക്കുറിച്ച് വീണ്ടും ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മഹത്തായ രണ്ടു കല്പനകളിൽ ഒന്നാണത്. അത് എല്ലാ ധാർമ്മിക നിയമങ്ങളുടെയും അടിസ്ഥാനമാണ്. ദൈവത്തിന്റെ തികഞ്ഞ സൗജന്യദാനത്തോടു പ്രത്യുത്തരിച്ചുകൊണ്ടുള്ള ആധ്യാത്മിക വളർച്ചയെ തിരിച്ചറിയാനുള്ള ഏറ്റവും വ്യക്തമായ അടയാളവുമാണത്"(സുവിശേഷത്തിന്റെ

സന്തോഷം 179). "മനസ്സിലാക്കുകയും സഹായിക്കുകയും വളർത്തുകയും ചെയ്യുന്ന കാര്യക്ഷമമായ പരസ്നേഹത്തിന്റെയും സഹതാപത്തിന്റെയും" (അവിടെത്തന്നെ) ഉറവിടമാണ്. സഭയുടെ പ്രേഷിതത്വപരമായ സ്വഭാവം.

5. ഹൃദയജ്ഞാനം എന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീസഹോദരന്മാരെ വിധിക്കാതെ അവരോട് ഐക്യദാർഢ്യം കാണിക്കുകയെന്നതാണ്. പരോപകാരപ്രവൃത്തികൾക്ക് വളരെയേറെ സമയം വേണം. രോഗികളെ ശുശ്രൂഷിക്കാനും അവരെ സന്ദർശിക്കാനും സമയം വേണം. ജോബിന്റെ സുഹൃത്തുക്കളെപ്പോലെ അവരുടെ അടുത്തിരിക്കാൻ സമയം വേണം: "അവന്റെ പീഡകൾ അതികഠിനമെന്നുകണ്ട് ഒരക്ഷരം സംസാരിക്കാനാവാതെ ഏഴുരാവും പകലും അവർ അവനോടൊപ്പം നിലത്തിരുന്നു" (ജോബ് 2:13). എന്നാലും ജോബിന്റെ കൂട്ടുകാർ അദ്ദേഹത്തിനെതിരേ വിധിപ്രസ്താവന നടത്തി. ജോബിന് അദ്ദേഹത്തിന്റെ പാപംമൂലമുണ്ടായ ദൈവശിക്ഷ ദൗർഭാഗ്യമെന്നു അവർ കരുതി. വിധി പറയാതെ പങ്കുചേരലാണ് യഥാർത്ഥ പരസ്നേഹം. അത് മറ്റുള്ളവരുടെ മാനസാന്തരം ആവശ്യപ്പെടുന്നില്ല. കുനിയുകയും പ്രശംസ അന്വേഷിക്കുകയും ചെയ്യുന്ന ഏതു നന്മയെപ്പറ്റിയും തൃപ്തിയടയുകയും ചെയ്യുന്ന തെറ്റായ വിനീതഭാവത്തിൽ നിന്ന് അതു സ്വതന്ത്രമായിരിക്കും.

ജോബിന്റെ പീഡാസഹനം അതിന്റെ ശരിയായ ഉത്തരം കണ്ടെത്തുന്നത് യേശുവിന്റെ കുരിശിൽ മാത്രമാണ്. ദൈവത്തിനു നമ്മോടുള്ള ദൃഢബന്ധത്തിന്റെ തികച്ചും സൗജന്യപരവും കരുണനിറഞ്ഞതുമായ ബന്ധത്തിന്റെ പരമമായ പ്രവൃത്തിയാണ് യേശുവിന്റെ പീഡാസഹനം. മാനുഷികവേദനയോടുള്ള പ്രത്യേകിച്ച് നിഷ്കളങ്കരുടെ വേദനയോടുള്ള സ്നേഹപൂർണമായ പ്രത്യുത്തരമാണത്. ഉത്ഥിതനായ ക്രിസ്തുവിന്റെ ശരീരത്തിൽ എന്നേക്കും മുദ്രിതമായി നിലകൊണ്ട മഹത്ത്വപൂർണമായ അവിടത്തെ മുറിവുകൾ വിശ്വാസത്തെ സംബന്ധിച്ച ഒരു ഉതപ്പാണ്, എന്നാൽ വിശ്വാസത്തിന്റെ തെളിവുമാണ് (ജോൺ 23-ാമൻ, ജോൺപോൾ 2-ാമൻ എന്നിവരുടെ കനോനൈസേഷന്റെ സമയത്തു നടത്തിയ പ്രഭാഷണം 27 ഏപ്രിൽ 2014, കാണുക)

രോഗം, ഏകാന്തത, അശക്തി എന്നിവ മൂലം മറ്റുള്ളവരിലേക്ക് എത്തിച്ചേരാൻ നമുക്കു പ്രയാസമുണ്ടാകാം. അപ്പോഴും സഹാനുഭാവം

കൃപാവരം പങ്കുവയ്ക്കാനുള്ള സവിശേഷമാർഗമായിത്തീരും. ഹൃദയജ്ഞാനം നേടാനും അതിൽ വളരാനുമുള്ള ഒരു ഉറവിടമായിത്തീരുകയും ചെയ്യും. ജോബിന് തന്റെ സഹനത്തിന്റെ അവസാനത്തിൽ, "അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു" (ജോബ് 42:5)എന്നു പറയാൻ കഴിഞ്ഞതെങ്ങനെയെന്ന് നാം മനസ്സിലാക്കും. സഹനത്തിന്റെയും വേദനയുടെയും രഹസ്യത്തിൽ മൂങ്ങിക്കിടക്കുന്ന ജനങ്ങൾ, ഇവയെ വിശ്വാസത്തിൽ സ്വീകരിക്കുമ്പോൾ വിശ്വാസത്തിന്റെ സജീവസാക്ഷികളാകും. ആ വിശ്വാസം സഹനത്തിന്റെ പൂർണമായ അർത്ഥം ഗ്രഹിക്കാൻ കഴിയാത്തപ്പോഴും സഹനത്തെ ആശ്ലേഷിക്കാൻ കഴിവുള്ളവരാകും.

6. ഈ ലോകരോഗീദിനത്തെ ഞാൻ മറിയത്തിന്റെ മാതൃസഹജമായ സംരക്ഷണത്തിനു ഏല്പിക്കുന്നു. മനുഷ്യാവതാരം ചെയ്ത ജ്ഞാനത്തെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ഗർഭം ധരിച്ച് പ്രസവിച്ചവളാണു മറിയം.

ഓ മറിയമേ, ജ്ഞാനസിംഹാസനമേ, ഞങ്ങളുടെ അമ്മയെന്ന നിലയിൽ എല്ലാ രോഗികൾക്കും അവരെ സംരക്ഷിക്കുന്ന വർക്കുംവേണ്ടി മാധ്യസ്ഥ്യം വഹിക്കണമേ. സഹിക്കുന്ന ഞങ്ങളുടെ അയൽക്കാർക്കുവേണ്ടി ഞങ്ങൾ ചെയ്യുന്ന സേവനത്തിലൂടെയും ഞങ്ങളുടെ തന്നെ സഹാനുഭാവത്തിലൂടെയും യഥാർത്ഥ ഹൃദയജ്ഞാനം ഞങ്ങൾ സ്വീകരിക്കാനും അതിനെ വളർത്താനും വേണ്ട അനുഗ്രഹം ഞങ്ങൾക്കു നല്കണമേ.

നിങ്ങൾക്ക് എല്ലാവർക്കും വേണ്ടിയുള്ള ഈ പ്രാർത്ഥനയോടെ എന്റെ അപ്പസ്തോലികാശീർവാദം നല്കുന്നു

വത്തിക്കാനിൽ നിന്ന്, 3 ഡിസംബർ 2014

വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ സ്മരണാദിനം

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025/08.01.2015/Ref: 2834/K 35/OL/KCBC/DS

# കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും നൂറ്റിഒന്നാം ലോകദിനം

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

*അതിരുകളില്ലാത്ത സഭ, എല്ലാവർക്കും അമ്മ*

പ്രിയ സഹോദരീസഹോദരന്മാരേ,

"യേശു ശ്രേഷ്ഠനായ സുവിശേഷപ്രവർത്തകനാണ്, സുവിശേഷത്തിന്റെ മൂർത്തീഭാവമാണ്". (സുവിശേഷത്തിന്റെ സന്ദേശം 209). അവിടത്തെ ആകുലത പ്രത്യേകിച്ച്, ഏറ്റവും കൂടുതൽ മുറിപ്പെടാവുന്നവരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും സംബന്ധിച്ചുള്ള ആകുലത, നമ്മെ എല്ലാവരെയും ഒരു കാര്യത്തിലേക്കു ക്ഷണിക്കുന്നു. ഏറ്റവും ദുർബലരായവരെ ശുശ്രൂഷിക്കാനും അവിടത്തെ വേദനിക്കുന്ന മുഖത്തെ പ്രത്യേകിച്ച് ദാരിദ്ര്യത്തിന്റെയും അടിമത്തത്തിന്റെയും ഇരകളിൽ തിരിച്ചറിയാനുമാണു ക്ഷണിക്കുന്നത്. കർത്താവു പറയുന്നു: "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെയടുത്തുവന്നു" (മത്താ 25:35-36). ലോകത്തിൽ തീർത്ഥാടകയും എല്ലാവരുടെയും അമ്മയുമായിരിക്കുന്ന സഭയുടെ ദൗത്യം, അതുകൊണ്ട്, യേശുക്രിസ്തുവിനെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുക - പ്രത്യേകിച്ച് ഏറ്റവും ദരിദ്രരിലും ഏറ്റവും പരിത്യക്തരിലും അവിടത്തെ സ്നേഹിക്കുകയെന്നതാണ്. അവരിൽ തീർത്ഥകരും കുടിയേറ്റക്കാരും അഭയാർത്ഥികളും ഉൾപ്പെടുന്നു. അവർ പ്രയാസമുള്ള ജീവിതാവസ്ഥകളിൽ നിന്നും എല്ലാത്തരം അപകടങ്ങളിൽ നിന്നും രക്ഷപെടാൻ പരിശ്രമിക്കുന്നവരാണ്. ഇക്കാരണത്താൽ ഈ വർഷത്തെ കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ലോകദിനത്തിലെ ചിന്താവിഷയം ഇതാണ്:

**അതിരുകളില്ലാത്ത സഭ, എല്ലാവരുടെയും അമ്മ**

"ദൈവം സ്നേഹമാകുന്നു" (1 യോഹ 4:8,16) എന്നു പ്രഘോഷിക്കാൻവേണ്ടി സഭ തന്റെ കൈകൾ വിരിച്ച് ഒരു വ്യത്യാസവും നോക്കാതെ, അതിരുകളില്ലാതെ എല്ലാവരെയും സ്വാഗതം ചെയ്യുന്നു. യേശു തന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷം തന്റെ ശിഷ്യരെ ഒരു ദൗത്യം ഏല്പിച്ചു. തന്റെ സാക്ഷികളായിരി ക്കാനും സന്തോഷത്തിന്റെയും കാരുണ്യത്തിന്റെയും സുവിശേഷം പ്രഘോഷിക്കാനുമുള്ള ദൗത്യമാണത്. പെന്തക്കൂസ്താദിവസം ശിഷ്യന്മാർ ധീരതയോടും ആവേശത്തോടും കൂടി ഊട്ടുശാല വിട്ടിറങ്ങി. പരിശുദ്ധാത്മാവ് അവരുടെ സംശയങ്ങളെ കീഴടക്കി. അവരുടെ പ്രഭാഷണം സ്വന്തം ഭാഷകളിൽ മനസിലാക്കാൻ എല്ലാവരെയും ശക്തരാക്കി. ആരംഭം മുതൽ സഭ മുഴുവൻ ലോകത്തെ സംബന്ധിച്ചും തുറന്ന ഹൃദയമുള്ള അമ്മയായിരുന്നു. അവൾക്ക് അതിരുകളില്ലായിരുന്നു. ഈ ദൗത്യം രണ്ടായിരം വർഷം തുടർന്നു. എന്നാൽ ആദിമ നൂറ്റാണ്ടുകളിൽത്തന്നെ സഭയുടെ സാർവത്രിക മാതൃത്വത്തെക്കുറിച്ച് പ്രേഷിതപ്രഘോഷണം വ്യക്തിമാക്കിയിരുന്നു. അതു പിന്നീട് സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ വികസിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസു അതു സ്വീകരിക്കുകയും ചെയ്തു. സഭയുടെ സ്വഭാവം വിവരിക്കാൻ സൂനഹദോസ് പിതാക്കന്മാർ "അമ്മയായ സഭ"യെപ്പറ്റി പറഞ്ഞു. സഭ പുത്രീപുത്രന്മാരെ ജനിപ്പിക്കുന്നു. അവരെ എടുക്കുകയും സ്നേഹത്തോടെ ഹൃദയപൂർവം ആശ്ലേഷിക്കുകയും ചെയ്യുന്നു. (ലൂമെൻ ജേൻസിയും 14)

അതിരുകളില്ലാത്ത സഭ, എല്ലാവരുടെയും അമ്മയായ സഭ, ലോകമെങ്ങും സ്വീകരണത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ഒരു സംസ്കാരം വ്യാപിപ്പിച്ചു. അതിൽ ആരും ഉപയോഗശൂന്യരല്ല, സ്ഥാനമില്ലാത്തവരല്ല, എറിഞ്ഞുകളയേണ്ടവരല്ല. ക്രൈസ്തവസമൂഹം ഈ മാതൃത്വം കാര്യക്ഷമമായി ജീവിക്കുമ്പോൾ ക്ഷമയോടെ എല്ലാവരോടും കൂടെ നടക്കുകയും അവരെ നയിക്കുകയും അവർക്കു വഴി ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. പ്രാർത്ഥന യിലൂടെയും കാരുണ്യപ്രവർത്തനത്തിലൂടെയും അവരോട് അടുക്കുകയും ചെയ്യുന്നു.

ഇന്ന് ഇതിന് പ്രത്യേക പ്രാധാന്യമുണ്ട്. ഇന്ന് യഥാർത്ഥത്തിൽ കുടിയേറ്റത്തിന്റെ വ്യാപകമായ ചലനങ്ങൾ ഉണ്ടാകുന്നു. ആളുകളുടെ

വലിയ കൂട്ടങ്ങൾ സ്വന്തം നാടുകൾ വിട്ടുപോകുന്നു. ഭയവും ആഗ്രഹങ്ങളും വഹിച്ചുകൊണ്ടാണ് അവർ പോകുന്നത്. കൂടുതൽ മാനുഷികമായ ജീവിതസാഹചര്യങ്ങൾ അന്വേഷിച്ച് പ്രത്യാശ നല്കുന്നതും അപകടമുള്ളതുമായ യാത്രയാണ് അവർ ചെയ്യുന്നത്. പലപ്പോഴും അത്തരം കുടിയേറ്റങ്ങൾ സംശയവും ശത്രുതയും ഉളവാക്കുന്നു. സഭാസമൂഹങ്ങളിൽ പോലും അങ്ങനെ സംഭവിക്കുന്നു. കുടിയേറ്റക്കാരുടെ ജിവിതത്തെക്കുറിച്ചോ അവരുടെ പീഡാസഹനത്തിന്റെയും അനാഥത്വത്തിന്റെയും കഥകൾ അറിയുന്നതിനോ മുമ്പേ അതു സംഭവിക്കുന്നു. അത്തരം സംഭവങ്ങളിൽ സംശയവും മുൻവിധിയും ബൈബിളിലെ കല്പനയ്ക്കു വിരുദ്ധമായിരിക്കുന്നു. ആവശ്യത്തിൽപ്പെട്ട അപരിചിതനെ ആദരവോടും ഐക്യദാർഢ്യത്തോടുംകൂടി സ്വാഗതം ചെയ്യണമെന്നാണ് ബൈബിളിലെ കല്പന.

മറുവശത്ത്, മാനുഷിക ദുരിതത്തെ സ്പർശിക്കാനും യേശു നമുക്കു തന്നിട്ടുപോയ സ്നേഹത്തിന്റെ കല്പന പ്രയോഗത്തിലാക്കാനും മനസ്സാക്ഷി നമ്മെ പ്രേരിപ്പിക്കുന്നു. യേശു അപരിചിതരോടും അക്രമത്തിന്റെയും ചൂഷണത്തിന്റെയും ഇരകളായിത്തീർന്ന നിർമ്മലരോടും താദാത്മ്യപ്പെട്ടുകൊണ്ട് നല്കിയ കല്പനയാണത്. എന്നാൽ നമ്മുടെ പ്രകൃതിയുടെ ദൗർബല്യം മൂലം, "കർത്താവിന്റെ മുറിവുകളെ കൈയെത്താത്ത അകലത്തിലാക്കുന്ന ക്രിസ്ത്യാനികളെപ്പോലെയാകാനുള്ള പ്രലോഭനമുണ്ടാകുന്നു' (സുവിശേഷത്തിന്റെ സന്തോഷം 270).

മാനുഷിക ദുരിതത്തിൽ നിന്നുള്ള നമ്മുടെ അകല്ച്ച കുറയ്ക്കാൻ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ നിന്നു ജനിക്കുന്ന ധീരത നമ്മെ ശക്തരാക്കുന്നു. കുടിയേറ്റക്കാരിലും അഭയാർത്ഥികളിലും ആ സ്ഥാനത്തു സ്ഥാപിക്കപ്പെട്ട വ്യക്തികളിലും പ്രവാസികളിലും തന്നെ തിരിച്ചറിയാൻ യേശുക്രിസ്തു എപ്പോഴും കാത്തിരിക്കുന്നു. അവരിലൂടെ നമ്മുടെ വിഭവങ്ങൾ പങ്കുവയ്ക്കാൻ അവിടന്ന് വിളിക്കുന്നു. നാം സമ്പാദിച്ച സമ്പാദ്യങ്ങളിൽ ചിലപ്പോഴെല്ലാം കുറേ കൊടുക്കാനും വിളിക്കുന്നു. പോൾ 6-ാമൻ മാർപാപ്പാ ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്: "കൂടുതൽ ഭാഗ്യവാന്മാരായവർ തങ്ങളുടെ അവകാശങ്ങളിൽ ചിലത് ഉപേക്ഷിക്കണം. അവരുടെ വസ്തുക്കൾ കൂടുതൽ ഉദാരതയോടെ മറ്റുള്ളവരുടെ സേവനത്തിനായി നല്കാനാണത് (ഒക്ടോജേസിമ അഡ്വേനിയേൻസ്, 23).

ഇന്നത്തെ സമൂഹം അനേകം സംസ്കാരങ്ങൾ ചേർന്നുണ്ടായതാണ്. അത് ഐക്യദാർഢ്യത്തിനും കൂട്ടായ്മയ്ക്കും സുവിശേഷ വത്കരണത്തിനും പുതിയ ജോലികൾ ഏറ്റെടുക്കാൻ സഭയെ ധൈര്യപ്പെടുത്തുന്നു. വ്യക്തികളും സംസ്കാരങ്ങളും തമ്മിൽ സമാധാനപൂർണമായ സഹവർത്തിത്വം ഉറപ്പാക്കാൻ ആവശ്യമായ മൂല്യങ്ങളെ ആഴപ്പെടുത്താനും ശക്തിപ്പെടുത്താനും കുടിയേറ്റ പ്രസ്ഥാനങ്ങൾ യഥാർത്ഥത്തിൽ നമ്മോട് ആവശ്യപ്പെടുന്നുണ്ട്. വൈവിധ്യത്തെ ആദരിക്കുന്നതും വിവിധ പശ്ചാത്തലങ്ങളിലും സംസ്കാരങ്ങളിലുമുള്ളവ പങ്കുവയ്ക്കുന്നതുമായ ഒരു സഹിഷ്ണുതയിൽ എത്തിച്ചേരുകയെന്നതുമാത്രം മതിയാകുകയില്ല. ഇവിടെയാണ് അതിരുകളെ കീഴടക്കുന്നതിന് സഭ സഹായം ചെയ്യുന്നത്. "എതിർപ്പിന്റെയും ഭയത്തിന്റെയും നിസ്സംഗത യുടെയും പാർശ്വവത്കരണത്തിന്റെ മനോഭാവങ്ങളിൽ നിന്ന് മാറുന്നതിനും കണ്ടുമുട്ടലിന്റെ സംസ്കാരത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മനോഭാവങ്ങളിലേക്കു നീങ്ങുന്നതിനും സഹായം ചെയ്യുന്നത്. ആ സംസ്കാരമാണ് കൂടുതൽ നല്ല, കൂടുതൽ നീതിപൂർവകമായ സാഹോദര്യം നിറഞ്ഞ ലോകത്തെ നിർമ്മിക്കുന്ന സംസ്കാരം" (കുടിയേറ്റക്കാരുടെയും അഭായർത്ഥികളുടെയും ലോകദിനസന്ദേശം 2014).

കുടിയേറ്റപ്രസ്ഥാനങ്ങൾ വ്യാപകമായ തോതിലാണു നടക്കുന്നത്. അതുകൊണ്ട് രാഷ്ട്രങ്ങളും അന്താരാഷ്ട്ര സംഘടനകളും തമ്മിലുള്ള ക്രമവും സജീവത്വവുമുള്ള സഹകരണംകൊണ്ടു മാത്രമേ ഇത്തരം പ്രസ്ഥാനങ്ങളെ കാര്യക്ഷമമായി നിയന്ത്രിക്കാനും കാര്യക്ഷമമാക്കാനും സാധിക്കുകയുള്ളൂ. എന്തെന്നാൽ കുടിയേറ്റം എല്ലാവരെയും ബാധിക്കുന്നുണ്ട്. ആ പ്രതിഭാസത്തിന്റെ വ്യാപ്തികൊണ്ടു മാത്രമല്ല ബാധിക്കുന്നത്. പിന്നെയോ "സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും മതപരവുമായി അത് ഉയർത്തുന്ന പ്രശ്നങ്ങൾകൊണ്ടും രാഷ്ട്രങ്ങൾക്കും അന്താരാഷ്ട്ര സമൂഹത്തിനുമെതിരേ അത് ഉയർത്തുന്ന നാടകീയ പരിവർത്തനങ്ങൾ കൊണ്ടും" അത് സകലരെയും ബാധിക്കുന്നു *(സത്യത്തിൽ സ്നേഹം 62).*

കുടിയേറ്റമെന്ന പ്രതിഭാസത്തെ കൈകാര്യം ചെയ്യുന്നതിലുള്ള ഉചിതത്വത്തെയും രീതികളെയും ആവശ്യമായിരിക്കുന്ന

നിയമങ്ങളെയും സംബന്ധിച്ച് അന്താരാഷ്ട്രതലത്തിൽ കൂടെക്കൂടെ വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ട്. കുടിയേറ്റത്തിലൂടെ കൂടുതൽ നല്ല ജീവിതം അന്വേഷിക്കുന്നവരെ സഹായിക്കാൻ അന്തർദേശീയവും ദേശീയവും പ്രാദേശീയവുമായ തലങ്ങളിൽ കഠിനാധ്വാനം ചെയ്യുന്ന ഏജൻസികളും സംഘടനകളുമുണ്ട്. ഉദാരതാപൂർണവും പ്രശംസനീയവുമായ അവരുടെ പരിശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും കൂടുതൽ സുനിശ്ചിതവും സർഗാത്മകവുമായ പ്രവർത്തനം ആവശ്യമായിരിക്കുന്നു. ഓരോ മനുഷ്യവ്യക്തിയുടെയും മഹത്ത്വവും കേന്ദ്രീയതയും സംരക്ഷിക്കുന്ന സഹകരണത്തിന്റെ സാർവത്രിക നെറ്റുവർക്കിനെ ആശ്രയിച്ചുള്ളതായിരിക്കണം അത്. ലജ്ജാകരവും കുറ്റകരവുമായ മനുഷ്യക്കടത്ത്, മൗലികാവകാശലംഘനം, അക്രമത്തിന്റെയും പീഡനത്തിന്റെയും അടിമത്തത്തിന്റെയും സർവരൂപങ്ങളും എന്നിവയ്ക്കെതിരേയുള്ള പടപൊരുതൽ അത് കൂടുതൽ കാര്യക്ഷമതയുള്ളതാക്കും. സഹകരിച്ചുള്ള ഈ പ്രവർത്തനം പാരസ്പര്യവും സംയുക്തപ്രവർത്തനവും തുറവും ആത്മവിശ്വാസവുമുള്ളതായിരിക്കണം. "വളരെയേറെ വ്യാപകമായിരിക്കുകയും കുടിയിറക്കം, കുടിയേറ്റം എന്നിങ്ങനെ ഇരട്ടപ്രസ്ഥാനമായി ഓരോ ഭൂഖണ്ഡത്തെയും ബാധിക്കത്തക്കവിധം ഈ പ്രതിഭാസം ഇന്ന് വ്യാപിച്ചിരിക്കയാൽ ഒരു രാജ്യത്തിനും ഒറ്റയ്ക്ക് ഇതിന്റെ പ്രയാസങ്ങൾ നേരിടാൻ കഴിയുകയില്ലെന്ന അറിവോടെ അങ്ങനെ ചെയ്യണം (കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ലോകദിനാചരണത്തിനുള്ള സന്ദേശം - 2014)

കുടിയേറ്റത്തിന്റെ ആഗോളവത്കരണത്തോട് പരസ്നേഹത്തിന്റെയും സഹകരണത്തിന്റെയും ആഗോളവത്കരണംകൊണ്ട് പ്രത്യുത്തരിക്കുക അത്യാവശ്യമാണ്. കുടിയേറ്റക്കാരുടെ അവസ്ഥ കൂടുതൽ മാനുഷികമാക്കാനാണത്. അതേസമയം ജനതകളെ മുഴുവനും മാതൃരാജ്യം വിട്ടുപോകാൻ നിർബന്ധിക്കുന്ന യുദ്ധമോ ദാരിദ്ര്യമോ മൂലം പലപ്പോഴും ഉണ്ടാകുന്ന അവസ്ഥകളെ ലഘൂകരിക്കുമെന്ന് ഉറപ്പുവരുത്തുന്ന കൂടുതൽ പരിശ്രമങ്ങളും ആവശ്യമാണ്.

കുടിയേറ്റക്കാരും അഭയാർത്ഥികളുമായുള്ള ഐക്യദാർഢ്യം ധീരതയോടും സർഗാത്മകതയോടും കൂടിയതായിരിക്കണം. ലോകവ്യാപകമായ തലത്തിൽ കൂടുതൽ നീതിപൂർവകവും

സമത്വപൂർണവുമായ സാമ്പത്തികക്രമമുണ്ടാകാൻ അത് അത്യാവശ്യമാണ്. സമാധാനത്തോട് വർധമാനമായ സമർപ്പണവും ഉണ്ടാകണം. യഥാർത്ഥമായ സകലവിധ പുരോഗതിക്കും അത് അത്യാവശ്യ വ്യവസ്ഥയാണ്.

പ്രിയ കുടിയേറ്റക്കാരേ, അഭയാർത്ഥികളേ, സഭയുടെ ഹൃദയത്തിൽ നിങ്ങൾക്കു സവിശേഷസ്ഥാനമുണ്ട്. ഹൃദയം വികസിപ്പിക്കാനും മുഴുവൻ മനുഷ്യകുടുംബത്തിലേക്കും മാതൃത്വം വെളിപ്പെടുത്താൻ നിങ്ങൾ സഭയെ സഹായിക്കുന്നു. നിങ്ങളുടെ വിശ്വാസവും പ്രത്യാശയും നഷ്ടപ്പെടുത്തരുത്! ഈജിപ്തിലേക്ക് ഓടിപ്പോകേണ്ടിവന്ന തിരുക്കുടുംബത്തെക്കുറിച്ച് നമുക്കു ഓർമ്മിക്കാം. ദൈവം തങ്ങളെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്ന വിശ്വാസം കന്യാകാമറിയത്തിന്റെ മാതൃഹൃദയവും വിശുദ്ധ യൗസേപ്പിന്റെ കരുണനിറഞ്ഞ ഹൃദയവും സജീവമായി സൂക്ഷിച്ചു. അതുപോലെ നിങ്ങളിലും കർത്താവിലുള്ള ആ പ്രത്യാശ ഒരിക്കലും ഇല്ലാതാകരുത്. ഞാൻ നിങ്ങളെ അവരുടെ സംരക്ഷണയ്ക്ക് ഏല്പിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും ഹൃദയപൂർവം എന്റെ അപ്പസ്തോലികാശീർവാദം നല്കുകയും ചെയ്യുന്നു.

വത്തിക്കാനിൽ നിന്ന് 3 സെപ്തംബർ 2014

ഫ്രാൻസിസ് മാർപാപ്പ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025/ 31.12.2014/Ref: 2834/K 35/OL/KCBC/DS

# സർക്കുലർ

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ !

മനുഷ്യകുലത്തിന്റെ സുസ്ഥിതിക്കും ഭാവിക്കുമായി ദൈവം സ്ഥാപിച്ച നിർണ്ണായകവും അമൂല്യവുമായ കുടുംബത്തെക്കുറിച്ച് വിചിന്തനം നടത്താൻ 2014 ഒക്ടോബർ 5 മുതൽ 19 വരെ റോമിൽ വച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ ഒരു അസാധാരണ സിനഡ് നടന്നത് മാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞ കാര്യമാണല്ലോ. ഇന്നത്തെ കുടുംബത്തെ അതിന്റെ സർവ്വ സങ്കീർണ്ണതകളോടും പ്രകാശങ്ങളോടും നിഴലുകളോടും കൂടി നോക്കിക്കാണുക, കുടുംബത്തെക്കുറിച്ച് നാളിതുവരെ സഭയ്ക്കുലഭിച്ച വെളിപാടുകളെയും പ്രബോധനങ്ങളെയും മനസ്സിലാക്കുക, കുടുംബത്തോടുള്ള സഭയുടെയും സമൂഹത്തിന്റെയും സമർപ്പണത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ എപ്രകാരമാണ് നവീകരിക്കാൻ സാധിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അസാധാരണ സിനഡ് സമ്മേളിച്ചത്.

സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹത്തിലെ പവിത്രമായ കൗദാശികബന്ധത്തിന്റെ മഹത്വത്തിനു കോട്ടം വരുത്തുന്ന സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നതായി സിനഡ് വിലയിരുത്തി. വിവാഹ മോചനം, വിവാഹപൂർവ്വ ലൈംഗികത, മിശ്രവിവാഹം, വിവാഹേതര കൂടിത്താമസം തുടങ്ങിയവ കുടുംബബന്ധത്തിന്റെ പവിത്രതയ്ക്കു സാരമായ ഭംഗം വരുത്തുന്നുണ്ട്. കുട്ടികളെ വളർത്താനുള്ള പ്രയാസത്തിന്റെയും പുതിയ ജീവനെ സ്വാഗതം ചെയ്യാനുള്ള വൈമുഖ്യത്തിന്റെയും വാർദ്ധക്യത്തിലെത്തിയവരെ ഭാരമായി കരുതുന്ന ശൈലിയുടെയും ഒരു പ്രതിലോമ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ രൂപപ്പെട്ടുവരുന്നത് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുമെന്നും സിനഡ് നിരീക്ഷിക്കുകയുണ്ടായി. വിവാഹബന്ധത്തിനു വെളിയിൽ ജനിക്കുന്ന കുഞ്ഞുങ്ങളും വിവാഹമോചനം നേടിയ ദമ്പതികളുടെ കുഞ്ഞുങ്ങളും സാമൂഹികവും ആത്മീയവുമായി അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ഭീതിദമാണ്. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളും കുടുംബഭദ്രതയിൽ ആശങ്ക ഉളവാക്കുന്നതാണ്.

സങ്കീർണ്ണമായ ഈ പ്രതിസന്ധികൾക്കെല്ലാമുള്ള ഉത്തരം മനുഷ്യാവതാരം ചെയ്ത ഈശോയിലേക്കു തിരിയുക എന്നതു മാത്രമാണെന്ന് പരി. പിതാവ് സിനഡിലെ തന്റെ

ആമുഖപ്രബോധനത്തിൽ ചൂണ്ടിക്കാട്ടി. ദൈവം യോജിപ്പിച്ച ബന്ധമാകയാൽ വിവാഹബന്ധം അഭേദ്യവും അലംഘനീയവുമാണ് (മത്താ 19:6) എന്ന ഈശോയുടെ കാഴ്ചപ്പാടാണ് തിരുസ്സഭയുടെ വിവാഹദർശനത്തിന്റെ കാതൽ. ഈ കാഴ്ചപ്പാടനുസരിച്ച് ദമ്പതികൾ അന്യോന്യം ദാനമായിട്ടല്ല ദൈവദാനമായിട്ടാണ് മനസ്സിലാക്കേണ്ടത്. കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി ആദ്യമായി വെളിപ്പെട്ടത് ആദിമാതാപിതാക്കളുടെ പറുദീസായിലെ കുടുംബത്തിലാണ്. ഫലപുഷ്ടിയുള്ളവരായി വർദ്ധിക്കുവാനുള്ള കൃപയും ദൈവം അവർക്കു നല്കി (ഉത്പത്തി 1:28). ദമ്പതികൾ ഒറ്റ ശരീരമായിത്തീരാനുള്ള ഈ ദൈവികാഹ്വാനത്തിന് ഭംഗം വന്നത് പാപം മൂലമാണ്. എവിടെയാണോ സ്വാർത്ഥപരമായ പാപം വർദ്ധിക്കുന്നത് അവിടെയാണ് വിവാഹവും കുടുംബജീവിതവും അപകടത്തിലാകുന്നത് എന്ന സനാതനമായ സന്ദേശമാണ് വിശുദ്ധഗ്രന്ഥം നല്കുന്നത്.

ഭദ്രമായ കുടുംബങ്ങളാണ് സഭയുടെ യഥാർത്ഥ അടിത്തറ എന്നതിനാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ ഗാർഹിക സഭ എന്നാണ് വിളിക്കുന്നത് ( LG, 11). 2014-ലെ സിനഡിന്റെ മാർഗ്ഗരേഖ പ്രസ്താവിക്കുന്നതുപോലെ, സഭയൊന്നാകെ വിവാഹിതരായ ദമ്പതികളിലേക്ക് പ്രത്യാശയോടെ ഉറ്റുനോക്കുകയാണ്. ദമ്പതികളാകട്ടെ ഈശോയിലേക്കും ഉറ്റുനോക്കുന്നു. മനുഷ്യവംശത്തിന്റെ കൂട്ടായ്മയ്ക്കും നിലനില്പിനും കുടുംബം അടിസ്ഥാനപരമായ അനിവാര്യതയാണ് (LM, 22).

മാതാവും ഗുരുനാഥയുമായ സഭ മാമ്മോദീസ സ്വീകരിച്ചവരുടെ വിവാഹത്തെമാത്രമാണ് അലംഘനീയമായ കൗദാശികബന്ധമായി പരിഗണിക്കുന്നത്. ഇതിനെ ലംഘിക്കുന്ന സകല മാനുഷിക ഇടപെടലുകളും തെറ്റാണെന്ന് സഭയ്ക്ക് ഉത്തമബോധ്യമുണ്ട്. എന്നാൽ വിവാഹമോചനം, മിശ്രവിവാഹം, കൂടിത്താമസം തുടങ്ങിയ വിവിധ പ്രതിസന്ധികളാൽ വിശ്വാസയാത്രയിൽ ക്ലേശിക്കുന്ന തന്റെ മക്കളുടെ ദൗർബല്യത്തെക്കുറിച്ച് സഭാമാതാവിന് വേദനയുമുണ്ട്.

2014-ലെ സിനഡിലെ ചർച്ചകളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ മാർഗ്ഗരേഖയാണ് 2015 ഒക്ടോബർ 4 മുതൽ 25 വരെയുള്ള മെത്രാൻസിനഡിന്റെ ഒരുക്കരേഖയായി പരി. പിതാവ് നിർദ്ദേശിച്ചിരിക്കുന്നത്. 'കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും ആനുകാലിക ലോകത്തിലും' എന്നതാണ് 2015 ലെ സാധാരണ സിനഡിന്റെ പ്രമേയം. ഈ സിനഡിൽ സാർവ്വത്രികസഭയിലെ മുഴുവൻ അംഗങ്ങളുടെയും ആശയങ്ങളും അഭിപ്രായങ്ങളും പ്രതിഫലിക്കണം എന്നതാണ് പരി. പിതാവിന്റെ ആഗ്രഹം. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനായി സിനഡിന് ഒരുക്കമായുള്ള മാർഗ്ഗരേഖ സഭയുടെ എല്ലാ തലങ്ങളിലും ചർച്ച ചെയ്യേണ്ടതുണ്ട്. ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ സമഗ്രമായ ചർച്ചകൾ നടത്തി രൂപതാതല റിപ്പോർട്ട് ക്രോഡീകരിച്ച് മാർച്ച് 20 ന് മുൻപായി സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിലെ കാര്യാലയത്തിലേക്ക് അയച്ചുതരണം. കൂടാതെ മാർച്ച് 24-ാം തീയതി മൗണ്ട് സെന്റ് തോമസിൽ വച്ച് കുടുംബത്തെക്കുറിച്ച് സഭാതല പഠനസമ്മേളനവും നടത്തുന്നുണ്ട്.

സന്യാസസമൂഹങ്ങളും ഈ വിഷയം ചർച്ച ചെയ്ത് സമൂഹതലത്തിലുള്ള റിപ്പോർട്ട് പ്രസ്തുത തീയതിക്കു മുൻപായി സഭാകാര്യാലയത്തിൽ ഏല്പിക്കണം. കാരണം, സീറോ മലബാർ സഭയിലെ മുഴുവൻ രൂപതകളുടെയും സന്യാസഭവനങ്ങളുടെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഏപ്രിൽ ആദ്യവാരത്തിൽ റോമൻ കൂരിയായിൽ സമർപ്പിക്കേണ്ടതാണ്.

നമ്മുടെ രക്ഷക്കായി നസ്രത്തിലെ തിരുക്കുടുംബത്തിൽ അവതരിക്കുകയും ദൈവപിതാവിന്റെ വലിയ കുടുംബത്തിലെ മക്കളാക്കി നമ്മെ ഉയർത്തുകയും ചെയ്ത ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് എല്ലാ കുടുംബങ്ങളെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

കർദ്ദിനാൾ ജോർജ് ആലഞ്ചേരി,

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് ജനുവരി മാസം 18 -ാം തിയതി നൽകപ്പെട്ടത്.

*NB: ഈ സർക്കുലർ 2015 ഫെബ്രുവരി മാസം 8 -ാം തിയതി ഞായറാഴ്ച (അല്ലെങ്കിൽ സൗകര്യപ്രദമായ മറ്റൊരു ഞായറാഴ്ച) കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

# 2015 ഫെബ്രുവരി 8
# തിരുബാലസഖ്യദിനം

## കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കൻമാരേ, സഹോദരീസഹോദരൻമാരേ, കുഞ്ഞുമക്കളേ,

1. ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് എല്ലാവർഷവും തിരുബാലസഖ്യദിനമായി ആഗോളകത്തോലിക്കാസഭ ആചരിക്കുന്നത്. ബാല്യം മുതലേ ഈശോ മാതാപിതാക്കൻമാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെയെല്ലാം പരിചിന്തനത്തിനു വിധേയമാകണം.

2. നസ്രത്തിൽ യൗസേപ്പുപിതാവും പരിശുദ്ധകന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കൻമാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

3. കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾ പോലെയാകണം. മാതാപിതാക്കൻമാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢമായ സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥ

നയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

4. ഇനി ഒരു സമർപ്പണ ചിന്തയാണ്. വളർത്തുന്നവൻ ദൈവമാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടു ചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവ ത്തിലുള്ള കൂടുതലായ ആശ്രയ ബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചുകാണി ക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം.

5. ഓരോകുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കു വാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷ മോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് ഈ തിരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തുന്നത്. സമാധാന പൂർണ്ണവും സർഗ്ഗാത്മകവുമായ ഭാവിക്ക് ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻമാരും മുന്നോട്ടുവരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞങ്ങൾ ദൈവം തന്ന ദാനമാണ് എന്ന തിരി ച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളി യേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

6. കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട

മേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൻമാർ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്.

7. വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലീടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. തങ്ങളെത്തന്നെ എല്ലാവർക്കും വെളിപ്പെടുത്തുക വഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇരയാവുകയാണ്. ഈ മേഖലയിൽ മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. സോഷ്യൽ മീഡിയയിലൂടെയും ടെലിഫോൺ ഉപയോഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കുവാനും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കൻമാരും ശ്രദ്ധിക്കണം.

8. സാമുദായിക സ്പർദ്ധയും, വർഗ്ഗീയവാദവും, തീവ്രവാദവും, ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയംനടിച്ച് പ്രലോഭിപ്പിച്ചും മതംമാറുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതീയുവാക്കളെയും കടത്തിക്കോണ്ടു പോകുന്ന സാഹചര്യങ്ങളെയും കൂട്ടുന്നു. കത്തോലിക്കവിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുസമതയിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതാണ്.

9. സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും തെറ്റിക്കുന്നതുമായ മേഖലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയരോടും ചേർന്ന്നിൽക്കുക, പ്രവർത്തിക്കുക അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടേയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട്

സ്നേഹവും പരിഗണനയും ഉള്ളവരുമായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാമാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

10. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം.പീഠത്തിൻ മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025/10.01.2015/Ref: 2835/K 35/OL/KCBC/DS

NB: 2015 ഫെബ്രുവരി 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

ഫെബ്രുവരി 1 : **ദനഹാ നാലാം ഞായർ**
2 : നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ)
4 : വി. ജോൺ ബ്രിട്ടോ
6 : ആദ്യവെള്ളി
8 : **ദനഹാ അഞ്ചാം ഞായർ**
11 : ലൂർദ്ദ് മാതാവ് (രോഗീദിനം)
15 : **നോമ്പ് ഒന്നാം ഞായർ**
ഇന്ന് പാതിരാമുതൽ നോമ്പാരംഭം
16 : വിഭൂതി (ഉപവാസദിനം)
22 : **നോമ്പ് രണ്ടാം ഞായർ**
23 : വി. പൊലിക്കാർപ്പ്

**2. ഫെബ്രുവരി മാസത്തെ പരിപാടികൾ**

ഫെബ്രുവരി 04 : വൈദികരുടെ സ്ഥലമാറ്റം
10 : 07:30 pm സാമ്പത്തിക സമിതിയോഗം
17 : 10:00 am വൈദിക മാസധ്യാനം
26 : 10:00 am ആലോചനസമിതിയോഗം

**3. നോമ്പുകാലം**

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. പ്രത്യക്ഷവത്കരണകാലത്തിനും ഉയിർപ്പുതിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതുദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലഘട്ടത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണയായി 'അമ്പതുനോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക. മാർതോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പു തിരുനാൾവരെ നോമ്പു നോക്കിയിരുന്നതാകാം 'അമ്പതുനോനോമ്പ്' എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'തിരിഞ്ഞു നോക്കൽ' 'അനുരഞ്ജനം' എന്നൊക്കെയാണ്. അനുതാപത്തിനും അനുരഞ്ജനത്തിനുമായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന സമയമാണല്ലോ നോമ്പുകാലം.

മാമ്മോദീസാവഴി ദൈവമക്കളും പുതിയ മനുഷ്യരുമായിത്തീർന്ന നാം പാപം വഴി ദൈവത്തിൽനിന്നകന്നു. മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ആവശ്യകതയും, അനുതപിക്കുന്ന പാപികളോടു ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്.ദൈവവുമായും മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജന കൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക.

പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്ത്, തീഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മപ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്കു പ്രവേശിച്ച ഈശോയെപ്പോലെ നമുക്ക് പാപത്തിനു മരിച്ച് നിത്യജീവിതത്തിലേക്ക് പ്രവേശിക്കാം.

**4. നോമ്പാരംഭത്തിലെ വൈദികർക്കുള്ള പൊതുവായ മാസധ്യാനം :**

വൈദികരുടെ പുതുവർഷത്തിലെ ആദ്യത്തെ പൊതു മാസധ്യാനം 2015 ഫെബ്രുവരി 17-ന് ചൊവ്വാഴ്ച ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നതാണ്. കാലത്ത് 10 മണിക്ക് ധ്യാനം ആരംഭിക്കും. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**5. വലിയ നോമ്പ് :**

2015 ഫെബ്രുവരി 15 ഞായറാഴ്ച അർദ്ധരാത്രി മുതൽ വലിയനോമ്പാരംഭിക്കും. നോമ്പുകാലത്തെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ആത്മീയ നവീകരണത്തിന്റെയും കാലഘട്ടമാക്കി മാറ്റാൻ ശ്രദ്ധിക്കുമല്ലോ. നോമ്പുകാലത്തെ പ്രത്യേക പരിപാടികൾ :

| | |
|---|---|
| 16.02.2015 : | വിഭൂതി തിങ്കൾ : ഉപവാസദിനം<br>വ്രതാരംഭ കൂട്ടായ്മ |
| 17.02.2015 : | വൈദിക മാസ ധ്യാനം |
| 22.03.2015 : | പാലയൂർ മഹാതീർത്ഥാടനം |
| 29.03.2015 : | ഓശാന ഞായർ |
| 30.03.2015 : | സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ |
| 02.04.2015 : | പെസഹാവ്യാഴം |
| 03.04.2015 : | പീഡാനുഭവവെള്ളി : ഉപവാസദിനം |
| 05.04.2015 : | ഉയിർപ്പ് തിരുനാൾ |

**6. വിവാഹാഘോഷം മുടക്ക് :**

2015 ഫെബ്രുവരി 15 ഞായറാഴ്ച അർദ്ധരാത്രി മുതൽ ഉയിർപ്പുതിരുനാൾ വരെ വിവാഹത്തിന് മുടക്കമായിരിക്കും. ഈ വിവരം ബഹു. വൈദികർ വിശ്വാസികളെ നേരത്തെകൂട്ടി ഓർമ്മിപ്പിക്കേണ്ടതാണ്.

**7. പാലയൂർ മഹാതീർത്ഥാടനം :**

2015 മാർച്ച് 22നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**8. സമർപ്പിത വിശുദ്ധീകരണദിനം :**

2015 മാർച്ച് 30-ാം തീയതിയാണ് ഈ വർഷത്തെ സമർപ്പിത വിശുദ്ധീകരണദിനം. അതിരൂപതയിലെ മുഴുവൻ വൈദികരും സമർപ്പിതരും അന്നത്തെ പരിപാടികളിൽ പൂർണ്ണമായും പങ്കെടുക്കേണ്ടതാണ്. അന്നേദിവസം കാലത്ത് 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ ലൂർദ്ദ് കത്തീഡ്രലിൽ സമർപ്പിതരുടെ പ്രാർത്ഥനാ ഉപവാസദിനമായി ആചരിക്കുന്നു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന വി. കുർബ്ബാന മദ്ധ്യേ മൂറോൻ കൂദാശ നടത്തുന്നതാണ്. വെഞ്ചിരിച്ച സൈത്ത് പള്ളികളിലേക്കും സ്ഥാപനങ്ങളിലേക്കും ലഭിക്കുന്നതാണ്.

**9. വൈദികരുടെ നിയമനം :**

| | | |
|---|---|---|
| 1. ഫാ. വിൽജോ നീലങ്കാവിൽ OFM.Cap. | - | മൂന്നാം അസ്തേന്തി പാവറട്ടി; സാധുത 2014 ഡിസംബർ 13 വരെ. |
| 2. ഫാ. ടോം വേലൂക്കാരൻ | - | പ്രഥമ പ്രോ-വികാരി കിഴക്കാളൂർ; സാധുത 2015 ജനുവരി 1 മുതൽ. |
| 3. ഫാ. തട്ടിൽ ആന്റോ MST | - | വികാരി ചെമ്മണ്ണൂർ ഒഴിവായി; സാധുത 2015 ജനുവരി 1 മുതൽ. |
| 4. ഫാ. ജോൺസൻ അരിമ്പൂർ | - | നടത്തുവികാരി ചെമ്മണ്ണൂർ; സാധുത 2015 ജനുവരി 1 മുതൽ. |
| 5. ഫാ. ആന്റോ ചുങ്കത്ത് | - | പ്രീസ്റ്റ് ഇൻ ചാർജ്ജ് വെള്ളക്കാരിത്തടം; സാധുത 2014 നവംബർ 17 മുതൽ. |
| 6. ഡീ. ജോർജ്ജ് നടുവിലക്കിഴക്കേൽ MST | - | ഡീക്കൻ മിനിസ്ട്രി മരോട്ടിച്ചാൽ ; |

സാധുത 2014 ഡിസംബർ 15 മുതൽ 2015 മാർച്ച് 15 വരെ.

7. ഡീ. ജോസഫ് അരിമറ്റത്തിൽ MST – ഡീക്കൻ മിനിസ്ട്രി ഒല്ലൂർ ; സാധുത 2014 ഡിസംബർ 15 മുതൽ 2015 മാർച്ച് 15 വരെ.

**13. പ്രത്യേക അനുവാദങ്ങൾ :**

1. വി. ചാവറ കുരിയാക്കോസ് ഏലിയാസ് അച്ചന്റെ വിശുദ്ധപദവി പ്രഖ്യാപനത്തോടനുബന്ധിച്ച് ജറുസലേം ധ്യാനകേന്ദ്രത്തിൽ ചാവറ സ്മൃതി മണ്ഡപം സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2445/ 2014).
2. കണ്ണാറ ഇടവകപള്ളിക്ക് മുൻവശത്തായി ഗ്രോട്ടോ പണിയുന്നതിന് അനുവാദം (കല്പനനമ്പർ 2447/2014).
3. കോടന്നൂർ ഇടവകപള്ളിയുടെ മദ്ബഹാ നവീകരണത്തിന് അനുവാദം (കല്പനനമ്പർ 2448/2014).
4. ഏങ്ങണ്ടിയൂർ ഇടവകപള്ളിയുടെ മുറ്റം ടൈൽസ് വിരിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2449/2014).
5. കിഴക്കേ ആളൂർ മറിയം ത്രേസ്യ കുരിശുപള്ളിയുടെ മുറ്റം ടൈൽസ് വിരിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2450/2014).
6. സെന്റ് ഫിലിപ്പ് നേരി സന്യാസിനീസമൂഹത്തിന് കാരമുക്ക് ഇടവകയിൽ വൃദ്ധസദനം തുടങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 2456/2014).
7. സി. എസ്. എം. സന്യാസിനീസമൂഹത്തിന്റെ ലൂർദ്ദ്നാഥ പ്രോവിൻസിന്റെ കീഴിൽ ചേലകോട്ടുകരയിൽ കോൺവെന്റും സോഷ്യൽ സെന്ററും പണിയുന്നതിനുള്ള അനുവാദം (കല്പനനമ്പർ 2457/2014).
8. വരന്തരപ്പിള്ളി കിഴക്ക് ഇടവകയിൽ കുന്നത്തുപാടത്ത് കപ്പേള നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2484/2014).
9. പുതുക്കാട് ഇടവകയുടെ തൊറവ് കുരിശുപള്ളിയോടനുബന്ധിച്ച് പുതിയ വൈദികമന്ദിരവും പാരിഷ് ഹാളും നിർമ്മിക്കുന്നതിനു അനുവാദം (കല്പനനമ്പർ 2485/2014).
10. ബഹു. നെറ്റിക്കാടൻ ഡേവിഡ് അച്ചന്റെ "ബൈബിളും കേരളവും" എന്ന പുസ്തകത്തിന് പ്രസിദ്ധീകരണാനുമതി (കല്പനനമ്പർ 2486/2014).
11. എസ്. എൽ. എം. ഐ. സന്യാസിനീസമൂഹത്തിന്റെ ജനറൽ സിനാക്സിസ് റിപ്പോർട്ടിന് അംഗീകാരം (കല്പനനമ്പർ 2502/2014).
12. അഞ്ചേരി സെന്റ് മേരീസ് പള്ളിവകസ്ഥല കൈമാറ്റത്തിന് അനുവാദം (കല്പനനമ്പർ 2506/2014).
13. എസ്. എസ്. ജെ. ഡബ്ല്യു. സന്യാസിനീസമൂഹത്തിന്റെ പീച്ചി ഇടവകാതിർത്തിയിൽ പണിതീർത്ത ഭവനം ആശീർവദിക്കുന്നതിനും

അവിടെ വി. കുർബാന സൂക്ഷിക്കുന്നതിനും വി. യൗസേപ്പിതാവിന്റെ രൂപം സ്ഥാപിക്കുന്നതിനും അനുവാദം (കല്പനനമ്പർ 2520/2014).

14. കണ്ണാറ ഇടവകാതിർത്തിയിൽ മണ്ടൻചിറ പ്രദേശത്ത് കപ്പേള നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2521/2014).
15. നടത്തറ ഇടവക സെമിത്തേരിയിൽ പൊതുകല്ലറകൾ നിർമ്മിക്കുന്നതിനും പള്ളിയുടെ മുൻവശത്ത് ഗാഗുൽത്താ, പിയാത്ത, കൽക്കുരിശ്, കൊടിമരം എന്നിവ സ്ഥാപിക്കുന്നതിനും അനുവാദം (കല്പനനമ്പർ 2522/2014).
16. അരണാട്ടുകര ഇടവക സെമിത്തേരിയിൽ കല്ലറകൾ നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2523/2014).
17. ചെങ്ങാലൂർ ഇടവക തിരുനാളിന്റെ പ്രദക്ഷിണവഴി നീട്ടി പ്രാർത്ഥനാ പ്രദക്ഷിണമായി നടത്തുന്നതിന് അനുവാദം (കല്പനനമ്പർ 2525/2014).
18. ഒ. ആർ. സി. സന്യാസസമൂഹത്തിന് തിരുവില്ല്വാമല ഇടവകാതിർത്തിയിൽ സന്യാസഭവനം തുടങ്ങുന്നതിന് അനുമതി (കല്പനനമ്പർ 2527/2014).
19. പുത്തൂർ ഇടവകയിലെ സ്ഥിരം കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 2558/2014).
20. പാറേമ്പാടം ഇടവകദൈവാലയ പുനരുദ്ധാരണപണികൾക്ക് അനുവാദം (കല്പനനമ്പർ 2559/2014).
21. എഫ്. എസ്. എസ്. എച്ച്. സന്യാസിനീസമൂഹത്തിന് തലോർ ഇടവകാതിർത്തിയിൽ ഭവനം തുടങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 2565/2014).
22. ആറ്റുപുറം ഇടവകയിൽ മതബോധനത്തിനായി താത്കാലിക ഷെഡ് നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2567/2014).
23. പ്രേഷിതാരാം സന്യാസിനീസമൂഹത്തിന്റെ വെള്ളാറ്റഞ്ഞൂർ ഇടവകാതിർത്തിയിൽ പണിതീർത്ത മഠത്തിന്റെയും വൃദ്ധസദനത്തിന്റെയും ആശീർവാദകർമ്മം നടത്തുന്നതിനും ടി. ഭവനത്തിൽ വി. കുർബാന സൂക്ഷിക്കുന്നതിനും അനുവാദം (കല്പനനമ്പർ 2605/2014).

തെരട്ട്

1. അതിരൂപത ടീച്ചേഴ്സ് ഗിൽഡിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2466/2014).
2. മേരിമാത സെമിനാരിയൻസ് ട്രസ്റ്റിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2476/2014).
3. മേരിമാത മേജർ സെമിനാരിയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2477/2014).
4. തിരുവില്ല്വാമല സെന്റ് പോൾ ഗുരുകുലത്തിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2478/2014).

5. തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2500/2014).

6. ചിയ്യാരം ചൈതന്യ കൗൺസിലിംഗ് സെന്ററിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2537/2014).

7. തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധസമിതിയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2538/2014).

8. തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2570/2014).

9. സെന്റ് തോമസ് കോളേജ് ഹോസ്റ്റലിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2571/2014).

10. സെന്റ് തോമസ് എജുക്കേഷൻ സെന്ററിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2572/2014).

11. TIMHANS പെരിങ്ങണ്ടൂരിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2573/2014).

**2013-14 വർഷത്തിലെ കൈക്കാരന്മാർ (തുടർച്ച):**

| | |
|---|---|
| ചെങ്ങാലൂർ | തോട്ടാൻ ലോനപ്പൻ ജോണി |
| | വിരുത്തക്കപറമ്പിൽ കുഞ്ഞുവറീത് പോളി |
| | പൂവ്വത്തൂക്കാരൻ ചെറിയ സേവ്യർ |
| | തോട്ട്യാൻ ലോനക്കുട്ടി റാഫേൽ |
| ക്രൈസ്റ്റ്നഗർ (ചെങ്ങാലൂർ) | വെല്ലപ്പാടി ദേവസ്സി ഷോബി |
| | അരങ്ങത്തുപറമ്പിൽ ചാക്കുണ്ണി ജോസഫ് |



**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

## കിഴക്കാളൂർ ക്വാസി-ഇടവക സ്ഥാപനഡിക്രി

കല്പന നമ്പർ : 2560/2014 (DL 2/2014), തിയതി 20122014

ആളൂർ, കിഴക്കാളൂർ എന്നീ ഇടവകകളുടെ ബഹു. വികാരിമാർക്കും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം.

സൂചന:

1. കിഴക്കാളൂർ ഇടവകരൂപീകരണം സംബന്ധിച്ച് യോഗതീരുമാനപ്രകാരമുള്ള 29-03-2014 ലെ അപേക്ഷ
2. അതിരൂപതാ വൈദിക സമിതിയുടെ 11-09-2014 ലെ ശിപാർശ
3. കിഴക്കാളൂർ ഇടവകയെ സംബന്ധിച്ച് അതിരൂപതാ അതിർത്തിനിർണ്ണയ സമിതിയുടെ 1-7-2014 ലെ അതിർത്തിനിർണ്ണയ റിപ്പോർട്ട്
4. അതിർത്തിനിർണ്ണയ സമിതിയുടെ നിർദ്ദേശങ്ങളെക്കുറിച്ച് ബഹു. വികാരിയുടെയും കൈക്കാരന്മാരുടെയും റിപ്പോർട്ട്
5. കിഴക്കാളൂർ ഇടവകരൂപീകരണം സംബന്ധിച്ച് 18-09-2014 ലെ പരസ്യപ്പെടുത്തൽ
6. കിഴക്കാളൂർ ഇടവകാതിർത്തിയെ സംബന്ധിച്ച് ബഹു. ആളൂർ ഇടവക വികാരിയുടെ 29-09-2014 ലെ റിപ്പോർട്ട്
7. കിഴക്കാളൂർ ഇടവകാതിർത്തിയെ സംബന്ധിച്ച് ബഹു.എടക്കളത്തൂർ ഇടവക വികാരിയുടെ 07-10-2014 ലെ റിപ്പോർട്ട്
8. കിഴക്കാളൂർ ഇടവകാതിർത്തിയെ സംബന്ധിച്ച് ബഹു. എരനെല്ലൂർ ഇടവക വികാരിയുടെ 09-10-2014 ലെ റിപ്പോർട്ട്
9. കിഴക്കാളൂർ ഇടവക രൂപീകരണത്തെ സംബന്ധിച്ച് പെ. ബഹു. മറ്റം ഫൊറോന വികാരിയുടെ 10-12-2014 ലെ റിപ്പോർട്ട്
10. ആളൂർ, കിഴക്കാളൂർ എിവിടങ്ങളിലെ ബഹു. വികാരിയുടെയും കൈക്കാരന്മാരുടെയും 15-11-2014ലെ മീറ്റിംഗിലെ തീരുമാനങ്ങൾ.

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ ആളൂർ ഇടവകയുടെ ഭാഗമായിരുന്ന കിഴക്കാളൂർ വാഴ്ത്തപ്പെട്ട മറിയംത്രേസ്യ പള്ളിയെ കേന്ദ്രീകരിച്ചു താഴെപ്പറയുന്ന അതിർത്തിക്കുള്ളിലുള്ള സീറോ മലബാർ കത്തോലിക്കാസമൂഹത്തെ 2015 ജനുവരി മാസം 1-ാം തിയതി മുതൽ ഒരു ക്വാസി ഇടവകയായും കിഴക്കാളൂർ വാഴ്ത്തപ്പെട്ട മറിയംത്രേസ്യ പള്ളിയെ ടി. ക്വാസി ഇടവകയുടെ ഇടവകപ്പള്ളിയായും ഇതിനാൽ ഉയർത്തിയിരിക്കുന്നു.

**കിഴക്കാളൂർ ക്വാസി-ഇടവകയുടെ അതിർത്തികൾ**

കിഴക്ക്: കിഴക്കാളൂർ പള്ളിയിൽ നിന്നും ആളൂർ-കേച്ചേരി റോഡിലൂടെ ഏകദേശം 700 മീറ്റർ മുന്നോട്ടുപോയി ചൂണ്ടൽ പഞ്ചായത്ത് ആരംഭിച്ച് കഴിഞ്ഞുള്ള ചെറിയ തോടിന്റെ പാലം വരെ ടി. റോഡിന്റെ ഇരുവശവും കിഴക്കാളൂർ ഇടവകയിൽപ്പെടുന്നു. അവിടെ നിന്നും ശ്രീ. പുഴങ്ങരഇല്ലത്ത് കുഞ്ഞിഖാദർ മകൻ മുത്തുവിന്റെ വീടിന്റെ കിഴക്കു വശത്തുകൂടി ഒഴുകു തോടുവഴി വടക്കോട്ടു പോയി പെരുമണ്ണ് ചിറയിൽ എത്തിചേരുന്നു. ഈ തോടിന്റെ ഇടതുവശം (പടിഞ്ഞാറുഭാഗം) കിഴക്കാളൂർ ഇടവകയിലും തോടിന്റെ കിഴക്കേഭാഗം എരനെല്ലൂർ ഇടവകയിലും ഉൾപ്പെടുന്നു.

വടക്ക്: പെരുമണ്ണ് ചിറയിൽ നിന്നും പടിഞ്ഞാറോട്ട് ഒഴുകുന്ന തോടുവഴി മുന്നോട്ടുപോയി, ടി. തോട് കേച്ചേരിയിൽ നിന്നും വരുന്ന ആളൂർ പുഴയിൽ സന്ധിക്കുതുവരെ ടി. തോടിന്റെ ഇടതുവശം (തോടിന്റെ തെക്കുഭാഗം) കിഴക്കാളൂർ ഇടവകയിൽ ഉൾപ്പെടുന്നു (തോടിന്റെ വലതുവശം എരനെല്ലൂർ ഇടവക).

പടിഞ്ഞാറ്: മേൽപ്പറഞ്ഞവിധം ടി. തോടും ആളൂർ പുഴയും സന്ധിക്കുന്നതു മുതൽ ആളൂർ പുഴയിലൂടെ ആളൂർ പാലംവരെയും അവിടെനിന്നും പുഴയിലൂടെ തെക്കോട്ട് പോകുമ്പോൾ ആളൂർ പുഴയിൽ ചെറിയ തോട് സന്ധിക്കുന്നതുവരെയും (ആളൂർ-എടക്കളത്തൂർ റോഡിലൂടെ പോകുമ്പോൾ തോളൂർ പഞ്ചായത്ത് ആരംഭിക്കു ചെറിയ തോട് തോടിന് പേര് ഇല്ല) ആളൂർ പുഴ അതിർത്തിയായി ടി. പുഴയുടെ കിഴക്ക്ഭാഗം കിഴക്കാളൂർ ഇടവകയിൽപ്പെടുന്നു.

തെക്ക്: മേൽപ്പറഞ്ഞവിധം ആളൂർ പുഴയിൽ ചെറിയ തോട് സന്ധിക്കുന്നതു മുതൽ ടി. തോടിലൂടെ കിഴക്കോട്ടു പോയി പാടത്തിന്റെ നടുവിലൂടെ പോകുന്ന ആളൂർ-എടക്കളത്തൂർ റോഡിൽ, കണ്ടാണശ്ശേരി-തോളൂർ പഞ്ചായത്ത് വേർതിരിക്കുന്ന ചെറിയ തോടിന്റെ പാലം വരെ തോടിന്റെ വടക്കുഭാഗം കിഴക്കാളൂർ ഇടവക (തോടിന്റെ തെക്ക് ഭാഗം എടക്കളത്തൂർ ഇടവക). അവിടെ നിന്നും തോടുവഴി വടക്കോട്ടു പോയി ആളൂർ-പുത്തൂർ റോഡിൽ കണ്ടാണശ്ശേരി പഞ്ചായത്തും കൈപറമ്പ് പഞ്ചായത്തും വേർതിരിക്കുന്ന തോടിന്റെ പാലം വരെ തോടിന്റെ പടിഞ്ഞാറുഭാഗം കിഴക്കാളൂർ ഇടവക (തോടിന്റെ കിഴക്കുഭാഗം എടക്കളത്തൂർ ഇടവക). അവിടെ നിന്നും പാടത്തിന്റെ നടുവിലൂടെ ഒഴുകുന്ന ചെറിയ തോടിലൂടെ ആളൂർ-കേച്ചേരി റോഡിൽ ചൂണ്ടൽ പഞ്ചായത്തിന്റെ അതിർത്തിയായി വരുന്ന ചെറിയ

തോടിന്റെ പാലത്തിലെത്തുന്നതുവരെ (തോടിന്റെ പടിഞ്ഞാറുഭാഗം കിഴക്കാളൂർ ഇടവക, തോടിന്റെ കിഴക്കുഭാഗം എരനെല്ലൂർ ഇടവക).

മേൽപ്പറഞ്ഞ അതിർത്തികളോടുകൂടിയ ഇടവകയുടെ ഭൂപടം തയ്യാറാക്കി അതിരൂപതാ കാര്യാലയത്തിന്റെ അംഗീകാരം വാങ്ങിയശേഷം ആയതിന്റെ ഒരു കോപ്പി ഇടവക ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതും ഒരു കോപ്പി അതിരൂപതാകാര്യാലത്തിൽ സമർപ്പിക്കേണ്ടതുമാണ്.

അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2014 ഡിസംബർ മാസം 20–ാം തിയതി നൽകപ്പെടുന്നത്.

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ഫാ. റാഫേൽ ആക്കാമറ്റത്തിൽ
ചാൻസലർ

കോപ്പി: പെ. ബഹു. മറ്റം ഫൊറോന വികാരി,
ബഹു. എടക്കളത്തൂർ ഇടവക വികാരി,
ബഹു. എരനെല്ലൂർ ഇടവക വികാരി,

കല്പന നമ്പർ : 2560/2014 (DL 2/2014), തിയതി 20122014

**ആളൂർ, കിഴക്കാളൂർ ഇടവകകളുടെ ബഹു. വികാരിയച്ചനും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം.**

കിഴക്കാളൂർ ക്വാസി–ഇടവക സ്ഥാപനത്തോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. കിഴക്കാളൂർ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ ഇടവക മറ്റം ഫൊറോനയുടെ ഭാഗമായിരിക്കും.
2. കിഴക്കാളൂർ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരിയുണ്ടാകുന്നതുവരെ, കിഴക്കാളൂർ ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിന് മാതൃ ഇടവകയായ ആളൂർ ഇടവക സെമിത്തേരി ഉപയോഗിക്കാൻ കിഴക്കാളൂർ ഇടവകയ്ക്ക് അവകാശം ഉണ്ടായിരിക്കും. ടി സെമി

ത്തേരിയിൽ സ്ഥിരം കല്ലറയുള്ള കിഴക്കാളൂർ ഇടവകക്കാർക്ക് അവയ്ക്കുള്ള അവകാശം അതിരൂപതാ നിയമാവലി പ്രകാരം തുടർന്നും ഉണ്ടായിരിക്കും.

3. കിഴക്കാളൂർ ഇടവക തിരിയുമ്പോൾ, ടി ഇടവകയ്ക്ക് മാതൃ ഇടവകയായ ആളൂർ ഇടവക അതിരൂപതാ നിയമാവലിപ്രകാരം നല്കേണ്ട ആകെ വിഹിതം, അഞ്ചു ലക്ഷം (5,00,000/-) രൂപയാണ്. ഈ ഇനത്തിൽ ഇരുപത്തിയയ്യായിരം (25,000/-) രൂപ ഇതിനകംത്തന്നെ നല്കിയിട്ടുള്ളതിനാൽ ബാക്കി സംഖ്യ നാലു ലക്ഷത്തി എഴുപത്തിയയ്യായിരം (4,75,000/-) രൂപ ആളൂർ ഇടവകയിൽനിന്നു കിഴക്കാളൂർ ഇടവകയ്ക്കു നല്കണമെന്ന് തീരുമാനിച്ചിരിക്കുന്നു. ഈ സംഖ്യയിൽ ഒരു ലക്ഷം രൂപ (1,00,000/-) ഇടവക പ്രഖ്യാപനാവസരത്തിലും ബാക്കി സംഖ്യ ഒന്നിച്ചോ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ, അതായത് 2017 ഡിസംബർ 1ന് മുമ്പ്, 3 ഗഡുക്കളായോ നല്കേണ്ടതാണ്. ഗഡുക്കളായാണ് നൽകുന്നതെങ്കിൽ ഓരോ വർഷവും ഒരു ഗഡു എങ്കിലും നല്കേണ്ടതാണ്.

4. മാതൃ ഇടവകയിൽനിന്നു വിഹിതമായി ലഭിക്കുന്ന സംഖ്യ കിഴക്കാളൂർ ഇടവകയുടെ ഭാവിപ്രവർത്തനങ്ങൾക്കു വരുമാനമുണ്ടാകുന്നവിധം മാത്രം വിനിയോഗിക്കേണ്ടതാണ്.

5. ആളൂർ ഇടവകയുടെ കീഴിലുള്ള സെന്റ് ജോസഫ് എൽ. പി. സ്കൂളിൽ പ്രവേശനത്തിനും നിയമനത്തിനും അടുത്ത 25 വർഷത്തേക്ക് കിഴക്കാളൂർ ഇടവകാംഗങ്ങളെയും പരിഗണിക്കേണ്ടതാണ്.

6. വേലൂക്കാരൻ ബഹു. തോമസ് അച്ചനെ 2015 ജനുവരി 01 മുതൽ കിഴക്കാളൂർ ക്വാസി ഇടവകയുടെ പ്രോ-വികാരിയായി നിയമിക്കുന്നു.

7. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും 2015 ജനുവരി 01 -ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2014 ഡിസംബർ മാസം 20-ാം തിയതി നൽകപ്പെടുന്നത്.

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ഫാ. റാഫേൽ ആക്കാമറ്റത്തിൽ
ചാൻസലർ

*കോപ്പി: പെ. ബഹു. മറ്റം ഫൊറോന വികാരി*




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01 | SUN | | DELHI |
| 02 | MON | Morning | Engaged |
| | | Evening | Vazhakulam |
| 03 | TUE | Morning | Office Work |
| | | Evening | Kappela Blessing, Puduruthy |
| 04 | WED | Morning | Marriage, Nadathara |
| 05 | THU | Afternoon | St. Clares' LP School Navathi Celebration, TCR |
| 06 | FRI | Morning | Peringottukara |
| | | Evening | Engaged |
| 07 | SAT | Morning | Parents' Day, Holy Mass at Minor Seminary, Kachery |
| | | Afternoon | Baptism, Thiroor |
| | | Evening | Angamaly |
| 09 | Mon | Morning | Ordination of Dn. Nijil Chiramel, Panamkuttichira |
| 10 | TUE | Morning | Curia Meeting |
| | | Afternoon | Blessing of Convent, Holy Mass, Vellattanjoor |
| | | Evening | Finance Council |
| 12 | THU | Morning | Holy Mass at Marymatha, Mulayam |
| | | Afternoon | St. Thomas College, TCR |
| 14 | SAT | Morning | DBCLC |
| 15 | SUN | Morning | CHF Generalate, Mannuthy |
| 16 | MON | Morning | Ash Monday, Holy Mass at Lourdes |
| 17 | TUE | | Priests' Recollection |
| 19 | THU | Morning | Holy Mass, CHF, Olari |
| 22 | SUN | Afternoon | Darshana Sabha Archdiocesan Convention, Marathakkara |
| 23-25 | | | Alwaye Seminary Commission |
| 26 | THU | Morning | Consulters' Meeting |
| 27 | FRI | Morning | Holy Mass, Gagultha Retreat Centre |




| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 1 | | | Visit to Ahamedbad |
| 2 | MON | Evening | Parish day-Thaikkattussery |
| 3 | TUE | Evening | Holy Qurbana -Varakkara North |
| 4 | WED | Morning | Engaged |
| 5 | THU | Morning | KST Meeting Aluva |
| 6 | FRI | Morning | Engaged |
| 7-10 | | | Visit to Goa |
| 11 | WED | Morning | Maramon Convention |
| 12 | THU | Morning | Meeting-St. Thomas College |
| 13 | FRI | Evening | Varandarappilly (Pallikkunnu) School |
| 14 | SAT | Morning | Holy Qurbana - Nellankara |
| | | | Jubilee of Samaritan Sisters-Mannuthy |
| | | Evening | Holy Qurbana - Meloor |
| 15 | SUN | Morning | Holy Qurbana - Thaikkattussery |
| | | Evening | Family Association Meeting-Kandassankadavu |
| 16 | MON | Morning | Ash Monday- Basilica |
| 17 | TUE | Morning | Priest's Conference |
| 18 | WED | Noon | Meeting- St. Thomas College |
| 19 | THU | Morning | Engaged |
| 20 | FRI | Evening | Convention- Changanacherry |
| 21-23 | | | Visit to Vijayawada |
| 24 | TUE | Morning | Engaged |
| 25 | WED | Morning | Engaged |
| 26 | THU | Morning | Engaged |
| 27 | THU | Morning | Engaged |
| 28 | | | Apastolic visitation- Nagpur |

# നാളാഗമം

**ഡിസംബർ- 2014**

1. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികകോൺഫ്രൻസിൽ സംബന്ധിച്ചു.
2. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മൗണ്ട് സെന്റ് തോമസിൽ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് മൈസൂരിൽ ബഹു. തോമസ് വാഴപ്പിള്ളി പിതാവിന്റെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.
3. അഭിവന്ദ്യ താഴത്ത് പിതാവ് പാലക്കാട് വച്ചു നടന്ന പ്രോവിൻസ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മഡോണ മൈനർ സെമിനാരിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. വൈകീട്ട് ചിറ്റലപ്പിള്ളി ഇടവകയിൽ വിശ്വാസോത്സവ് ധ്യാനത്തോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് സന്ദേശം നൽകി.
4. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആലോചനസമിതിയോഗത്തിൽ സംബന്ധിച്ചു. വൈകിട്ട് എറവ് ഇടവകയിൽ വിശ്വാസോത്സവ് സമാപനസന്ദേശം നൽകി വി. ബലിയർപ്പിച്ചു. തുടർന്ന് അതിരൂപത ഫിനാൻസ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.
5. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കണ്ടശ്ശാംകടവ് ഇടവകയിൽ ഫാ. ജോസഫ് മുണ്ടശ്ശേരിയുടെ അനുസ്മരണബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പഴുവിൽ ദേവാലയത്തിൽ കൺവെൻഷനോടനുബന്ധിച്ച് സന്ദേശം നൽകി.
6. അഭിവന്ദ്യ താഴത്ത് പിതാവ് വിവാഹ രജത ജൂബിലിയാഘോഷിക്കുന്നവരോടൊത്ത് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വൈകിട്ട് കോട്ടപ്പടി ഇടവകയിൽ വിശ്വാസോത്സവ് സമാപനസന്ദേശം നൽകി.
7. അഭിവന്ദ്യ താഴത്ത് പിതാവ് കണ്ണാറ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

9-11 അഭിവന്ദ്യ താഴത്ത് പിതാവ് കെ. സി. ബി. സി. യിൽ പങ്കെടുത്തു.

10. അഭിവന്ദ്യ തട്ടിൽ പിതാവ് കുരിയച്ചിറ ഇടവകയിൽ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.
12. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.
13. അഭിവന്ദ്യ താഴത്ത് പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് പെരിങ്ങണ്ടൂർ പീസ് ഹോം സന്ദർശിക്കുകയും ചേറൂരിൽ നടത്തിയ 'കരുണാദിന'ത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് ബോൺ നത്താലെ ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു. തുടർന്ന് വരടിയം

പാപ്പനഗറിലെ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ സംബന്ധിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പറവട്ടാനി ഇടവകയിൽ സ്നേഹോത്സവ് ഉദ്ഘാടനം ചെയ്തു. തുടർന്ന് വിവാഹ സുവർണ്ണ ജൂബിലിയാഘോഷിക്കുന്നവരോടൊത്ത് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വൈകിട്ട് മോൺ. ജോർജ്ജ് അക്കരയച്ചന്റെ പൗരോഹിത്യ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു.

15–16 അഭിവന്ദ്യ താഴത്ത് പിതാവ് വൈദികരുടെ ലിവ് & ലേൺ പരിപാടിയിൽ സംബന്ധിച്ചു.

16. അഭിവന്ദ്യ തട്ടിൽ പിതാവ് പറവട്ടാനി പള്ളിയിൽ സ്നേഹോത്സവത്തോടനുബന്ധിച്ച് വചനസന്ദേശം നൽകി.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അരിമ്പൂരിൽ വി. ബലിയർപ്പിച്ച് വൈദികമന്ദിരം ആശീർവദിച്ചു. തുടർന്ന് സെന്റ് തോമസ് കോളേജ് പേട്രൺ ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചക്കുശേഷം സ്നേഹനിധിയുടെ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഇരിങ്ങാലകുട രൂപതയിൽ ചേലൂർ ഇടവകയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മാർ ജോൺ മേനാച്ചേരി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് ലൂർദ്ദ് കത്തീഡ്രലിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കുശേഷം വിയ്യൂർ സെൻട്രൽ ജയിലിൽ പ്രിസൺ മിനിസ്ട്രി ഒരുക്കിയ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകിട്ട് മുല്ലശ്ശേരിയിൽ കണ്ടശ്ശാംകടവ് ഫൊറോന കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. തുടർന്ന് കൊട്ടേക്കാട് ഇടവകയിൽ സ്നേഹോത്സവ് ധ്യാനത്തിന്റെ സമാപനസന്ദേശം നൽകി വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പാലാ കൺവെൻഷനിൽ സംബന്ധിച്ച് വചനസന്ദേശം നൽകി.

20. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ബോൺ നത്താലേക്ക് ഒരുക്കമായുള്ള പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്തു. തുടർന്ന് തൃശ്ശൂർ ബസിലിക്കയിൽ ക്രിസ്തുമസ്സ് ഈവ് പരിപാടികളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് തൊയ്ക്കാവ് ഇടവകയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് തൃശ്ശൂർ മെന്റൽ ആശുപത്രിയിലും, പോപ്പ് പോൾ പീസ് ഹോമിലും ക്രിസ്തുമസ് പരിപാടികളിൽ സംബന്ധിച്ച് സന്ദേശം നൽകി.

21. അഭിവന്ദ്യ താഴത്ത് പിതാവ് നെഹ്രുനഗർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് പറപ്പൂർ, വരാക്കര സൗത്ത്, ഇടവകകളിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

22. അഭിവന്ദ്യ താഴത്ത് പിതാവ് തിരുപ്പട്ടത്തിനൊരുങ്ങുന്ന ഡീക്കന്മാരുടെ ഭവനങ്ങൾ സന്ദർശിച്ചു. ചേലക്കരയിൽ ഫാ. ആന്റണി തച്ചുപറമ്പിലിന്റെ

പൗരോഹിത്യസ്വീകരണ നവതി ആഘോഷങ്ങളോടനുബന്ധിച്ച് നിർമ്മിച്ച മ്യൂസിയം ഉദ്ഘാടനം ചെയ്തു. വൈകിട്ട് ചെമ്പുക്കാവിൽ വച്ച് നടന്ന ജീസസ് യൂത്തിന്റെ 'തലമുറകളുടെ സംഗമ'ത്തിൽ പങ്കെടുത്ത് സമാപനസന്ദേശം നൽകി.

23. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കൊട്ടേക്കാട് ഇടവകയിൽ 'സാന്ത്വനം' നിർമ്മിച്ചു നൽകുന്ന വീടിന്റെ താക്കോൽദാനം നിർവ്വഹിച്ചു. ഉച്ചക്കുശേഷം തിരുപ്പട്ടത്തിനൊരുങ്ങുന്ന ഡീക്കന്മാരുടെ ഭവനങ്ങൾ സന്ദർശിച്ചു. വൈകിട്ട് വിയ്യൂർ ഇടവകയിലെ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മുല്ലശ്ശേരി ഇടവകയിൽ അഭിഷേകാഗ്നി കൺവെൻഷനിൽ പങ്കെടുത്ത് വി.ബലിയർപ്പിച്ച് സന്ദേശം നൽകി പ്രാർത്ഥിച്ചു.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മാനേജ്മെന്റ് & ബാങ്കിംഗ് മേഖലയിലെ പ്രൊഫഷണലുകളുടെ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ആർച്ച്ബിഷപ്സ് ഹൗസിൽ നടത്തിയ ക്രിസ്തുമസ്സ് ഈവ് പരിപാടികളിൽ പങ്കെടുത്തു. രാത്രി ലൂർദ്ദ് കത്തീഡ്രലിൽ പിറവിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികനായി. അഭിവന്ദ്യ തട്ടിൽ പിതാവ് ഡി.ബി.സി.എൽ. സി. യിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ആർച്ച് ബിഷപ്പ്സ് ഹൗസിൽ ക്രിസ്തുമസ് ആഘോഷപരിപാടികളിൽ പങ്കെടുത്തു.

25. അഭിവന്ദ്യ തട്ടിൽ പിതാവ് ബസിലിക്ക പള്ളിയിൽ തിരുപ്പിറവി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എൽത്തുരുത്ത് ഇടവകയിൽ ഡീ. ലിജോ ബ്രഹ്മകുളം സി. എം. ഐ. ക്ക് തിരുപട്ടം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് പാലക്കാട് രൂപത ചന്ദ്രനഗർ പള്ളിയിൽ ഡീക്കൻ ജോയ്സ് വെട്ടിക്കൽ എം. സി. ബി.എസ്.ന് തിരുപ്പട്ടം നൽകി.

27. അഭിവന്ദ്യ താഴത്ത് പിതാവ് അരിമ്പൂർ ഇടവകയിൽ ഡീ. ജിമ്മി എടക്കളത്തൂർ, ഡീ. ഫ്രജോ വാഴപ്പിള്ളി എന്നിവർക്ക് തിരുപട്ടം നൽകി. ഉച്ചക്കുശേഷം ബോൺ നത്താലേ ക്രിസ്തുമസ്സ് പരിപാടിയിൽ പങ്കെടുത്തു. പടവരാട് പള്ളിയിൽ ഡീക്കൻ ജസ്റ്റിൻ കൈതാരത്ത്, ഡീക്കൻ ജിജിമോൻ മാളിയേക്കൽ എസ്. ജെ, ഡീക്കൻ പ്രീജോ വെള്ളേപറമ്പിൽ സി. എം.ഐ എന്നിവർക്ക് അഭിവന്ദ്യ തട്ടിൽ പിതാവ് തിരുപട്ടം നൽകി.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നെല്ലിക്കുന്ന് ഇടവകയിലെ പണിതീർത്ത പുതിയ ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു. വൈകിട്ട് പടവരാട് ഇടവകയിൽ നവവൈദികർക്കുള്ള സ്വീകരണത്തിൽ പങ്കെടുത്തു. തുടർന്ന് പാലയൂർ ഇടവകയുടെ ഇടവകദിനാ

ഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് അരണാട്ടുക്കര പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

29. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മുല്ലശ്ശേരി ഇടവകയിൽ ഡീ. സിൻസൺ എടക്കളത്തൂരിന് തിരുപട്ടം നൽകി. ഉച്ചക്കുശേഷം വല്ലച്ചിറ ഇടവകയിൽ ഡീ. ജിയോമോൻ കല്ലേരി, ഡീ. ജോൺ ചിറ്റിലപ്പിള്ളി എന്നിവർക്ക് തിരുപട്ടം നൽകി. വൈകിട്ട് ആനത്തടം ഇടവകയിൽ നവവൈദികൻ ഫാ. സിന്റോ മാടവനക്കുള്ള അനുമോദനയോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ സെന്റ് ആൻസ് പള്ളിയിൽ ഡീ. സെൽജോ വെളിയന്നൂക്കാരൻ സി. എം.ഐ.ക്ക് തിരുപട്ടം നൽകി. ഉച്ചക്കുശേഷം അന്തിക്കാട് ഇടവകയിൽ ഡീക്കൻ പ്രിൻസ് ചിരിയങ്കണ്ടത്തിന് തിരുപട്ടം നൽകി.

30. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മണ്ണുത്തി ഇടവകയിൽ ഡീ. അജിത്ത് പുല്ലോക്കാരൻ സി. എം. ഐ. ക്ക് തിരുപട്ടം നൽകി. ഉച്ചക്കുശേഷം വെള്ളാനിക്കോട് ഇടവകയിൽ ഡീ. പ്രദീപ് മാപ്രാണത്തുക്കാരന് തിരുപട്ടം നൽകി. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എൽത്തുരുത്ത് ഇടവകയിൽ ഡീ. ലിജോ ബ്രഹ്മകുളം സി. എം. ഐ. ക്ക് തിരുപട്ടം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് ചേരുംകുഴി പള്ളിയിൽ ഡീക്കൻ റിൻജോ ഓലപുരയ്ക്കൽ, പീച്ചി പള്ളിയിൽ ഡീക്കൻ സിജോ പുത്തൂർ എന്നിവരുടെ തിരുപ്പട്ടദാനശുശ്രൂഷയ്ക്ക് മുഖ്യ കർമ്മികത്വം വഹിച്ചു.

31. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വിയ്യൂർ ഇടവകയിൽ ഡീ. റോജോ എലുവത്തിങ്കലിന് തിരുപട്ടം നൽകി. വൈകിട്ട് ഒല്ലൂർ ഇടവകയിൽ വർഷാവസാന-വർഷാരംഭ പ്രാർത്ഥനകൾക്കും തുടർന്ന് വി. ബലിക്കും മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് കുണ്ടന്നൂർ ഇടവകയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. എരുമപ്പെട്ടി പള്ളിയിൽ ഡീക്കൻ നവീൻ മുരിങ്ങാത്തേരിയുടെ തിരുപ്പട്ടദാനശുശ്രൂഷയ്ക്ക് അഭിവന്ദ്യ തട്ടിൽ പിതാവ് മുഖ്യകർമ്മികത്വം വഹിച്ചു.

# പാസ്റ്ററൽ കൗൺസിൽ യോഗം

16-ാം പാസ്റ്ററൽ കൗൺസിലിന്റെ നാലാം യോഗം **2015 മാർച്ച് 14 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ ഡി. ബി. സി. എൽ. സി. യിൽ**വച്ചായിരിക്കും. എല്ലാ അംഗങ്ങളെയും യോഗ ത്തിലേക്ക് ക്ഷണിക്കുന്നു.

16-ാം പാസ്റ്ററൽ കൗൺസിലിന്റെ 2015 വർഷത്തിലെ സമ്മേള നങ്ങൾ താഴെ പറയുന്ന തീയതികളിലായിരിക്കും നടത്തപ്പെടുന്നത്.

**മാർച്ച് 14, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ)**

**ജൂൺ 13, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ)**

**സെപ്തംബർ 12, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ)**

**നവംബർ 14, ശനി – അവാർഡ് ദിനം**

**(ഉച്ചകഴിഞ്ഞ് 1:30 മുതൽ 5 വരെ)**

## പതിനാറാം പാസ്റ്ററൽ കൗൺസലിന്റെ മൂന്നാം യോഗ റിപ്പോർട്ട്

പതിനാറാം പാസ്റ്ററൽ കൗൺസലിന്റെ മൂന്നാം യോഗം 2014 സെപ്തംബർ 13-ന് രാവിലെ 10 മണിക്ക് ഡി. ബി. സി. എൽ. സി. യിൽ പ്രൊഫ. എലിസബത്ത് മാത്യു നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിന് വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപത ഒരു വലിയ കുടുംബമാണെന്ന് പാസ്റ്ററൽ കൗൺസിൽ യോഗങ്ങൾ ഓർമ്മിപ്പിക്കുന്നു എന്ന് പറഞ്ഞ പെ. ബഹു. അച്ചൻ, മക്കൾ അതിരൂപതയുടെ വളർച്ചയ്ക്കാവശ്യമായ പ്രായോഗിക നിർദേശങ്ങൾ വലിയ പിതാവിന് സമർപ്പിക്കുകയും പ്രാവർത്തികമാക്കാനുള്ള തീരുമാനങ്ങൾ ഉരുത്തിരിയുകയും ചെയ്യുന്ന വേദിയാകട്ടെ ഈ യോഗം എന്ന് ആശംസിച്ചു. ജോയിന്റ് സെക്രട്ടറി ഡോ. മേരി റജീന രണ്ടാം യോഗ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസ്സാക്കി.

2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെ കത്തോലിക്കാ സഭയിൽ സമർപ്പിത വർഷമായി ആചരിക്കാനുള്ള ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനത്തിനൊപ്പം ഉയരാനുള്ള തൃശ്ശൂർ അതിരൂപതയുടെ

ജാഗ്രതയാണ് ആ വിഷയം മുൻകൂറായി ചർച്ചക്കെടുയ്ക്കാൻ അജണ്ടാ കമ്മറ്റിയെ പ്രേരിപ്പിച്ചത് എന്ന് അവതരണങ്ങൾക്കും ചർച്ചകൾക്കും നേതൃത്വം നല്കിയ അഡ്വ. ബിജു കുണ്ടുകുളം ആമുഖമായി പറഞ്ഞു. സഭാജീവിതത്തിൽ സമർപ്പിതരുടെ പങ്കും പ്രസക്തിയും, സമർപ്പിതരും നവസുവിശേഷവത്കരണവും, തൃശ്ശൂർ അതിരൂപതയിൽ സമർപ്പിതവർഷാചരണം എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി ദേവമാതാ പ്രൊവിൻഷ്യൽ പെ. ബഹു. ഫാ. വാൾട്ടർ തേലപ്പിള്ളി സി.എം. ഐ. അവതരിപ്പിച്ച വിഷയം സമർപ്പിതർ സഭയിലും സമൂഹത്തിലും നൂറ്റാണ്ടുകളായി ചെയ്തുവരുന്ന വിശിഷ്ട സേവനങ്ങളുടെ അടിസ്ഥാനങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതായിരുന്നു. പ്രാർത്ഥനയുടേയും പ്രവൃത്തിയുടേയും ഉത്കൃഷ്ട ലയനത്തിന്റെ സാക്ഷ്യങ്ങളായ വാഴ്ത്തപ്പെട്ട ചാവറ അച്ചനെയും എവുപ്രാസ്യാമ്മയെയും വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിന് മുമ്പ് നടക്കുന്ന ഈ ചർച്ച തൃശ്ശൂർ അതിരൂപത ദൈവേഷ്ടം നടപ്പാക്കുന്നതിന് എന്നും ഒരുങ്ങിക്കൊണ്ടിരിക്കുന്നു എന്നതിന് തെളിവാണെന്ന് അദ്ദേഹം എടുത്തുപറഞ്ഞു.

തൃശ്ശൂർ അതിരൂപതയിൽ സമർപ്പിത വർഷാചരണം നടത്തുന്നതിന്റെ വിശദാംശങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. ഉദ്ഘാടനം ഡിസംബർ 8ന് നടക്കും. എല്ലാ വർഷവും ഇടവക-രൂപതാതലങ്ങളിൽ ഫെബ്രുവരി 2 സമർപ്പിതദിനമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷത്തിന്റെ ഊന്നൽ സന്യാസജീവിതത്തിന് നവജീവൻ നൽകലാണ്. ചെറുപ്പക്കാർക്ക് ഈ ദൈവവിളിയുടെ മഹത്വം എത്തിക്കാൻ സാധിച്ചാൽ മാത്രമേ ഈ ലക്ഷ്യം ഫലപ്രാപ്തിയിലെത്തുകയുള്ളു എന്ന് പറഞ്ഞ് അച്ചൻ ഉപസംഹരിച്ചു.

സമർപ്പിതരും അത്മായരും തമ്മിലുള്ള ബന്ധം എന്ന വിഷയം ഡോ. ഡെയ്സൺ പാണേങ്ങാടൻ കണക്കുകൾ സഹിതം അവതരിപ്പിച്ചു. തുടർന്നു സംസാരിച്ച ശ്രീമതി ജോയ്സി ജയ്സൺ സമർപ്പിതരുടെ പ്രത്യേക ശ്രദ്ധ ഇന്ന് വേണ്ടത് കുടിയേറ്റക്കാർ, തകർന്ന കുടുംബങ്ങൾ, മാധ്യമങ്ങൾ, നമ്മുടെ സ്ഥാപനങ്ങളിലൂടെ കടന്നു പോകുന്ന അനേകം യുവജനങ്ങൾ എന്നിവർക്കാണ് എന്ന് ചൂണ്ടിക്കാണിച്ചു. വിവിധ സന്യാസ സമൂഹങ്ങളുടെ സിദ്ധികളുടെ പ്രോത്സാഹനവും ഏകോപനവും സഭയുടെ നിർമ്മിതിക്കും നവീകരണത്തിനും വളർച്ചക്കും വേണ്ടിയാണ് ക്രമീകരിക്കേണ്ടത് എന്ന് വിവിധ സന്യാസ സമൂഹങ്ങളുടെ സിദ്ധികളെ കുറിച്ച് സംസാരിച്ച റവ. ഡോ. സൈജോ തൈക്കാട്ടിൽ ഓർമ്മിപ്പിച്ചു. സമർപ്പിതർ നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും എന്ന വിഷയം അവതരിപ്പിച്ചത് റവ. സി. നമിതാ റോസ് സി.എം.സി. യായിരുന്നു. പ്രായോഗികതയും സുവിശേഷ മൂല്യങ്ങളും തമ്മിലുള്ള മത്സരമാണ് ഇതിൽ ഏറ്റവും വലിയ വെല്ലുവിളി യെന്ന് ബഹു. സിസ്റ്റർ വ്യക്തമാക്കി.

തുടർന്നു നടന്ന പൊതു ചർച്ചയിൽ സംസാരിച്ച അംഗങ്ങളെല്ലാം തന്നെ സമർപ്പിതർ സഭയ്ക്കും സമൂഹത്തിനും ചെയ്യുന്ന സേവനങ്ങളെ നന്ദിപൂർവ്വം സ്മരിച്ചു. സമർപ്പിതരുടെ സാന്നിധ്യം എല്ലാ ഇടവകകളിലും ലഭ്യമാക്കണം എന്ന നിർദ്ദേശമാണ് അംഗങ്ങൾക്ക് അഭിവന്ദ്യ പിതാവിനു മുൻപിൽ സമർപ്പിക്കാനുണ്ടായത്. കുടുംബങ്ങളേയും കുഞ്ഞുങ്ങളേയും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ടെന്നും കാലാനുസൃതമായ മാറ്റങ്ങളോടും തുറവിയോടും കൂടിയുള്ള പ്രവർത്തനമാണ് സമൂഹം പ്രതീക്ഷിക്കുന്നതെന്നും അംഗങ്ങൾ പറഞ്ഞു. ഈ വിഷയത്തെകുറിച്ച് പ്രഭാഷണം നടത്തിയവർക്കും ചർച്ചയിൽ പങ്കെടുത്തവർക്കും അഡ്വ. ബിജു കുണ്ടുകുളം നന്ദി പറഞ്ഞു.

സ്വയം ഭരണവകാശം ലഭിക്കുന്ന സെന്റ് തോമാസ് കോളേജിന്റെ പുതിയ സംവിധാനത്തെക്കുറിച്ച് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് വിശദീകരിച്ചു. സെപ്തംബർ 16-ാം തിയ്യതി കോളേജിന്റെ അങ്കണത്തിൽ വച്ച് ബഹു. മുഖ്യമന്ത്രി ഈ പ്രഖ്യാപനം നടത്തുന്ന ഈ ചടങ്ങിലേയ്ക്ക് എല്ലാവരേയും  പിതാവ് ഔപചാരികമായി ക്ഷണിക്കുകയും ചെയ്തു.

ചോദ്യോത്തരവേളയിൽ അംഗങ്ങൾ സഭയിലെയും സമുഹത്തിലേയും അടിയന്തിര ശ്രദ്ധ വേണ്ടുന്ന വിഷയങ്ങൾ അവതരിപ്പിച്ചു. ദേശീയതലത്തിൽ സമർപ്പിതരുടെ മേൽനോട്ട ചുമതലയും ഉത്തരവാദിത്തവുമുള്ള  സി.ബി.സി. ഐ. യുടെ വൈസ്-പ്രസിഡന്റ് ആയതിനാൽത്തന്നെ തൃശ്ശൂർ അതിരൂപത സമർപ്പിതവർഷാചരണത്തിന്റെ മുന്നൊരുക്കങ്ങൾ ഇത്ര ഗൗരവത്തോടെ  തുടങ്ങിയിരിക്കുന്നു എന്നതിൽ തനിക്ക് ഏറെ അഭിമാനവും  സന്തോഷവുമുണ്ടെന്ന് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസ്താവിച്ചു. സമർപ്പിതവർഷം സമർപ്പിതരുടേതു മാത്രമല്ല സഭ മുഴുവതുമാണ് എന്ന സന്ദേശം നല്കാൻ ഈ ചർച്ചയ്ക്ക് സാധിച്ചു എന്നതിലും വാഴ്ത്തപ്പെട്ട എവുപ്രാസ്യാമ്മയും ചാവറയച്ചനും വിശുദ്ധരാകുന്ന വർഷം തന്നെ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ഈ വിഷയം  സജീവ ചിന്തക്കും ചർച്ചയ്ക്കുമായി എടുത്തതിലുമുള്ള സന്തുഷ്ടി അഭിവന്ദ്യ പിതാവ് പ്രകടിപ്പിച്ചു. തുടർന്ന് സി.എം.ഐ. പ്രൊവിൻഷലായി തിരഞ്ഞെടുക്കപ്പെട്ട ഫാ. വാൾട്ടർ തേലപ്പിള്ളി സി. എം. ഐ., ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡന്റായി തിരഞ്ഞടുക്കപ്പെട്ട ശ്രീ ജോഷി വടക്കൻ, സി.എൽ.സി. സംസ്ഥാന പ്രസിഡന്റ്  ശ്രീ വിനേഷ് കോളേങ്ങാടൻ, എ.ഐ.സി.യു. സീറോ മലബാർ പ്രസിഡന്റായ ശ്രീ. ഫ്രാൻസി ആന്റണി, കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട ശ്രീ. അജി ഫ്രാൻസിസ്, ഡോ. മേരി റെജീന എന്നിവരെ പിതാവ് അഭിനന്ദിച്ചു.

2014 ഒക്ടോബർ 11ന് ഡി. ബി.സി. എൽ. സി.യിൽ നടത്തുന്ന അവാർഡ് ദിന പരിപാടികൾ, 2015 ജനുവരി 10ന് ഒല്ലൂർ പള്ളിയങ്കണത്തിൽ

നടത്തുന്ന വാഴ്ത്തപ്പെട്ടവരായ ചാവറ അച്ചന്റെയും എവുപ്രാസ്യാമ്മയുടെയും വിശുദ്ധപദലബ്ധിയിലുള്ള കൃതജ്ഞതാബലിയും ആഘോഷവും എന്നിവയിൽ സാധിക്കുന്ന അംഗങ്ങളെല്ലാം സംബന്ധിക്കണമെന്ന് അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു. സെപ്തംബർ 21 മുതൽ ഒക്ടോബർ 3 വരെ രണ്ടു ബാച്ചുകളിലായി വാർഷിക ധ്യാനം നടത്തുന്ന വൈദികർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് പിതാവ് ആവശ്യപ്പെട്ടു. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യാൻ പിതാവ് ആഹ്വാനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രിയിലെ ഡയാലിസിസ് സ്പോൺസർഷിപ്പിനായി പാസ്റ്ററൽ കൗൺസിൽ അംഗങ്ങളിൽ നിന്ന് 35000/ – രൂപ സമാഹരിച്ച് അതിരൂപതാ ദിനത്തിൽ കൈമാറിയതിന് പിതാവ് യോഗത്തെ അഭിനന്ദിക്കുകയും സഹകരിച്ച എല്ലാവർക്കും നന്ദി പറയുകയും ജമ്മുകാശ്മീരിലെ പ്രളയ ദുരിതാശ്വാസത്തിനായി ഇടവകകളിൽ ഉദാരമായ സംഭാവനയ്ക്ക് പ്രവർത്തിക്കണം എന്നു ഓർമ്മിപ്പിക്കുകയും ചെയ്തു.

ബോൺ നത്താലയോടനുബന്ധിച്ച് ശക്തൻ നഗറിൽ ഒരു പ്രദർശനവും 15,000 പാപ്പമാരും വിവിധ ഫ്ളോട്ടുകളും അണിനിരക്കുന്ന ഘോഷയാത്രയും വിഭാവനം ചെയ്യുന്നു എന്ന് പിതാവ് അറിയിച്ചു. അഭിവന്ദ്യപിതാവിന്റെ നിർദ്ദേശപ്രകാരം ബോൺ നത്താലെ യുടെ നടത്തിപ്പിന് നേതൃത്വം കൊടുക്കുന്നതിനായി പാസ്റ്ററൽ കൗൺസിലിൽ നിന്ന് പത്ത് അംഗങ്ങളെ തിരഞ്ഞെടുത്തു. ലാസർ മാളിയേക്കൽ, ജോർജ്ജ് മേനാച്ചേരി, ആന്റണി സി. എൽ., ജോസ് വള്ളൂർ, അഡ്വ. സി. ജെ. ഡെന്നി, നിമ ഡേവിസ്, ഡോ. ടോണി ജോസഫ്, ജയിംസ് മുട്ടിക്കൽ, പ്രൊഫ. ആനി ജോൺസ്, അഡ്വ. സോജൻ ജോബ് എന്നിവരാണ് ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടത്. കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തുന്ന ഹ്രസ്വചലച്ചിത്ര മത്സരത്തിന് ഏവരുടേയും പിന്തുണയും പ്രോത്സാഹനവും അഭ്യർത്ഥിച്ചു. സംഘടനകളുടെ ഭാരവാഹികൾക്കുവേണ്ടി ഏകോപനസമതിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 3ന് നടത്തുന്ന ഏകദിന ക്യാമ്പിൽ എല്ലാ അതിരൂപതാ ഭാരവാഹികളും പങ്കെടുക്കണമെന്ന് പിതാവ് അറിയിച്ചു. അതിരൂപതയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി നടത്തുന്ന അത്മായർക്കായുള്ള ബേസിക് തിയോളജി കോഴ്സിന് കഴിയുന്നത്ര പേർ പങ്കെടുക്കാൻ ശ്രമിക്കണമെന്നും പിതാവ് ആവശ്യപ്പെട്ടു.

സർക്കാർ ജീവനക്കാർ മതസാമുദായിക സംഘടനകളുടെ അംഗങ്ങളാക്കുകയോ നേതൃസ്ഥാനങ്ങളിലേക്ക് വരികയോ ചെയ്യാൻ പാടില്ല എന്നുള്ള സർക്കാർ വിജ്ഞാപനം പഠിച്ച് വേണ്ട നടപടികൾ സ്വീകരിക്കാൻ പാസ്റ്ററൽ ൺസിൽ സെക്രട്ടറി അഡ്വ. ബിജു കുണ്ടുകുളത്തെ ചുമതലപ്പെടുത്തി. കത്തോലിക്കാസഭ എന്നും ഉയർത്തിപ്പിടിച്ചിട്ടുള്ളതും

യത്നിച്ചിട്ടുള്ളതുമായ മദ്യവിരുദ്ധ നയം സാധൂകരിച്ച സംസ്ഥാന സർക്കാരിന് അഭിവന്ദ്യ പിതാവ് അഭിനന്ദനങ്ങൾ അർപ്പിച്ചു. ഈ മേഖലയിലെ തൊഴിലാളികളുടെ പുനരധിവാസത്തിനായി സഹായിക്കുമെന്നും പിതാവ് അറിയിച്ചു. ഘട്ടം ഘട്ടമായി സംസ്ഥാനത്ത് മദ്യനിരോധനം നടപ്പാക്കുന്നതിന് തീരുമാനമെടുത്ത സംസ്ഥാന സർക്കാരിനെ അനുമോദിച്ചുകൊണ്ടുള്ള പ്രമേയം ശ്രീ. ജയിംസ് മുട്ടിക്കൽ അവതരിപ്പിച്ചു.

കെ.ഇ. ആർ-ന്റെ ഭരണഘടനാ വിരുദ്ധമായ ഭേദഗതിയിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് തൃശ്ശൂർ അതിരൂപത ആവശ്യപ്പെടുന്നതായുള്ള പ്രമേയം ശ്രീ. ജോഷി വടക്കൻ അവതരിപ്പിച്ചു.

ശ്രീ. എൻ.പി. ജാക്സൺ നന്ദി പറയുകയും സമാപന പ്രാർത്ഥന നയിക്കുകയും ചെയ്തു.

## പാസ്റ്ററൽ കൗൺസിൽ വിഷയം - തുടർ ചർച്ചയക്ക്

16-ാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം യോഗം 2014 സെപ്തംബർ 13-ന് സമർപ്പിത വർഷാചരണത്തെ കുറിച്ചു ചർച്ചചെയ്തതിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദ്ദേശങ്ങളും അതിരൂപതയിലെ വിവിധ തലങ്ങളിൽ ചർച്ച ചെയ്യുന്നതിനും പ്രാവർത്തികമാക്കുന്നതിനും താഴെ കൊടുക്കുന്നു.

1. സമർപ്പിത വർഷത്തിന്റെ ഊന്നൽ സന്യാസജീവിതത്തിന് നവജീവൻ നൽകലാണ്.
2. സമർപ്പിതരുടെ സാന്നിധ്യം എല്ലാ ഇടവകകളിലും ലഭ്യമാക്കുക.
3. എല്ലാ വർഷവും ഇടവക-രൂപതാതലങ്ങളിൽ ഫെബ്രുവരി 2 സമർപ്പിതദിനമായി ആചരിക്കുക
4. സഭാജീവിതത്തിൽ സമർപ്പിതരുടെ പങ്കും പ്രസക്തിയും വ്യക്തമാക്കുന്ന പ്രബോധനപരിപാടികൾ ആവിഷ്കരിക്കുക. സന്യാസജീവിതത്തെക്കുറിച്ചുള്ള സഭാപഠനങ്ങൾ കുടുംബകൂട്ടായ്മകളിലും കഴിയുന്നത്ര സഭാ വേദികളിലും അവതരിപ്പിക്കുക.
5. സമർപ്പിതർ സഭയിലും സമൂഹത്തിലും നൂറ്റാണ്ടുകളായി ചെയ്തുവരുന്ന വിശിഷ്ട സേവനങ്ങളെ പ്രകാശിപ്പിക്കുക
6. മിഷനറിമാരെ ആദരിക്കുക.
7. ദൈവവിളികൾ കുറഞ്ഞുവരുന്ന സാഹചര്യം കണക്കിലെടുത്ത്, ദൈവവുമായി ഐക്യപ്പെടാനുള്ള അവസരവും ദൈവവിളിയുടെ മഹത്വം മനസ്സിലാക്കാനുള്ള സാഹചര്യങ്ങളും ചെറുപ്പക്കാർക്ക് ലഭ്യമാക്കുക.
8. ആധുനിക ജീവിതത്തിന്റെ സൗകര്യങ്ങളിലും വ്യഗ്രതകളിലും കഴിയുന്ന വളരുന്ന തലമുറയ്ക്ക് സ്വയം ശൂന്യവത്കരിക്കുന്ന

ഈശോയുടെ ജീവിത ശൈലിയിലേക്ക് വഴികാട്ടുക

9. സമർപ്പിതജീവിതനവീകരണത്തിനുതകുന്ന ധ്യാനങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നല്കുക.

10. സമർപ്പിതജീവിതത്തെ കടന്നാക്രമിക്കുന്ന മാധ്യമപ്രചരണങ്ങൾ കണക്കിലെടുത്ത്, പ്രചോദനാത്മകമായ മാധ്യമ ശൈലിയും സംസ്കാരവും വളർത്തിയെടുക്കുവാൻ ശ്രമിക്കുക.

11. പ്രായോഗികതയും സുവിശേഷ മൂല്യങ്ങളും തമ്മിലുള്ള ധർമ്മയുദ്ധത്തിൽപ്പെടുന്ന സമർപ്പിതർക്ക്, ലോകത്തിലാണെങ്കിലും ലോകത്തിന്റേതല്ലാതെ ജീവിക്കാനുള്ള വെല്ലുവിളികൾ ഏറ്റെടുക്കാൻ ധൈര്യവും പിന്തുണയും സഹായസഹകരണങ്ങളും നല്കുക

12. സഭ പാവപ്പെട്ടതും പാവങ്ങളുടേതുമാകണം എന്ന പരിശുദ്ധ പിതാവിന്റെ ഓർമ്മപ്പെടുത്തലനുസരിച്ചുള്ള ജീവിതശൈലിയോട് സമർപ്പിതരിൽ കൂടുതൽ ഔത്സുക്യം വളർത്തുക.

13. വിവിധ സന്യാസ സമൂഹങ്ങളുടെ സിദ്ധികളെ ഉദാരതയോടെ പ്രോത്സാഹിപ്പിക്കുകയും ജാഗ്രതയോടെ സംരക്ഷിക്കുകയും സഭാശുശ്രൂഷയിൽ ഫലപ്രദമായി അതിരൂപത ഏകോപിപ്പിക്കുകയും ചെയ്യുക

14. ആത്മീയ, സാമുഹ്യ, ആരോഗ്യ, വിദ്യാഭ്യാസമേഖലകളിലൊക്കെ ഈ സമൂഹത്തിലെ കെടാവിളക്കുകളായി വർത്തിക്കുന്ന സമർപ്പിതരെ സമൂഹം സാകൂതം വീക്ഷിക്കുന്നുണ്ട് എന്ന അവബോധം സമർപ്പിതർക്കു നല്കുക.

15. കാലാനുസൃതമായ മാറ്റങ്ങളോടും തുറവിയോടും കൂടിയുള്ള പ്രവർത്തനങ്ങൾക്ക് സമർപ്പിത സമൂഹങ്ങളെ സജ്ജമാക്കുക.

16. കുടിയേറ്റക്കാർ, തകർന്ന കുടുംബങ്ങൾ, കുട്ടികളിലും യുവാക്കളിലുമുള്ള മാധ്യമങ്ങളുടെ അമിതസ്വാധീനം എന്നീ മേഖലകളിൽ സമർപ്പിതർ പ്രത്യേക ശ്രദ്ധ പതിപ്പിക്കുക.

17. സഭാസ്ഥാപനങ്ങളിലൂടെ കടന്നു പോകുന്ന യുവജനങ്ങൾക്ക് വിദ്യാഭ്യാസനേട്ടങ്ങളോടൊപ്പം ജീവിതത്തിന്റെ ശരിയായ ദിശാബോധം നല്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കുക.

18. കുടുംബസന്ദർശനങ്ങൾ വഴി കുടുംബങ്ങളുടെയും കുഞ്ഞുങ്ങളുടെയും കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുക.



ഫാ. റാഫേൽ ആക്കാമറ്റത്തിൽ
ജനറൽ സെക്രട്ടറി



അഡ്വ. ബിജു കുണ്ടുകുളം
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

## 1. വരവ്-ചെലവ് കണക്കുകൾ - ഡിസംബർ 31, 2014

| | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 1. | അടാട്ട് | - | - | 18000 |
| 2. | എൽത്തുരുത്ത് | - | - | 45505 |
| 3. | കല്ലൂർ ഈസ്റ്റ് | - | - | 31400 |
| 4. | കാരമുക്ക് | - | - | 7250 |
| 5. | കിരാലൂർ | - | - | 12000 |
| 6. | കോലഴി | - | - | 33017 |
| 7. | കൊഴുക്കുള്ളി | - | - | 13000 |
| 8. | കുന്നംകുളം | - | - | 23645 |
| 9. | മുണ്ടൂർ | - | - | 85000 |
| 10. | നന്തിപുലം നോർത്ത് | - | - | 3900 |
| 11. | ഒളരിക്കര | - | - | 50000 |
| 12. | പാലക്കൽ | - | - | 65331 |
| 13. | പനമുക്ക് | 1500 | 1500 | 1500 |
| 14. | പാത്രാമംഗലം | - | - | 1000 |
| 15. | പോന്നോർ | - | - | 60950 |
| 16. | പുലക്കാട്ടുകര | - | - | 10250 |
| 17. | പുറനാട്ടുകര | - | - | 53206 |
| 18. | പുതുരുത്തി | - | - | 12540 |
| 19. | വലപ്പാട് | - | - | 53530 |
| 20. | വാണിയംപാറ | 1956 | 8722 | |
| 21. | വരന്തരപ്പള്ളി ഈസ്റ്റ് | - | - | 8500 |
| 22. | വെള്ളാറ്റഞ്ഞൂർ | - | - | 10000 |
| 23. | വെട്ടുകാട് | - | - | 10120 |
| 24. | സെ. ആന്റണി മിഷൻ ആശുപത്രി, പഴുവിൽ | - | - | 10000 |
| 25. | നിർമ്മലാലയം നഴ്സറി, വെസ്റ്റ് ഫോർട്ട് | | | 1000 |
| 26. | നിർമ്മലാലയം ഗാർമെന്റ്സ് ഡിപ്പാർട്ട്മെന്റ്, വെസ്റ്റഫോർട്ട് | | | 700 |
| 27. | സെ. ജോസഫ് ആശുപത്രി, ചൂണ്ടൽ | - | - | 52500 |
| 28. | എം. ഐ. ആശുപത്രി, ഏങ്ങണ്ടിയൂർ | - | - | 40000 |
| 29. | മേരി മാതാ മേജർ സെമിനാരി | - | - | 114000 |
| | | സഭാദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
| 1. | പനമുക്ക് | 3800 | 4840 | 5280 |

**2. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

| | | |
|---|---|---|
| കുറുമാൽ | - | 5000 |
| പുത്തൻപീടിക | - | 5000 |
| മറ്റം | - | 5000 |
| നന്തിപുലം നോർത്ത് | - | 5000 |

**3. സാമ്പത്തിക സഹായം സ്വീകരിച്ച പള്ളികൾ**

| | | |
|---|---|---|
| 1. പീച്ചി | - | 50000 - വൈദികമന്ദിരം നിർമ്മാണം |
| 2. നെല്ലിക്കുന്ന് | - | 1,00,000 - പള്ളി നിർമ്മാണം |

**4. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

| | | |
|---|---|---|
| 1. ചികിത്സ | - | 28,000 |
| 2. വിവാഹം | - | 5,000 |

**5. അതിരൂപതാ സഹായ ഫണ്ട്**

| | | |
|---|---|---|
| 1. വിദ്യാഭ്യാസം | - | 6700 |
| 2. ഭവന നിർമ്മാണം | - | 49000 |
| 3. വിവാഹം | - | 56100 |
| 4. ചികിത്സ | - | 142650 |

**ഫാ. ജോസ് ചാലക്കൽ**
ഫൈനാൻസ് ഓഫീസർ

# ഛരാന്ദാ വാർത്തകൾ

"ഡിസംബർചാ മഹിനാ സൺ നത്താലാച്ചാ ആലാ......" (ക്രിസ്തുമസ് കാരൾ ഗാനങ്ങളാൽ മുഖരിതമായിരുന്നു, ഡിസംബറിലെ ഓരോ സായാഹ്നം....) മുനിഞ്ഞു കത്തുന്ന ചെരാതുകൾക്കു നടുവിൽ ബാലാപൂരിലെ ഭവനങ്ങളിലെ പുൽക്കൂടുകളിലും ഉണ്ണിയേശുവിന്റെ ജനനവാർത്ത അറിയിക്കാൻ ബഹു. സിജോ അച്ചന്റെ നേതൃത്വത്തിൽ കാരൾ സംഘങ്ങൾ യാത്രയായി. പള്ളിയിലും പുൽകൂടു കെട്ടി, തിരുകർമ്മങ്ങൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ക്രിസ്തുമസ് ദിവസം സ്നേഹവിരുന്നും ആസ്വദിച്ച് ജനം പിറ്റെ ദിവസം സ്വന്തം ഭവനങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും മടങ്ങിപ്പോയി. നവവൽസര ആരംഭപ്രാർത്ഥനകൾക്കും ആരാധനയ്ക്കും ജാഗരണശുശ്രൂഷയ്ക്കും ബഹു. സിജോ കാട്ടൂക്കാരനച്ചൻ കാർമ്മികത്വം വഹിച്ചു. ഹ്രസ്വ സന്ദർശനത്തിനായി ഛരാന്ദായുടെ പുതിയ ഇടയൻ ബാലാപൂർ കടന്നുവന്നത് കോർ ടീമിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകർന്നു. ജനുവരി 16ന് വൈകീട്ട് എത്തിയ ബിഷപ്പ് എഫ്രേം നരികുളം പിറ്റേന്ന് പ്രഭാതത്തിൽ അടുത്ത മിഷൻ കേന്ദ്രത്തിലേക്ക് യാത്രയായി. മൂന്നുവർഷത്തെ സേവനത്തിനുഷേഷം മാതൃരൂപതയിലേക്ക് യാത്രയാകുന്ന ബഹു. ജോസഫ് വൈക്കാടനച്ചന് ബാലാപൂർ ഇടവക സമൂഹത്തിന്റെ നന്ദി.

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. ജോസഫ് വടക്കേത്തല | 08 |
| ഫാ. നിക്കോളസ് അന്തിക്കാട്ട് | 10 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. വർക്ഷീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. ജോജോ എടത്തിരുത്തി | 28 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോവി കുണ്ടുകുളങ്ങര | 14 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

81

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. കൈയാലക്കം ജോസഫ് | 03.02.1951 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 23.02.1952 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. അക്കര ആന്റണി | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. എളംകുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. ചിറയത്ത് ജോൺ | 17.02.1982 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. എളംകുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. വേഴപ്പറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മേച്ചരി പോൾ | 12.02.2011 |
| ഫാ. ജോർജ്ജ് മഞ്ഞളി | 07.02.2014 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.12.2014. സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ 5 പോസ്റ്റുലൻസ് നോവിഷ്യറ്റിലേയ്ക്ക് പ്രവേശിച്ചു.

03.12.2014 സി.എസ്.എസ്.മണ്ണുത്തിയിലുള്ള സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച്, പരിശുദ്ധഅമ്മയുടെ സമർപ്പണ ജീവിതത്തെ ആസ്പദമാക്കി, റവ. ഫാദർ നോബിൾ CMFക്ലാസ്സ് എടുത്തു.

എഫ്.സി.സി.5 മുതൽ 7 വരെ തീയതികളിൽ ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസ് നടന്നു. സമർപ്പിത വർഷത്തെക്കുറിച്ചുള്ള ക്ലാസ്സ് പ്രൊവിൻഷ്യൽ സുപ്പീരിയർ നൽകി. സെബി വല്ലച്ചിറക്കാരൻ കാൻസറിനെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ നൽകി. പറുദീസ വൃക്ഷം അഥവാ ലക്ഷ്മിതരു എന്നീ പേരുകളിലറിയപ്പെടുന്ന കാൻസറിനെ നിർമ്മൂലനം ചെയ്യുന്ന ചെടിയുടെ ഉപയോഗം എല്ലാവർക്കും ബോധ്യപ്പെടുത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത വൃക്ഷതൈകൾ എല്ലാ ഭവനങ്ങളിലേക്കും വിതരണം ചെയ്യുകയും ചെയ്തു.

എഫ്.സി.സി.സിസ്റ്റേഴ്സിന് ബാച്ച് അടിസ്ഥാനത്തിൽ Empowerment Programme തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ വെച്ച് സംഘടിപ്പിച്ചു. റവ. ഫാ. പോൾ മുണ്ടോളിക്കൽ (Sp. Director, Aluva Seminary) ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ജൂനിയർ സിസ്റ്റേഴ്സിന് രണ്ടു ദിവസത്തെ കോഴ്സ് നടത്തി. പ്രൊവിൻഷ്യൽ സി.ഫിലോ ജോസഫ് ക്ളാസ്സുകൾക്ക് നേതൃത്വം നൽകി.

06.12.2014 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് 8-ാം സാധാരണ പ്രൊവിൻഷ്യൽ സിനാക്സിസ് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. മദർ മരിയ പ്രീതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

എഫ്.സി.സി.വെണ്ടൂർ ഇടവകയിൽ ഹോം മിഷൻ പ്രവർത്തനങ്ങൾക്ക് അസ്സീസി പ്രോവിൻസിലെ സിസ്റ്റേഴ്സ് നേതൃത്വം നൽകി.

എഫ്.സി.സി.കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ Teachers ന് Eco Immunology എന്ന വിഷയത്തെക്കുറിച്ച് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത ക്ലാസ്സ് എടുത്തു.

സി.എസ്.എം. ഒറീസ്സാ ബിഷപ്പ് മാർ സൈമൺ കൈപ്പുറം, രാമനാഥപുരം ബിഷപ്പ്മാർ പോൾ ആലപ്പാട്ട് എന്നിവർ ലൂർദ്ദ്നാഥാ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് ക്രിസ്തുമസ് ആശംസകൾ അർപ്പിച്ചു.

07.12.2014 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് കപ്പൂച്ചിൻ ആലുവ സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ഫാ. റാഫി പാലിയേക്കരയുടെ സിൽവർ ജൂബിലി ആഘോഷിക്കുകയും വിശുദ്ധബലിയർപ്പിക്കുകയും സിനാക്സിസ് അംഗങ്ങൾക്ക് ക്ലാസ്സെടുക്കുകയും ചെയ്തു.

സി.എസ്.എസ്. അമലോത്ഭവമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് മണ്ണുത്തിയിലുള്ള Immaculate Consumption നോവിഷേറ്റ് ഭവനത്തിൽ 13 മണിക്കൂർ ആരാധനനടത്തുകയും 8–ാം തിയ്യതി തിരുനാൾ സാഘോഷം കൊണ്ടാടുകയും ചെയ്തു.

08.12.2014 അതിരൂപതാ തലത്തിൽ സമർപ്പിതവർഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ ലൂർദ്ദ് കത്തീഡ്രലിൽ അർപ്പിച്ച ദിവ്യബലിയിൽ അതിരൂപതയിലെ എല്ലാ സന്യാസസമൂഹങ്ങളുടെ പ്രതിനിധികളും സംബന്ധിച്ചു.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി.ഫിലോ ജോസഫിന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥനാസമ്മേളനത്തോടെ 7 ആസ്പിരൻസ് പോസ്റ്റുലൻസിയിലേക്കും, 6 കാൻഡിഡേറ്റ്സ് ആസ്പിരൻസിയിലേയ്ക്കും പ്രവേശിച്ചു.

എസ്.എ.ബി.എസ്.അമലോത്ഭവത്തിരുനാളായ ഇന്നേദിനം വി.ബലിമദ്ധ്യേ എല്ലാ സിസ്റ്റേഴ്സും വ്രതനവീകരണം നടത്തി.

സി.എസ്.എം. പുതുതായി നിർമ്മിക്കുന്ന ചേലക്കോട്ടുക്കര കോൺവെന്റിന്റെ കല്ലിടൽ കർമ്മം റവ.ഫാ. ജോൺസൺ ഐനിക്കൽ നിർവ്വഹിച്ചു.

09.12.2014 എഫ്.സി.സി. തൃശൂർ സെന്റ് ക്ലെയേഴ്സ് സ്കൂളിൽ വെച്ച് അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലെയും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി അൽഫോൻസ ഗാർഡൻ മീറ്റ് നടന്നു. നേരത്തെ നടത്തിയിരുന്ന ക്വിസ് മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനവിതരണവും നടത്തി.

സി.എം.സി. പ്രൊവിൻഷ്യൽ പ്ലിനറി മീറ്റിങ്ങ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തുകയുണ്ടായി.

സി.എസ്.എം. ഈ വർഷം ഗോൾഡൻ ജൂബിലിയാഘോഷിക്കുന്ന ബഹു.സിസ്റ്റേഴ്സ് പട്ടിക്കാട് സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ഒരു മാസത്തെ പ്രാർത്ഥനയ്ക്കായി പോയി.

11.12.2014. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ പ്ലീനറി കൗൺസിൽ മീറ്റിംഗ് നടത്തി.

സി.എം.സി. അതിരൂപതാ തലത്തിൽ ജനുവരി 10ന് നടക്കു കൃതജ്ഞതാബലിയ്ക്കുള്ള പന്തലിന്റെ കാൽനാട്ടുകർമ്മം അഭിവന്ദ്യ മാർ റാഫൽ തട്ടിൽ പിതാവ് നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസിലേഴ്സും അതിൽ പങ്കുകൊണ്ടു.

12.12.2014 എഫ്.സി.സി.12 മുതൽ 14 വരെ തീയതികളിലായി Young Senior സിസ്റ്റേഴ്സിന്റെ സംഗമം അസ്സീസിയിൽ നടന്നു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

13.12.2014 ജന്മദിനമാചരിക്കുന്ന മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തൂങ്കുഴി എന്നീ പിതാക്കന്മാർക്ക് വിവിധ സന്യാസ സഭാ പ്രതിനി ധികൾ ജന്മദിനാംശകളർപ്പിച്ചു.

സി.എസ്.എസ്.ഡിസംബർ 13,14 തിയ്യതികളിൽ പരിയാരം സി. എസ്.ആർ ൽ വെച്ച് റവ. ഫാ.ജെയിംസ് ഏർത്തയിൽ സി.എം.ഐ യുടെ നേതൃത്വത്തിൽ ജനറൽ പ്ലീനറി മീറ്റിംങ്ങ് നടത്തി.

CRI Executive members അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിനെ സന്ദർശിച്ചു.

14.12.2014 എഫ്.സി.സി. സഭാസ്ഥാപനദിനത്തിൽ വെങ്ങിണിശ്ശേരിയിൽ പത്ത് പോസ്റ്റുലൻസ് നൊവിഷ്യേറ്റിലേക്കും മരത്താക്കരയിൽ പത്ത് അർത്ഥിനികൾ പോസ്റ്റുലൻസിയിലേക്കും പ്രവേശിച്ചു. നോവീസ്സ സിന്റെ മിസ്ട്രസ്സായി സി. റാണി തെരേസിനെയും പോസ്റ്റു ലൻസിന്റെ മിസ്ട്രസ്സായി സി. ജോസി ഒലക്കേങ്കിലിനെയുമാണ് നിശ്ചയിച്ചിരിക്കുന്നത്. പ്രൊവിൻഷ്യൽ ടീം ഈ ചടങ്ങുകളിൽ അവ രോടൊപ്പമുണ്ടായിരുന്നു.

15.12.2014 എഫ്.സി.സി.രണ്ടാം വർഷ നോവീസസിന്റെ റീജൻസിക്കാലത്ത് ഒരു മാസം ഏതെങ്കിലും ധ്യാനസെന്ററിൽ പ്രാർത്ഥനയ്ക്കും പരി ശീലനത്തിനും അവസരം നൽകണമെന്ന മേജർ സുപ്പീരിയേ ഴ്സിന്റെ തീരുമാനമനുസരിച്ച് ഡിസംബർ 15-ാം തീയതി രണ്ടാം വർഷ നോവീസസ് ധോണി മരിയൻ റിന്യൂവൽ സെന്ററിലേക്ക് പോയി.

സി.എസ്.സി. സുപ്പീരിയർ ബഹു. മദർ ആശയും, ജനറൽ കൗൺസിലേഴ്സും സീറോ മലബാർ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ

ജോർജ്ജ് ആലഞ്ചേരി ശ്രേഷ്ഠ മെത്രാപോലീത്തായെ സന്ദർശിച്ചു.

16.12.2014 സി.എസ്.എം. അഭിവന്ദ്യ മാർ ജോസ് പുത്തൻവീട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തിയ ദിവ്യബലിയോടെ മണ്ണംപേട്ട ജനറലേറ്റിൽ സമർപ്പിതവർഷം ഉദ്ഘാടനം ചെയ്തു.

17.12.2014. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി.ഫിലോ ജോസഫ് തുമ്പൂർ, പരിയാരം എന്നീ മഠങ്ങൾ സന്ദർശിച്ച് നോവിസസ്സിന് ഇന്റർവ്യൂ നടത്തി.

സി.എസ്.എം. അഞ്ചേരി അസിസ്സി കോൺവെന്റിനോടു ചേർന്നു പ്രവർത്തിക്കുന്ന ലൂർദ്ദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിന്റെ ഡയബറ്റിക് ക്ലിനിക് ഉദ്ഘാടനം നടത്തി. സുപ്പീരിയർ ജനറൽ സി. ജിയോ മരിയ ആശംസകളർപ്പിച്ചു.

18.12.2014 സി.എം.സി. പ്രമാണരേഖയിൽ വന്ന മാറ്റത്തെ കുറിച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മൂന്നു ദിവസം ക്ലാസ്സുകൾ നൽകി.

19.12.2014 സി.എസ്.സി. സ്ഥാപകൻ ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 135-ാം ജന്മദിനം കോലഴി മരിയഭവൻ ജനറലേറ്റിൽ ആഘോഷിച്ചു.ദേവമാതാ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. വാൾട്ടർ സി.എം.ഐ ദിവ്യബലിയർപ്പിച്ചു.

സി.എം.സി. മെന്റൽ ഹോസ്പിറ്റൽ അന്തേവാസികൾക്കായി കാന്റിഡേറ്റ്സ് കലാപരിപാടികൾ അവതരിപ്പിക്കുകയും പ്രൊവിൻഷ്യൽ കൗൺസിൽ സ്നേഹവിരുന്ന് നൽകി ക്രിസ്മസ്സ് സന്തോഷം പങ്കിടുകയും ചെയ്തു.

സി.എം.സി.പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ ജാഗരണ പ്രാർത്ഥനയിൽ വിവിധ മഠങ്ങളിൽ നിന്ന് ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.

21.12.2014 എസ്.എ.ബി.എസ്. ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടന്ന Power Retreat- ൽ സംബന്ധിച്ച 10 സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രോവിൻസിലെ എല്ലാ സിസ്റ്റേഴ്സിനും പല ബാച്ചുകളിലായി Power Retreat നടത്തി.

സി.എസ്.എസ്.ഡിസംബർ 21, 22 തിയ്യതികളിൽ സ്നേഹദീപ്തി സ്പെഷ്യൽ സ്കൂളിൽ വെച്ച് നടത്തിയ ജീവിതദർശന ക്യാമ്പ്, 'പ്രകാശോത്സവ് 2014' ൽ 30 പെൺകുട്ടികൾ പങ്കെടുത്തു. റവ. ഫാദർ അഗസ്റ്റിൻ വടക്കേത്തലയ്ക്കൽ ഒ.എസ്.എസ്.ടി.ക്ലാസുകൾക്ക് നേതൃത്വം നൽകി.

സി.എം.സി. കോലഴി ഇടവകയിലെ എല്ലാ മാതാപിതാക്കൾ

ക്കുമായി വി.ചാവറപിതാവിനെയും വി.എവുപ്രാസ്യമ്മയെയും കുറിച്ച് കാസ്സുകൾ നൽകുകയും ക്രിസ്മസ്സ് ആഘോഷം നടത്തി സൗഹൃദം പങ്കിടുകയും ചെയ്തു.

സി.എസ്.എം.ജൂനിയർ സിസ്റ്റേഴ്സിനായി ലൂർദ്ദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ കോഴ്സിൽ പ്രൊവിൻഷ്യൽ സി. ബിയാട്രിസ് ക്ലാസെടുത്തു. സുപ്പീരിയർ ജനറൽ സി. ജിയോ മരിയയും, ലൂർദ്ദ് നാഥാ അസി. പ്രൊവിൻഷ്യൽ സി. മെറിൻ ആന്റോയും ചേർന്ന് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിനെ ക്രിസ്മസ് വിഷ് ചെയ്തു.

22.12.2014 എഫ്.സി.സി. 2014 ഡിസംബർ 22-ാം തീയതി തിങ്കളാഴ്ച 9.30 am മുതൽ 4 pm വരെ പെൺ കുട്ടികൾക്കായി ഏകദിന മരിയൻ ക്യാമ്പ് നെല്ലിക്കുന്ന് ഡോ ബോസ്കോ കോൺവെന്റ് ഹൈസ്കൂളിൽ സംഘടിപ്പിച്ചു.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി.ഫിലോ ജോസഫും കൗൺസിലേഴ്സും പുല്ലഴി ക്രസ്റ്റീന ഹോം സന്ദർശിച്ച് കുട്ടികൾക്ക് ക്രിസ്തുമസ് ആശംസകൾ നേരുകയും നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി.ഫിലോ ജോസഫിന്റെ നേതൃത്വത്തിൽ ഒളരിക്കര ഇടവകയിലെ 100 കുടുംബങ്ങൾക്ക് 5 കിലോ അരിയും കേക്കും വിതരണം ചെയ്തു.

സി.എസ്.എം . ബിഷപ്പ് ഹൗസിലെ അയൽക്കൂട്ടം പരിപാടിയിൽ ബഹു. സിസ്റ്റേഴ്സ് പങ്കെടുത്തു.

സി.എസ്.എസ്.മണ്ണുത്തി സ്നേഹോദയ പ്രൊവിൻഷൽ ഹൗസിൽ വെച്ച്, ജൂനിയർ സിസ്റ്റേഴ്സിനായി നടത്തിയ ഏകദിന സെമിനാറിൽ 38 സിസ്റ്റേഴ്സ് പങ്കെടുത്തു.

28.12.2014 എസ്.എ.ബി.എസ്. സാഗർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ആന്റണി ചിറയത്ത് പിതാവ് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

സി.എസ്.എം . അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ, ലൂർദ്ദ്നാഥാ പ്രൊവിൻഷ്യൽ സന്ദർശിച്ച് ക്രിസ്മസ് ആശംസകൾ കൈമാറി.

29.12.2014 എഫ്.സി.സി.പുതുതായി പണി കഴിപ്പിച്ച വെങ്ങിണിശ്ശേരി എൽ.പി. സ്കൂളിന്റെ വെഞ്ചെരിപ്പ് കർമ്മം മഠം ചാപ്ലെയിൻ റവ. ഫാ. ജാക്സൻ ചാലക്കൽ നിർവ്വഹിച്ചു. പ്രൊവിൻഷ്യൽ ഈ പരിപാടികളിൽ സിഹിതയായിരുന്നു.

30.12.2014. സി.എച്ച്.എഫ്. സെന്റിനറി വർഷം പ്രമാണിച്ച് അധ്യാപകർക്കായി

നടത്തിയ ടീച്ചേഴ്സ് ക്വിസ് പരിപാടിയിൽ 2014 -ൽ അയ്യന്തോൾ നിർമ്മല യു.പി.സ്ക്കൂൾ അധ്യാപിക റവ.സി.ഹെലൻ റോസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

31.12.2014 സി.എസ്.സി.കോലഴി മരിയഭവൻ ജനറലേറ്റിൽ മെൽബൻ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പിതാവ് മാർ ബോസ്കോ പുത്തൂർ സൗഹൃദ സന്ദർശനം നടത്തി.

സി.എം.സി. മാർ ബോസ്കോ പുത്തൂർ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് സന്തോഷം പങ്കിട്ടു.

**ആദരാഞ്ജലികൾ**



26.11.2014 എസ്.എൻ.ഡി.എസ്.സി.റോസിലി വാഴപ്പറമ്പൻ നിര്യാതയായി.



27.11.2014. സി.എച്ച്.എഫ്.ചേലക്കര ലിറ്റിൽ ഫ്ളവർ ഭവനാംഗമായ സി.ജെയിൻ ഫ്രാൻസീസ് നിര്യാതയായി. 28-ാം തിയ്യതി അഭിവന്ദ്യ മാർ.റാഫേൽ തട്ടിൽ പിതാവിന്റെ പ്രധാന കാർമ്മീകത്വത്തിൽ മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ മൃതദേഹം സംസ്ക്കരിച്ചു.



10.12.2014 എസ്.എ.ബി.എസ്.പടവരാട് ശാന്തിഭവൻ മഠാംഗമായിരുന്ന സി.അസംപറ്റ നിര്യാതയായി. 11.12.2014-ന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ സംസക്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും മഠത്തിനോടനുബന്ധിച്ചുള്ള കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



27.12.2014. സി.എച്ച്.എഫ്.ഒളരിക്കര ഹോളിഫാമലി ഭവനാംഗമായ സി.സബീന നിര്യാതയായി. 28-ാം തിയ്യതി അഭിവന്ദ്യ മാർ.ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മീകത്വത്തിൽ മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ മൃതദേഹം സംസ്ക്കരിച്ചു.

സി.ആർ.ഐ. സെക്രട്ടറി

**സി.ജോസഫൈൻ പാലത്തിങ്കൽ** SAB

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

"യേശുവിനെ അറിയുക, അറിയിക്കുക" എന്ന ലക്ഷ്യത്തോടെയാണല്ലോ ഈ അദ്ധ്യയന വർഷത്തെ മതബോധന ക്ലാസ്സുകൾ ആരംഭിച്ചത്. അദ്ധ്യയനവർഷത്തിന്റെ പരിസമാപ്തിയായി വാർഷിക പരീക്ഷകൾ അടുത്തുവരുകയാണല്ലൊ. യേശുവിനെ എന്തുമാത്രം അറിഞ്ഞു, പഠിച്ചു എന്നൊക്കെ സ്വയം വിലയിരുത്തുവാനുള്ള നല്ലൊരു അവസരമാണ് ഈ വാർഷിക പരീക്ഷ വാർഷിക പരീക്ഷക്കായ് എല്ലാവിധ വിജയഭാവുകങ്ങളും എല്ലാവർക്കും നേരുന്നു.

**ഡയറക്ടർമാർ സന്ദർശിച്ച മതബോധന യൂണിറ്റുകൾ**

കോനിക്കര, മാന്ദാമംഗലം, കോടന്നൂർ, പഴയങ്ങാടി, ചെമ്മണ്ണൂർ

**1. Sunday Catechism - Annual Examination 2015**

| | |
|---|---|
| 8th February 2015 | : Stds. I, III, V, VII, IX, XI (2pm - 4 pm) |
| 15th February 2015 | : Std XII (2 pm - 4 pm) |
| | : ACC (2 pm - 5 pm) |
| 22nd February 2015 | : Stds. II, IV, VI, VIII, X (2pm - 4 pm) |

വാർഷിക പരീക്ഷയെ സംബന്ധിച്ച് മതബോധന കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച നിബന്ധനകൾ (Attendance, Syllabus, Marks Distribution എന്നിവയെ സംബന്ധിച്ച്) Annual Programme, Pages 14-19 ൽ നൽകിയിട്ടുണ്ട്.

Std.I മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ ഒരു ദിവസം എല്ലാ അദ്ധ്യാപകരും ഒന്നുചേർന്ന് നടത്തുവാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ Answer Key അതിരൂപതാ മതബോധനത്തിൽ നിന്നും മാർച്ച് 1ന് ഹെഡ്മാസ്റ്റർക്ക് ലഭിക്കുന്നതാണ്.

**2. Std. XII & ACC Common Examinations - February 2015**

1. ബഹു. വൈദികരുടെ മേൽനോട്ടത്തിലും H.M. ന്റെ ചുമതലയിലുമാണ്. പരീക്ഷകൾ നടത്തേണ്ടത്. Examination Hall-ൽ മേൽനോട്ടത്തിന് മറ്റ് ക്ലാസ്സുകളിലെ അദ്ധ്യാപകരുടെ സഹായം ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണ്
2. പരീക്ഷാ നടത്തിപ്പിന് Visitor ആയി നിയമനം ലഭിച്ചിരിക്കുന്നവർ നൽകിയിരിക്കുന്ന യൂണിറ്റുകളിലേക്ക് പരീക്ഷ ആരംബിക്കുന്നതിനുമുമ്പു

തന്നെ എത്തിച്ചേരുകയും വികാരിയച്ചൻ/ഹെഡ്മാസ്റ്റർ എന്നിവരെ സന്ദർശിച്ച് എല്പിച്ചിരിക്കുന്ന ചുമതലകൾ കൃത്യമായി തന്നെ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്. സ്വന്തം യൂണിറ്റിലേയും പോകുന്ന യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.

3. ACC Centralised Valuation മതബോധന കേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുവാൻ Calicut University യുടെ ACC Examination Board തീരുമാനിച്ചിരിക്കുന്നു. യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ACC Centralised Valuation നടത്തുന്നതാണ്.
4. Std. XII, ACC, Centralised Evaluation ന് Std. XII, ACC പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരും നിർബന്ധമായും വരേണ്ടതാണ്. (വിശദവിവരങ്ങൾ താഴെ നൽകിയിരുന്നത് ശ്രദ്ധിക്കുക)
5. പരീക്ഷ നടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകുന്നതിനുള്ള സന്ദർഭം വന്നുചേരരുത്.
6. Std. XII, ACC വിദ്യാർത്ഥികളുടെ Registration Number, Hall Ticket എന്നിവ അതിരൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും ഓരോ യൂണിറ്റിലേയും ഹെഡ്മാസ്റ്റർ / സെക്രട്ടറി വാങ്ങിച്ച് വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.
7. Internal Assessment Marks Sheet ഓരോ യൂണിറ്റിലേക്കും തയ്യാറാക്കിയിരിക്കുന്നത് അതിരൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും ഹെഡ്മാസ്റ്റർ/സെക്രട്ടറി കൊണ്ടുപോകേണ്ടതാണ്. മാർച്ച് 1നു മുൻപുതന്നെ വികാരിയച്ചന്റെ ഒപ്പോടുകൂടി Internal Assessment Mark List മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. Unit-ൽ നിന്നും തന്നിരിക്കുന്ന List ന്റെ അടിസ്ഥാനത്തിൽ Half Yearly Exam.ന് ലഭിച്ചിരിക്കുന്ന മാർക്കിന്റെ അനുപാതം Internal Assessment Sheet ൽ ചേർത്തിട്ടുണ്ട്. Std. XII Interanal Marks നൽകുവാനുള്ള മാനദണ്ഡം വളരെ കൃത്യമായി പാലിക്കുക. മാനദണ്ഡങ്ങൾക്ക് Please See Annual Programme P. 25.

**3. Centralised Evaluarion - 2015**

Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരും നിർബന്ധമായും മതബോധന കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

a) Chief Examiners’s Meeting : 1st March Sunday (സമയം 09.30 am - 04.30 pm)

b) ACC Centralised Evaluation (സമയം 09.30 am - 04.30 pm)
Saturday 7th March & Sunday 8th March

c) Std. XII Centralised Evaluation (സമയം 09.30 am - 04.30 pm)
Saturday 14th March & Sunday 15th March

**4. Intensive Catechism - ദൈവദർശൻ 2015**

ഏപ്രിൽ, മെയ് മാസങ്ങളിൽ യൂണിറ്റിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിനെ പറ്റിയുള്ള വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക

Minor Seminary Rector Rev. Fr. Jaison Koonamplakkal : 0487 - 2420891, 2423196

**5. Unit Visit Report**

Unit Visit Report മതബോദനകേന്ദ്രത്തിൽ എത്തിച്ചുതരാത്തവർ ഉടനെ തന്നെ അത് എത്തിച്ചുതരേണ്ടതാണ്.

**6. Sunday Catechism Scholarship Exam-2015**

(Scholarship Examination സംബന്ധിച്ച വിവരങ്ങൾക്ക് Please See Annual Programme Pages 17, 18)

1. Std. IV to XI ലെ കുട്ടികൾക്കായി Scholarship പരീക്ഷ അതിരൂപതാടിസ്ഥാനത്തിൽ **April 18 Saturday 2 pm - 4 pm** ന് വിവിധ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു. കേന്ദ്രങ്ങൾ അറിയിക്കുന്നതാണ്.
2. Half Yearly & Annual Examination (രണ്ടുപരീക്ഷകളിലും കൂടി) 88% മാർക്കിൽ കുറവുള്ള കുട്ടികൾക്ക് ഈ പരീക്ഷ എഴുതാൻ അർഹതയില്ല.
3. യൂണിറ്റിൽ നിന്നും Scholarship പരീക്ഷ എഴുതാനായി നിർദ്ദേശിക്കുന്ന കുട്ടികളുടെ Annual Examination Answer Paper അതിരൂപത മതബോധന കേന്ദ്രത്തിലേക്ക് മാർച്ച് 16ന് മുമ്പ് അയച്ചുതരണം. അവ മതബോധന കേന്ദ്രത്തിൽ Re-evaluation ചെയ്ത് അർഹിക്കുന്ന കുട്ടികളെ തെരഞ്ഞെടുക്കുകയും വിവരം യൂണറ്റിൽ അറിയിക്കുകയും ചെയ്യുന്നതാണ്. മതബോധനകേന്ദ്രത്തിൽ നിന്നും Scholarship Eligible Students List പ്രസീദ്ധീകരിച്ചതിനുശേഷം മാത്രമേ യൂണിറ്റുകളിൽ വാർഷിക പരീക്ഷാഫലം പ്രസിദ്ധീകരിക്കാനാവൂ.
4. യൂണിറ്റിൽ നിന്നും സ്കോളർഷിപ്പ് പരീക്ഷക്ക് നിർദ്ദേശിക്കുന്ന കുട്ടികലുടെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രം നൽകിയിരിക്കുന്ന Answer Key അടിസ്ഥാനത്തിൽ കൃത്യതയോടും നീതിയോടും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്. ആനുപാതികമല്ലാതെയും അർഹതയില്ലാതെയും മാർക്ക് നൽകിയ ഉത്തരകടലാസ്സുകളുണ്ടോ എന്നത് വികാരിയച്ചനും ഹെഡ്മാസ്റ്ററും പരിശോധിക്കേണ്ടതാണ്.
5. Eligible Students List & Answers Papers മതബോദന കേന്ദ്രത്തിൽ ലഭിക്കേണ്ട അവസാന തിയ്യതി മാർച്ച് 16 തിങ്കൾ. അവസാന തിയ്യതിക്കു ശേഷം വരുന്ന കുട്ടികളുടെ പേരും ഉത്തരകടലാസ്സുകളും സ്വീകരിക്കുന്നതല്ല.

## 7. School Catechism & Moral Science Scholarship Exam. 2015

(Please See Annual Scheme of Work Pages 5, 6)

പരീക്ഷാ ദിവസം: 8th April Tuesday 2 pm-4 pm

പതിവുപോലെ 7 കേന്ദ്രങ്ങളിൽ വെച്ചു നടത്തുന്നു. Students List മതബോധനകേന്ദ്രത്തിൽ ലഭിക്കേണ്ട അവസാന തിയ്യതി **15th February**

## 8. SMCC Award - 2014

സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ Syro-Malabar Catechetical Commission (SMCC) Awardന് തൃശ്ശൂർ അതിരൂപതയിൽ നിന്നും പങ്കെടുത്തവർ: Gloria Varghese, Blessy Varghese, Alan Antony, Nirmal Pellissery. സീറോ മലബാർ സഭയുടെ കേരളത്തിലെ 13 രൂപതകളിൽ നിന്നുമുള്ള 52 കുട്ടികളിൽ നിന്നും സീറോ മലബാർ സഭയുടെ പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട തൃശ്ശൂർ അതിരൂപതയിൽ പനമുക്ക് ഇടവകാംഗമായ Gloria Varghese ന് അഭിനന്ദനങ്ങൾ.



**Gloria Varghese**
Panamuck



**Alan Antony**
Thiroor



**Blessy Varghese**
Puthuruthy



**Nirmal Pellissery**
Ammadam

9. തൃശ്ശൂർ അതിരൂപതയിൽ 8, 9, 10, 11 ക്ലാസ്സുകളിലെ മതബോധന വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട CCC Quiz 2014 അതിരൂപതാ റാങ്ക് ജേതാക്കൾക്ക് അഭിനന്ദനങ്ങൾ.

**CCC Quiz 2014 - Senior Section Rank List**

| Rank | Reg. No. | Name | Std. | Unit | Mark |
|---|---|---|---|---|---|
| 1 | C S 14 2038 | ATHIRA JOJO | X | CHIYYARAM | 99 |
| 2 | C S 14 2094 | ANSA FRANCIS | XI | VELUPADAM | 98.5 |
| 3 | C S 14 2054 | ROSE MUTTATH | X | KOTTAPADY | 98.25 |
| 4 | C S 14 2051 | ANILA SOJAN | X | PERINCHERY | 98 |
| 5 | C S 14 2005 | DWELLA ROSE JOE | X | POOTHOLE | 97.75 |
| 6 | C S 14 2061 | MINJU LOUIS | XI | AMBAKAD | 97.50 |
| 7 | C S 14 2022 | ASHNA MARIA | XI | AMALA NAGAR | 97.25 |
| 8 | C S 14 2049 | ANU RAPHY | XI | PANAMKUTTICHIRA | 97 |
| 9 | C S 14 2063 | JOMOL JOHN | XI | PARAPPUR | 96.75 |
| 10 | C S 14 2010 | JAIN JAMES | X | MARIAPURAM | 96 |
| 11 | C S 14 2093 | JOVIA BABU | XI | VELUPADAM | 95.50 |
| 12 | C S 14 2065 | JISNA GIJI | XI | KANNARA | 94.50 |

| | | | | | |
|---|---|---|---|---|---|
| 13 | C S 14 2018 | NAMI THOMAS | XI | PAREMPADAM | 94.25 |
| 14 | C S 14 2064 | JISNA K. J. | X | PERUVALLUR | 94 |
| 15 | C S 14 2046 | SREYA TONY | X | OLLUR | 93.50 |

**Junior Section Rank List**

| Rank | Reg. No. | Name | Std. | Unit | Mark |
|---|---|---|---|---|---|
| 1 | C J 14 1057 | HELNA HENRY | VIII | PERINCHERY | 99 |
| 2 | C J 14 1099 | RIA ROSE | IX | THANGALOOR | 98 |
| 3 | C J 14 1030 | GODSON P. ANTONY | VIII | ERAVU | 97.75 |
| 4 | C J 14 1059 | DELLA ANN PALIAKARA | VIII | PULAKKATTUKARA | 97.50 |
| 5 | C J 14 1061 | SHINSA SHAJAN | VIII | THALORE | 97 |
| 6 | C J 14 1007 | ANJU MARIA MAXI | IX | SEVANALAYAM | 96.75 |
| 7 | C J 14 1004 | LIYA M. BABU | IX | NEHRU NAGAR | 96.50 |
| 8 | C J 14 1076 | JANET OXEN | IX | CHIRAKKAL | 96.25 |
| 9 | C J 14 1088 | SONA N. D. | VIII | PUDUKAD | 96 |
| 10 | C J 14 1095 | SINDA ROSE T. S. | VIII | ERANELLUR | 95.75 |
| 11 | C J 14 1103 | DENCYMOL BABY | VIII | VELUR | 95.50 |
| 12 | C J 14 1067 | SMRUTHI PIUS | VIII | AMBAKAD | 94.75 |
| 13 | C J 14 1089 | DELNA SUNNY | IX | SNEHAPURAM | 94.50 |
| 14 | C J 14 1045 | NIMMI JOSEPH | IX | CHITTATTUKARA | 94.25 |
| 14 | C J 14 1021 | ANGEL ROSE | VIII | PONGANAMKAD | 94.25 |
| 15 | C J 14 1096 | SONA OUSEPH | VIII | KIRALUR | 94 |
| 15 | C J 14 1058 | CHRISTINA SHAJU | IX | PERINCHERY | 94 |

**10. Text Books for 2015-2016**

മെയ് 20 മുതൽ ഞായറാഴ്ച വിശ്വാസ പരിശീലന പാഠാവലി (Text Books) വിതരണം ചെയ്യാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

**11. Non-detailed Book**

വിശുദ്ധ എവുപ്രാസിയയുടെ വിശുദ്ധ ജീവിതത്തെ പരിചയപ്പെടുത്തുന്ന ചെറിയ പുസ്തകം (Std. IV) ലും വിശുദ്ധ ചാവറയച്ചന്റെ വിശുദ്ധ ജീവിതത്തെ പരിചയപ്പെടുത്തുന്ന ചെറിയ പുസ്തകം (Std. VI) ലും Non detailed Book ആയിരിക്കും

**12. Bible Study Book**

Std. I to XII പുസ്തകങ്ങൾക്ക് മാറ്റമില്ല

**13. Aptitude Re-Examination**

**Date** : 14th February, Saturday **Time**: 2 pm - 4pm
**Venue** : DBCLC, Catechetical Centre, Thrissur

പുസ്തകങ്ങൾക്ക് മാറ്റമില്ല

സസ്നേഹം,

**Fr. Antony Mecheripady**
Asst. Director

**Fr. Jiphy Mekkattukulam**
Director

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ – ആചരിക്കാൻ**

**2015 ഫെബ്രുവരി**

06ആദ്യവെള്ളി – കുർബ്ബാന
11 ബുധൻ – ലൂർദ്ദ് മാതാവ്
16 തിങ്കൾ – വിഭൂതി തിരുനാൾ
17 ചൊവ്വ – ശിവരാത്രി
20 വെള്ളി – ശ്രീരാമകൃഷ്ണ ജയന്തി

**2. ലിസ്റ്റ് ലീവ് റിപ്പോർട്ട്**

2014 വർഷത്തിൽ ഏറ്റവും കുറവ് കാഷ്വൽ ലീവ് (5 ൽ കുറവ്) എടുത്തിട്ടുള്ള സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം. 2015 ഫെബ്രുവരി 10–ാം തിയതിക്കകം ഏജൻസി ഓഫീസിൽ നൽകേണ്ടതാണ്.

3. **M.G. Bill Sanction Order**

ഡിപ്പാർട്ടുമെന്റിൽ നിന്ന് M.G. Bill അതത് സ്കൂളുകൾ വാങ്ങി ഏറ്റവും വേഗത്തിൽ ഏജൻസി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**4. റിട്ടയർമെന്റ് ലിസ്റ്റ്**

2014–2015 വർഷത്തിൽ സർവ്വീസിൽ നിന്ന് വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം താഴെ കൊടുത്തിരിക്കുന്ന മാതൃക ഫോറത്തിൽ കാണും വിധം എഴുതി 2015 ഫെബ്രുവരി 10ന് അകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്. വിരമിക്കന്നവർ ഇല്ലെങ്കിൽ Nil റിപ്പോർട്ട് നൽകേണ്ടതാണ്.

**റവ. ഫാ. തോമസ് കാക്കശ്ശേരി,** കോർപ്പറേറ്റ് മാനേജർ.

**Retirement List (2014-2015)** **(Specimen Proforma)**

Name of School:

| Sl. No | Name of Staff Member | Designation | Date of Birth | Date of Retirement | Name of the Parent School |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |

I hereby declare that the above said facts are true to my knowldege and belief.

Date (Seal) Signature of the
Place Headmaster/Headmistress

Note : Parent School Means:
a) School from where nomination is received or
b) School at which the teacher on worked as on 31.03.1971

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

**3 Months Basic Theology Course**

സന്യാസാർത്ഥിനികൾക്കായുള്ള മൂന്നുമാസത്തെ ബെയ്സിക് തിയോളജി കോഴ്സ് ജനുവരി 7 ബുധനാഴ്ച രാവിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ഡയറക്ടർ ഡോ. ജിഫി മേക്കാട്ടുകുളം വിശുദ്ധ കുർബ്ബാനയോടുകൂടി കോഴ്സ് ഉദ്ഘാടനം ചെയ്ത് ക്ലാസ്സുകൾ ആരംഭിച്ചു. 9 സന്യാസസഭകളിൽ നിന്നുള്ള 32 സന്യാസാർത്ഥിനികളാണ് കോഴ്സിൽ പങ്കെടുക്കുന്നത്. പങ്കെടുക്കുന്ന സന്യാസസമൂഹങ്ങൾ താഴെ കൊടുക്കുന്നു.

1. Sisters of FCC
2. Sisters of St. Elizabath
3. Sisters of Holy Trinity
4. Sisters of St. Martha
5. Sisters of Samaritan
6. Sisters of Mount Calvary
7. Sisters of Clelia
8. Society of Nirmalayam
9. Sisters of Nirmal Dasi

**B.A in Theology and Religious Studies** ന്റെ ഒരു പുതിയ ബാച്ച് 2015 മാർച്ചിൽ ആരംഭിക്കുന്നതായിരിക്കും. എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും 2 മണി മുതൽ 5 മണി വരെ ആയിരിക്കും ക്ലാസ്സുകൾ. വിദ്യഭ്യാസ യോഗ്യതയും വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാ അത്മായർക്കും സന്യസ്തർക്കും സ്വാഗതം. റിട്ടയേർഡ് ഉദ്യോഗസ്ഥർക്കും, സ്കൂൾ അദ്ധ്യാപകർക്കും മതബോധന അദ്ധ്യാപകർക്കും, ഈ കോഴ്സുകളിലേക്ക് സ്വാഗതം. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ മാർച്ച് 16–ാം തിയതി തിങ്കളാഴ്ച. 2.30 pm -6.30 pm വരെ നടക്കുന്ന Entrance Examൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**കറസ്പോണ്ടൻസ് തിയോളജി**യുടെ അടുത്ത ക്ലാസ്സ് ഫെബ്രുവരി 8, 22 എന്നീ ഞായറാഴ്ചകളിൽ 2 മണി മുതൽ 5 മണി വരെയായിരിക്കും.

**Correspondence Theology Course** പൂർത്തിയായവർക്കുള്ള സർട്ടിഫിക്കറ്റുകൾ ജനുവരി 26ന് ഡി.ബി.സി. എൽ സിയിൽ വച്ച് നടന്ന സർവ്വീസ് അവാർഡ് ഡേ പ്രോഗ്രാമിൽ വച്ച് വതരണം ചെയ്തു. വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ഫാ. ജിഫി മേക്കാട്ടുകുളം**

ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

**പുതുവത്സരത്തിൽ ഉണർവ്വോടെ (04.01.15)**

രണ്ടാഴ്ചയോളം നീണ്ടു നിന്ന ക്രിസ്തുമസ് അവധിക്കാലം ജനുവരി 4ന് അവസാനിച്ചു. പിറ്റേദിവസം മുതൽ തന്നെ ക്ലാസ്സുകളും തുടങ്ങി. അവധിക്കാലത്ത് തിരുപട്ടങ്ങളിൽ പങ്കെടുക്കാനും വീട്ടുകാരുമൊത്ത് സ്നേഹം പങ്കിടുന്നതിനും സഹോദരങ്ങൾക്ക് സാധിച്ചു. കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടും കൂടി നവവത്സരത്തിന് തുറന്ന മനസ്സോടെ സ്വാഗതമരുളി മേരിമാതാ ഈ അദ്ധ്യയന വർഷത്തിലെ രണ്ടാം സെമസ്റ്ററിലെ രണ്ടാമത്തെ ടേമിന് ആരംഭം കുറിച്ചു.

**ദനഹാ തിരുനാൾ (06.01.15)**

ജനുവരി 6-ാം തിയതി ദനഹാ തിരുനാൾ ആഘോഷിച്ചു. തലേന്ന് രാത്രി 8 മണിക്ക് പ്രാർത്ഥനയോടെ ദനഹാ തിരുനാളിന് തുടക്കം കുറിച്ചു. റവ. ഫാ. ഡേവീസ് കാവുങ്കൽ പ്രാർത്ഥനകൾക്ക് കാർമ്മികത്വം നൽകുകയും റവ. ഫാ. റോയ് മൂക്കൻ സന്ദേശം നൽകുകയും ചെയ്തു. യേശു ലോകത്തിന്റെ പ്രകാശമാണെന്ന ദനഹായുടെ സന്ദേശം ഉൾക്കൊണ്ട് പരമ്പരാഗത രീതിയിൽ ഭംഗിയിൽ അലങ്കരിച്ചിരുന്ന വാഴപിണ്ടിയിൽ തിരി കത്തിക്കുകയും തുടർന്ന് സഹോദരങ്ങൾ ഒന്നിച്ച് ഏൽ-പയ്യാ പാടി പിണ്ടിക്ക് വലംവച്ച് ദനഹാ കൊണ്ടാടി.

**വേറിട്ട ഒരു മാസധ്യാനം (10.01.15)**

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട. ഒരു വ്യക്തിയെ കൂടുതൽ അടുത്തറിയുന്നതിനും മനസ്സിലാക്കുന്നതും അയാളുടെ സുഹൃത്തുക്കളാണ്. അവർ നല്കുന്ന തിരുത്തലുകളും നിർദ്ദേശങ്ങളും വിലയേറിയതാണ്. ഈ ആശയം ഉൾകൊണ്ട് സുഹൃത്തുക്കളിലൂടെ സ്വയം അറിയുന്നതിനും വ്യക്തിത്വവികാസം പ്രാപിക്കുന്നതിനുമായി ബാച്ചടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് സഹോദരങ്ങൾ പരസ്പരം വിലയിരുത്തകയും, ഓരോരുത്തരിലേയും നന്മകളും, കുറവുകളും ചൂണ്ടികാണിക്കുകയും ചെയ്തു. മറ്റുള്ളവർ തങ്ങളെ എങ്ങനെ വിലയിരുത്തുന്നുവെന്നും അതനുസരിച്ച് എന്തെല്ലാം മാറ്റങ്ങൾ തങ്ങളുടെ ജീവിതത്തിൽ വരുത്തണം എന്നും ദിവ്യകാരുണ്യത്തിനു മുമ്പിലിരുന്ന് ചിന്തിച്ച് തീരുമാനങ്ങൾ എടുക്കുന്നതിന് ഈ മാസധ്യാനത്തിലൂടെ സഹോദരങ്ങൾക്ക് സാധിച്ചു.

**നവവൈദികർക്ക് സ്വീകരണം (11, 17.01.15)**

മേരിമാതാ സെമിനാരിയിൽ നിന്നും പഠനം പൂർത്തിയാക്കിയ നവവൈദികർക്ക് ആശംസകൾ അർപ്പിക്കുന്നതിനായി ജനുവരി 11ന് വൈകീട്ട് സെമിനാരി കുടുംബം ഒത്തുകൂടി. സെമിനാരി സന്ദർശിക്കാൻ വന്ന റോമിലെ സാമ്പ

ത്തിക കാര്യാലയം പ്രസിഡന്റ് കർദ്ദിനാൾ ജ്യൂസപ്പേ വെർസാർഡിയും ഷെവലിയാർ പവ്ളോ സാവിയോളയും, മാർ ആൻഡ്രൂസ് താഴത്തും യോഗത്തിൽ പങ്കെടുത്ത് നവവൈദികർക്ക് ആശംസകളർപ്പിച്ചു. പിറ്റേ ദിവസം രാവിലെ നവവൈദികർ ഒന്നുചേർന്ന് ദിവ്യബലിയർപ്പിച്ച് ദൈവത്തിന് നന്ദിയർപ്പിച്ചു. തുടർന്ന് നവവൈദികരുടെ അഭിഷിക്ത കരങ്ങൾ ചുംബിച്ച് സെമിനാരി കുടുംബം തങ്ങളുടെ സ്നേഹം പ്രകടിപ്പിച്ചു. ജനുവരി 17ന് മേരിമാതയിൽ നിന്ന് തത്ത്വശാസ്ത്ര പഠനം പൂർത്തിയാക്കി മറ്റു സെമിനാരികളിൽ തുടർപഠനം നടത്തിയ നവാഭിഷിക്തരെ ക്ഷണിക്കുകയും അവർ വന്ന് കൃതജ്ഞതാ ബലി അർപ്പിക്കുകയും ചെയ്തു.

**എക്യുമെനിക്കൽ മീറ്റ് (18.01.15)**

സഭൈക്യ വാരാചരണത്തിന്റെ ഭാഗമായി ജനുവരി 18-ാം തിയതി ഞായാറാഴ്ച സെമിനാരിയിൽ എക്യുമെനിക്കൽ കൂട്ടായ്മയുടെ നേതൃത്വത്തിൽ പ്രാർത്ഥന സംഘടിപ്പിച്ചു. വിവിധ ക്രിസ്തീയ സഭകളുടെ പ്രതിനിധികൾ പരസ്പരം പരിചയപ്പെടുത്തുകയും, ഒരുമിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ദൈവശാസ്ത്രപരമായ വ്യത്യാസങ്ങളുണ്ടെങ്കിലും എല്ലാസഭാ വിഭാഗങ്ങളുടേയും കൂട്ടായ പ്രവർത്തനത്തിന്റെ ആവശ്യകതയെ ഈ യോഗം എടുത്തു കാട്ടി.

**മേജർ-മൈനർ സെമിനാരി റെക്ടർമാരുടെ സംഗമം (22.01.15)**

സീറോ മലബാർ സഭയിലെ മേജർ - മൈനർ സെമിനാരി റെക്ടർമാരുടെ സംഗമം മേരിമാതയിൽ നടന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കേരളത്തിന് പുറത്തുനിന്നും റെക്ടർമാർ ഈ യോഗത്തിൽ പങ്കെടുത്തു. ഭാവി വൈദിക പരിശീലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ച് ഗഹനമായ ചർച്ചകൾ നടന്നു. പ്രത്യേകിച്ച് മേജർ സെമിനാരിയിലേക്കുള്ള പ്രവേശന പരീക്ഷയെ കുറിച്ചും, മൈനർ സെമിനാരി പഠനത്തിനു ശേഷമുള്ള ഡിഗ്രി പഠനത്തെ കുറിച്ചുമായിരുന്നു ചർച്ചകൾ. അന്നേ ദിവസം ഉച്ചകഴിഞ്ഞ് മേരി മാതാ സെമിനാരിയിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികളുടെ മൈനർ സെമിനാരി റെക്ടർമാരെയും, സുപ്പീരിയേഴ്സിനേയും വിളിച്ചുകൂട്ടുകയും ചർച്ചകൾ നടത്തുകയും ചെയ്തു.

**റിപ്പബ്ലിക് ദിനം (26.01.15)**

റിപ്പബ്ലിക് ദിനം സെമിനാരി കുടുംബം സാഘോഷം കൊണ്ടാടി. രാവിലെ വി. ബലിക്കുശേഷം പതാക ഉയർത്തുകയും ബ്രദർ വിനയ് പുല്ലുരുത്തിക്കരി ഇംഗ്ലീഷിൽ പ്രസംഗിക്കുകയും ചെയ്തു. റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി ചേർന്ന യോഗത്തിൽ ബ്രദർ ജസ്റ്റിൻ പൂഴികുന്നേൽ മലയാളത്തിലും പ്രസംഗിച്ചു. മുളയം ദേശത്തെ കുട്ടികൾ, യുവജനങ്ങൾ, മുളയം ഇടവക അംഗങ്ങൾ, എസ്.ഒ.എസ്. കുട്ടികൾ, ഫിലോസഫി ബ്രദേഴ്സ് ഞായറാഴ്ച മിനി

സ്ട്രിക്കു പോകുന്ന ചേരികളിലെ ആളുകൾ തുടങ്ങി വിവിധ സ്ഥലങ്ങളിൽ നിന്നു വന്നവർ കലാപരിപാടികൾ അവതരിപ്പിച്ച് സദസ്സ് മനോഹരമാക്കി.

**ബേഴ്സ് സ്ഥാപിച്ചവർ**

**Individual Patron Membership**

1. ശ്രീ. വി.പി. ജോണി, വാഴപ്പിള്ളി എൻക്ലേവ്, മുണ്ടൂർ
2. റെവ. സി. പ്ലാസിഡ്, എസ്.എച്ച്, ജ്യോതിസ് ഭവൻ, കോട്ടയം
3. ശ്രീ. ടി.എൽ. ആന്റണി, തട്ടിൽ ഉമ്പാവു ഹൗസ്, വരന്തരപ്പിള്ളി

**Individual Benefactor Membership**

1. ശ്രീ. കെ. ജെ. സണ്ണി, കൊള്ളന്നൂർ ഹൗസ്, മണലൂർ

**Individual well wishers Membership**

1. കാറ്റക്കിസം സ്റ്റുഡൻസ് പി.ടി.എ. & പാരിഷ്നേഴ്സ്, ലിറ്റിൽഫ്ളവർ ചർച്ച്, ഒരുമനയൂർ

**Individual well wisher Membership**

1. കുമാരി സോണിയ സി.ജെ. ചിറ്റിലപ്പിള്ളി ഹൗസ്, കൊട്ടേക്കാട്
2. ശ്രീ. എ. വി. ഫ്രാൻസീസ്, അന്തിക്കാട്ട് ഹൗസ്, ചെമ്മണ്ണൂർ

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
റെക്ടർ, മേരിമാതാ സെമിനാരി, തൃശ്ശൂർ

PH : 2420891

## സെന്റ് മേരീസ് മൈനർ സെമിനാരി

**ക്രിസ്തുമസ് –പുതുവർഷാഘോഷങ്ങൾ**

ഓരോരുത്തരും താന്താങ്ങളുടെ ദേശത്ത് കുടുംബാംഗങ്ങളോടൊപ്പം ക്രിസ്തുമസ് ആഘോഷിച്ചു. തിരുപ്പട്ടദാനശുശ്രൂഷകളിൽ പങ്കെടുത്ത് തങ്ങളുടെ ജ്യേഷ്ഠസഹോദരന്മാർ ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുന്നതിലുള്ള സന്തോഷം പങ്കുവെച്ചും ഇടവക-അതിരൂപതാ തലങ്ങളിലുള്ള ക്രിസ്തുമസ് ആഘോഷങ്ങളിൽ സജീവ ഭാഗഭാഗിത്വം വഹിച്ചും അവധിക്കാലം അർത്ഥപൂർണ്ണമായി ചെലവഴിച്ച് പുതുവത്സര ദിനത്തിൽ എല്ലാവരും സെമിനാരിയിൽ തിരിച്ചെത്തി.

**ലാറ്ററൻ സെമിനാരി റെക്ടറുടെ സന്ദർശനം**

റോമിലെ ലാറ്ററൻ സെമിനാരിയുടെ റെക്ടർ ആർച്ച്ബിഷപ്പ് എൻറിക്കോ ദൽ കോവൊളോ ജനുവരി 4–ാം തിയതി സെമിനാരി സന്ദർശിച്ച് വൈദിക

വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുകയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്തു. തദവസരത്തിൽ അദ്ദേഹത്തിന്റെ സെക്രട്ടറി റവ. ഫാ. മീർക്കോയും സന്നിഹിതനായിരുന്നു.

**ദനഹാതിരുനാൾ**

ജനുവരി 5-ാം തിയതി വൈകീട്ട് പിണ്ടിയിൽ തിരികൾ തെളിയിച്ചും അനുബന്ധ പ്രാർത്ഥനാ ശുശ്രൂഷ നടത്തിയും ദനഹാ തിരുനാൾ സമുചിതമായി ആചരിച്ചു.ലോകത്തിന്റെ പ്രകാശമായ മിശിഹായെ ആർക്കും ഒന്നിനും മറച്ചുവയ്ക്കാനാവില്ല എന്ന സത്യം അന്നേദിവസം പ്രത്യേകമായി അനുസ്മരണവിഷയമായി.

**നവവൈദികർക്ക് സ്വീകരണം**

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ച 13 വൈദികർക്ക് മാതൃഭവനമായ മൈനർ സെമിനാരി ഹൃദ്യമായി സ്വീകരണം നൽകി. നവവൈദികരെല്ലാവരും ജനുവരി 7-ാം തിയതി വൈകീട്ട് സെമിനാരിയിൽ എത്തിച്ചേരുകയും വൈദിക വിദ്യാർത്ഥികൾക്ക് പ്രചോദനമേകുന്ന വിധത്തിൽ ഓരോരുത്തരും തങ്ങളുടെ പൗരോഹിത്യശുശ്രൂഷാ കാഴ്ചപ്പാടുകൾ പങ്കുവെയ്ക്കുകയും ചെയ്തു. 8-ാം തിയതി രാവിലെ എല്ലാ നവവൈദികരും ഒരുമിച്ച് സെമിനാരി കുടുംബത്തോടൊപ്പം വിശുദ്ധ ബലിയർപ്പിച്ചു. നവവൈദികരുടെ ശുശ്രൂഷാ വീഥികളിൽ സർവ്വദൈവാനുഗ്രഹങ്ങളും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ മാതൃഭവനം അവർക്കെല്ലാവർക്കും ഊഷ്മളമായ ആശംസകൾ നേരുകയും ചെയ്തു.

**മാസധ്യാനം**

പുതുവർഷത്തിലെ ആദ്യത്തെ മാസധ്യാനം ജനുവരി 9, 10 എന്നീ ദിവസങ്ങളിലായി നടന്നു. ധ്യാന ചിന്തകൾ പങ്കുവച്ചത് ബഹു. വർഗ്ഗീസ് തണ്ണിപ്പാറ എസ്.ഡി. ബി. അച്ചനായിരുന്നു. ആരെയും എഴുതി തള്ളാതെ, മറുതലിക്കുന്നവർക്കുവേണ്ടി കൂടി തീഷ്ണമായി പ്രാർത്ഥിച്ച് അവരെക്കൂടി സ്നേഹിക്കാൻ കഴിയുന്ന അജപാലക ഹൃദയം നാം സ്വന്തമാക്കണമെന്ന് ബഹു. വർഗ്ഗീസച്ചൻ പ്രത്യേകം ഊന്നിപ്പറഞ്ഞു.

**വിശുദ്ധ എവുപ്രാസ്യമ്മ & വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ കൃതജ്ഞതാദിനം**

വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട എവുപ്രാസ്യമ്മയുടെയും കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെയും ദീപ്തസ്മരണകൾ ഉണർത്തിയ കൃതജ്ഞതയുടെ വികാരങ്ങൾ ഒരുമയോടെ ദൈവസന്നിധിയിലേക്കുയർത്താൻ തൃശ്ശൂർ അതിരൂപതയിലെ വിശ്വാസികൾ ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന ദൈവാലയങ്കണത്തിൽ 2015 ജനുവരി 10-ാം തിയതി ഒന്നുചേർന്നപ്പോൾ സെമിനാരി കുടുംബവും അന്നത്തെ വിശുദ്ധബലിയിലും തുടർന്നുള്ള പരിപാടികളിലും സർവ്വാത്മനാ പങ്കുകൊണ്ടു.

**കർദ്ദിനാൾ ജുസപ്പേ വെർസൽദിയുടെ സെമിനാരി സന്ദർശനം**

വത്തിക്കാനിലെ സാമ്പത്തിക കാര്യാലയത്തിന്റെ പ്രസിഡണ്ടായ കർദ്ദിനാൾ ജുസപ്പേ വെൽസൽദി 2015 ജനുവരി 11-ാം തിയതി വൈകീട്ട് സെമിനാരി സന്ദർശിച്ചു. ഒരു മണിക്കൂർ സമയം സെമിനാരിയിൽ ചെലവഴിച്ച കർദ്ദിനാൾ സെമിനാരിക്കാരെ അഭിസംബോധന ചെയ്യുകയും അവരുടെ ചോദ്യങ്ങൾക്ക് സന്തോഷത്തോടെ ഉത്തരങ്ങൾ നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തുപിതാവും കർദ്ദിനാളിന്റെ സെക്രട്ടറി ഷെവലിയർ പൗളോയും തദവസരത്തിൽ സന്നിഹിതരായിരുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. റവ. സി. പ്രൊവിൻഷ്യൽ, നവജ്യോതി പ്രൊവിൻഷ്യലേറ്റ്, ഒളരിക്കര
2. ശ്രീ. ടോണി ഏനോക്കാരൻ, എയ്ഞ്ചൽ നഗർ, ഒല്ലൂർ
3. ഹെഡ്മിസ്ട്രസ്, സെന്റ് സെബാസ്റ്റ്യൻ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ചിറ്റാട്ടുകര
4. ശ്രീ. ജോഷി വി. ജെ. വടക്കൻ ഹൗസ്, സോമിൽ റോഡ്, കൂർക്കഞ്ചേരി
5. ഡോക്ടർ ഹാപ്പി ജോണി, വാകയിൽ ഹൗസ്, ഐശ്വര്യഭവൻ, അമല നഗർ
6. സെ. ജോസഫ് ചർച്ച്, പൂങ്കുന്നം, തൃശ്ശൂർ
7. മാതൃസംഘം യൂണിറ്റ്, സെ. ആന്റണീസ് ചർച്ച് അരിമ്പൂർ
8. ശ്രീ. ലിന്റൺ ടി.എൽ & ശ്രീ. ജിയ ലിന്റൺ, തലക്കോട്ടൂർ ഹൗസ്, വൈലത്തൂർ
9. ശ്രീ. ടി. പി. ജെയിംസ്, തെക്കേക്കര ഹൗസ്, മനക്കൊടി
10. ശ്രീ. പി.എൽ. സണ്ണി, 'കൃപ', പോഴലിപ്പറമ്പിൽ ഹൗസ്, കുരിയച്ചിറ
11. ശ്രീ. വിനു പോൾ, C/o. ശ്രീമതി ഗ്രെയ്സി സണ്ണി, കാട്ടിപറമ്പിൽ ഹൗസ്, പുത്തൂർ
12. ശ്രീ. ബിനോ ബേബി, ഉഴുന്നുംപുറം ഹൗസ്, കണ്ണാറ
13. ശ്രീ ബിനു ബേബി, ചാലിൽഹൗസ്, കണ്ണാറ
14. ശ്രീ. വർഗ്ഗീസ് മത്തായി, താഴത്തേടത്ത് ഹൗസ്, കണ്ണാറ
15. ശ്രീ. തോമസ് തോമാസ്, കൈമല ഹൗസ്, കണ്ണാറ

ദൈവത്തിനും ദൈവജനത്തിനുമായി ആത്മാർപ്പണം ചെയ്യാനൊരുങ്ങുന്ന വൈദികവിദ്യാർത്ഥികളെ നിസ്വാർത്ഥമായി സഹായിക്കുന്ന എല്ലാവരേയും ദൈവം പ്രത്യേകമായി പരിപാലിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഫാ. ജയ്സൺ കൂനംപ്ലാക്കൽ,**

റെക്ടർ

# നെസ്റ്റ്

1. നവംബർ 9, ഡിസംബർ 14 എന്നീ ദിവസങ്ങളിൽ NEST ൽ സംഘടിപ്പിക്കപ്പെട്ട Follow -Up പ്രോഗ്രാമുകളിൽ യഥാക്രമം (38, 67) പേർ വീതം പങ്കെടുത്തു. ഫോളോ അപ്പിന് വന്നവർ ഒത്തൊരുമിച്ച് നെസ്റ്റിൽ ക്രിസ്തുമസ് ആഘോഷിച്ചു. സമ്മാനങ്ങൾ വിതരണം ചെയ്തും വചനം പങ്കുവെച്ചും അനുഭവങ്ങൾ അവതരിപ്പിച്ചും ആഘോഷങ്ങൾ മോടിയാക്കി നെസ്റ്റിന്റെ സ്റ്റാഫംഗങ്ങൾ മനോഹരമായ പുൽകൂടൊരുക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു

2. യഥാക്രമം നവംബർ 14, 20 എന്നീ ദിവസങ്ങളിൽ നെസ്റ്റിന്റെ ഗവേണിംഗ് ബോർഡും സ്റ്റാഫും മീറ്റിംഗുകൾ നടത്തി. നെസ്റ്റിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി.

3. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ B.Sc. Nursing Students നെസ്റ്റ് സന്ദർശിച്ചു. ഇവിടെ രോഗികളായി കഴിയുന്നവരുടെ കൂടെ സെമിനാർ, ഗ്രൂപ്പ് ചർച്ച, ഷെയറിംഗ്, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും സജീവമായ പങ്കെടുക്കുകയും ചെയ്തു. എല്ലാവർക്കും ഈ സന്ദർശനം ഒരു പുതിയ അനുഭവമായിരുന്നു.

4. 'Straight Edge - A nest Outreach Programme' ന്റെ ഭാഗമായി പഴുവിൽ സെന്റ് ആന്റണീസ് ഹൈസ്കൂളിൽ ഒന്നാം ഘട്ട പരിപാടികൾ സംഘടിപ്പിച്ചു. ഡയറക്ടർ നേതൃത്വം നല്കി.

നെസ്റ്റിലെ രോഗികളും സ്റ്റാഫും ക്രിസ്തുമസ് ആഘോഷങ്ങളിൽ സജീവമായി പങ്കെടുക്കുകയും പരസ്പരം ആശംസകൾ കൈമാറുകയും ചെയ്തു.

6. ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നവർക്കുവേണ്ടി നെസ്റ്റിൽ പ്രത്യേക പ്രാർത്ഥന ഉണ്ടായിരുന്നു. നവവൈദികർക്ക് അഭിനന്ദനങ്ങളും ആശംസകളും.

**ഫാ. ജോർജ്ജ് തോമസ്** **ഫാ. പോൾ കള്ളിക്കാടൻ**

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**പുതുവർഷത്തെ എതിരേറ്റു**

പുതിയ വർഷത്തെ വിവിധ കലാപരിപാടികളുടെ അകമ്പടിയോടെ പുത്തൻ പ്രതിജ്ഞകളുമായി എതിരേറ്റു.

**യു. ജി.സി. സെമിനാറിൽ പേപ്പർ അവതരിപ്പിച്ചു.**

യു.ജി.സിയുടെ ആഭിമുഖ്യത്തിൽ 2014 ഡിസംബർ 16, 17 തിയതികളിൽ

എസ്.എൻ.എം. ട്രെയിനിംഗ് കോളേജിൽ, മൂത്തകുന്നം സംഘടിപ്പിച്ച ദ്വദിന നാഷണൽ സെമിനാറിൽ മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ ഫാ. ചാക്കോ ചിറമ്മൽ നാച്ചുറലിസ്റ്റിക് പെഡഗേജിയെ സംബന്ധിച്ച് സെമിനാർ പേപ്പർ അവതരിപ്പിച്ചു.

**എം.എഡ്. യൂണിവേഴ്സിറ്റി പരീക്ഷകൾ സമാപിച്ചു.**

2013–2014 അദ്ധ്യയന വർഷത്തെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ ജനുവരി 19ന് സമാപിച്ചു.

**Talent Day സംഘടിപ്പിച്ചു.**

2014–2015 ബാച്ചിലെ വിദ്യാർത്ഥികൾ വിവിധ ഓപ്ഷണലിലൂടെ ജനു. 7, 8, 9, 12, 13 തിയതികളിൽ അവരുടെ കഴിവുകൾ അവതരിപ്പിച്ചുള്ള ടാലന്റ് ഡേ സംഘടിപ്പിച്ചു.

**ബോൺ നത്താലെയിൽ പങ്കാളികളായി**

2014 ഡിസംബർ 27ന് തൃശ്ശൂർ അതിരൂപതയിൽ സംഘടിപ്പിച്ച ബോൺ നത്താലെ ഗിന്നസ് ബുക്ക് പരിപാടിയിൽ കോളേജിൽ നിന്നുള്ള അദ്ധ്യാപ കരും കുട്ടികളും പങ്കെടുത്തു.

**'Run Kerala Run' കൂട്ടയോട്ടം സംഘടിപ്പിച്ചു.**

ദേശീയ ഗെയിംസിന്റെ ഭാഗമായി കേരളത്തിലുടനീളം ജനു 20ന് 10.30ന് സംഘടിപ്പിച്ച Run Kerala Run കൂട്ടയോട്ടത്തിൽ കോളേജ് വിദ്യാർത്ഥികൾ മുള്ളൂർക്കര സെന്ററിൽ നിന്ന് കോളേജിലേക്ക് ഓടി ദേശീയ ഗെയിംസിന്റെ സന്ദേശം പ്രചരിപ്പിച്ചു.

പി.ആർ. ഒ.
**ഫാ. ചാക്കോ ചിറമ്മൽ**

**ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
പ്രിൻസിപ്പാൾ,
മഹാജൂബിലി കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ്

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- ഡിസംബർ 15 മുതൽ 17 വരെ തിയ്യതികളിൽ ഐ.സി.ടി അക്കാദമി കേര ളയുടെ നേതൃത്വത്തിൽ, കോളേജിലെ അധ്യാപകർക്കായി 'Train the Trainers' എന്ന വിഷയത്തിൽ ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു.
- ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ അഡ്വൈസറി ബോർഡ് മീറ്റിംഗ് ചേർന്ന് അവരുടെ ഡിപ്പാർട്ട്മെന്റ് നവീകരണത്തിനുള്ള നിർദ്ദേശങ്ങൾ രൂപീകരിച്ചു.

- യുവജനങ്ങളുമൊത്ത് മാർ. റാഫേൽ തട്ടിൽ പിതാവിന്റെ സംവാദവും പങ്കുവെക്കലും ക്രിസ്തുമസ്സിനോടനുബന്ധിച്ച് ശാലോം ടി.വി. ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് 18.12.2014ന് നടത്തുകയുണ്ടായി. പ്രസ്തുത പരിപാടി ഡിസംബർ 25ന് ശാലോം ടി.വി. സംപ്രേക്ഷണം ചെയ്തു.
- ഡിസംബർ 23ന് കോളേജിൽ ക്രിസ്തുമസ് ആഘോഷങ്ങൾ സംഘടിപ്പിച്ചു. സെന്റ് തോമസ് കോളേജ് മുൻപ്രിൻസിപ്പലും, മഹാജൂബിലി ടീച്ചേഴ്സ് ട്രെയ്നിംഗ് കോളേജ് ബർസാറുമായ ഡോ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. അദ്ദേഹം സ്റ്റാഫിനും, വിദ്യാർത്ഥികൾക്കും ക്രിസ്തുമസ് സന്ദേശം നല്കി. ക്രിസ്തുമസ് കാർഡ്, ക്രിസ്തുമസ് ക്രിബ്ബ്, കരോൾ ഗാനം മത്സരങ്ങളിലെ വിജയികൾക്കും സ്റ്റാഫിനും സമ്മാനങ്ങൾ വിതരണം ചെയ്തു.
- തൃശൂർ അതിരൂപതയും പൗരാവലിയും ചേർന്ന് സംഘടിപ്പിച്ച ബോൺ നെത്താലെ ക്രിസ്തുമസ് പ്രോഗ്രാമിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജും പങ്കെടുത്തു. അതിനോടനുബന്ധിച്ചുള്ള പ്രദർശനത്തിൽ കോളേജിലെ സ്റ്റാഫും വിദ്യാർത്ഥികളും ചേർന്ന് മനോഹരമായ പുൽക്കൂട് നിർമ്മിക്കുകയുണ്ടായി.
- ക്രിസ്തുമസ് ദിനങ്ങളിൽ ജ്യോതി സ്റ്റാഫ് പിക്നിക് പോയത് കൂട്ടായ്മയും പുനരർപ്പണവും നവീകരിക്കാൻ സഹായകമായി.
- ക്രിസ്തുമസ് അവധിയ്ക്കുശേഷം ജനുവരി 5ന് കോളേജ് പുനരാരംഭിച്ചു.

**അനുശോചനം**

- ഡിസംബർ 29ന്, ബി.ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ അവസാന വർഷ വിദ്യാർത്ഥി ശ്രീജിത്തിന്റെ പെട്ടെന്നുള്ള നിര്യാണത്തിൽ കോളേജ് പ്രിൻസിപ്പൽ, മാനേജ്മെന്റ്, സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവർ അനുശേചനം രേഖപ്പെടുത്തി, പ്രാർത്ഥിച്ചു.

ഫാ. റോയ് ജോസഫ് വടക്കൻ
**പി. ആർ. ഒ.**

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

### ജൂബിലി മിഷൻ ആശുപത്രിക്ക് അറുപത്തിമൂന്ന് വയസ്സ് (17/12/2014)

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ 63-ാം സ്ഥാപക ദിനാചരണം മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ആതുരസേവനരംഗത്ത് തൃശ്ശൂരിലെ പ്രധാന സ്ഥാപനമെന്ന നിലയിൽ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർക്ക് ആശ്രയമാകുന്നതിൽ ജൂബിലി മിഷൻ സ്തുത്യർഹമായ സേവനമാണ് ചെയ്തുവരുന്നതെന്ന് ആർച്ച്ബിഷപ്പ് അഭിപ്രായപ്പെട്ടു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആശുപത്രിയിൽ മുപ്പത് വർഷവും അതിൽ കൂടുതലും സേവനം ചെയ്തവരെ പ്രത്യേകം ആദരിച്ചു. 'ജൂബിലി മിഷൻ ഒരു സ്നേഹകുടുംബം' എന്ന ലക്ഷ്യത്തോടെ ജൂബിലി മിഷനിലെ വാർത്തകളും പൊതുപരിപാടികളും, സേവനമേഖലകളും ജനങ്ങളിലേക്ക് എത്തിക്കുവാൻ 'ജൂബിലെറ്റ്' എന്ന പ്രതിമാസ വാർത്താപത്രികയുടേയും ബ്രോഷറിന്റേയും ഔദ്യോഗിക പ്രകാശനം ആർച്ച്ബിഷപ്പ് നിർവ്വഹിച്ചു. മുൻ ഡയറക്ടർമാരായ ഫാ. ജോസഫ് കാക്കശ്ശേരി, ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, ഫാ. റാഫേൽ വടക്കൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഏറ്റവും പ്രായം കൂടിയ സ്റ്റാഫംഗങ്ങളായ സി. ബാപ്റ്റിസ്റ്റ, ഡോ. സണ്ണി ജോർജ്ജ് എന്നിവർ ക്രിസ്തുമസ് മധുരം പങ്കുവെച്ചു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, ഫാ. ജോബി കടപ്പൂരാൻ, ഫാ. സിജോ ചെറുവത്തൂർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### ജൂബിലി മിഷനിൽ വേറിട്ട ക്രിസ്തുമസ് ആഘോഷം

**ഒരാഴ്ച്ചത്തെ സമ്പൂർണ്ണ സൗജന്യ ഡയാലിസിസ്, വിശുദ്ധരായ ചാവറയച്ചനും ഏവുപ്രാസ്യാമ്മയും പെഷവാറിലെ കൂട്ടകുരുതിയും പശ്ചാതലമാക്കി ജൂബിലി മിഷനിലെ പുൽക്കൂട്.**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വേറിട്ട ക്രിസ്മസ് ആഘോഷം ജനശ്രദ്ധയാകർഷിച്ചു. ഉദാരമതികളുടെ സഹകരണത്തോടെ ഡിസംബർ 23 മുതൽ 29 വരെ സമ്പൂർണ്ണ സൗജന്യ ഡയാലിസിസ്, വിശുദ്ധരായ ചാവറയച്ചനും ഏവുപ്രസ്യാമ്മയും പെഷവാറിലെ കൂട്ടകുരുതിയുടേയും പശ്ചാത്തലത്തിലുള്ള പൂൽകൂട് ഒരുക്കിയുമാണ് ജൂബിലി മിഷനിലെ ഈ പ്രാവശ്യത്തെ വേറിട്ട ക്രിസ്തുമസ് ആഘോഷം നടത്തിയത്. ജൂബിലി മിഷൻ ആശുപത്രിയുടെ ഏഴാമത്തെ ഗെയ്റ്റിന്
സമീപത്താണ് പുൽക്കൂട് ഒരുക്കിയത്. വിശുദ്ധ കുര്യാക്കോസച്ചന്റെ സന്ദേശമായ '***ദൈവഹിതം നടക്കും, നടത്തും***', വിശുദ്ധ ഏവുപ്രാസ്യാമ്മയുടെ വാക്കുകളായ '***മരിച്ചാലും മറക്കില്ലാട്ടോ***' എന്ന വാക്യവും പുൽകൂട്ടിൽ

ആലേഖനം ചെയ്തിരുന്നു. ഉണ്ണിയേശുവിന് സമീപം താലിബാൻ ഭീകരരുടെ വെടിവെയ്പ്പിലും, ചാവേർ ബോംബാക്രമണത്തിലും തകർന്ന പെഷവാർ സൈനീകസ്കൂളിലെ ക്ലാസ് മുറിയും, മരിച്ച കുരുന്നുകളും, കത്തിച്ചാമ്പലായ പുസ്തകങ്ങളും, പഠനോപകരണങ്ങളും ചിത്രീകരിച്ചിരുന്നത് കണ്ണുകളെ ഈറനണിയിക്കുന്നതായിരുന്നു. പുൽകൂടിന് സമീപമുള്ള ***'പെഷവാറിലെ കുഞ്ഞുങ്ങളെ മാപ്പ്'*** എന്ന വാക്യം എല്ലാവരും ദീർഘനിശ്വാസത്തോടെയാണ് വായിച്ചത്. സാമൂഹ്യ പ്രതിബദ്ധതയോടെ പാവങ്ങളോട് പക്ഷം ചേർന്ന് പ്രവർത്തിക്കുന്ന ജൂബിലി മിഷന്റെ സ്വരമായിരുന്നുഇപ്രാവശ്യത്തെ പുൽക്കൂടും, സൗജന്യ ഡയാലിസിസും, പാവപ്പെട്ട രോഗികൾക്കുള്ള ക്രിസ്തുമസ് ദിനത്തിലെ സൗജന്യഭക്ഷണവും എന്ന് ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് പറഞ്ഞു. ക്രിസ്തുമസ് ദിനത്തിൽ ജൂബിലി മിഷനിൽ ആദ്യം ജനിക്കുന്ന കുഞ്ഞിനെ *'ക്രിസ്തുമസ് ബേബി'* യായി കണക്കാക്കി ചിരിയങ്കണ്ടത്ത് ജ്വല്ലറി സ്പോൺസർ ചെയ്യുന്ന സ്വർണ്ണപതക്കം നൽകുകയും ചെയ്തു. പനമുക്ക് കാണിക്കമാതാ പള്ളി, ആറംപിള്ളി സെന്റ് ജോസഫ് പള്ളിയിലെ കെ.സി.വൈ.എം. സംഘടന, ശ്രീ. ആന്റണി ഇമ്മട്ടി, ശ്രീ. ആന്റോ റഫേൽ, നിർമ്മലപുരം സെന്റ് ജോസഫ് പള്ളിയിലെ മതഅധ്യാപകർ, പാറന്നൂർ സെന്റ് ജോസഫ് പള്ളി, ഇളവള്ളി സെന്റ് ആന്റണീസ് പള്ളിയിലെ കെ.സി.വൈ.എം സംഘടന, ശ്രീ. ജോയ് പഴുന്നാന എന്നിവർ സംഭാവനയായി നൽകിയ ഫണ്ടും, ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങിലെ വിദ്യാർത്ഥികൾ ക്രിസ്തുമസ് കാർഡ് നിർമ്മിച്ച് സമാഹരിച്ച ഫണ്ടും ഉപയോഗിച്ചാണ് രണ്ട് ലക്ഷത്തി എൺപതിനായിരത്തോളം രൂപ ചിലവ് വരുന്ന സൗജന്യ ഡയാലിസിസ് നൽകിയത്. ജൂബിലി മിഷൻ അസോസിയേറ്റ് ഡയറക്ടർ ഫാ. പോൾ പേരാമംഗലത്ത്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സെബി കാഞ്ഞിരത്തിങ്കൽ, ചീഫ് ഇലക്ട്രീഷ്യനും, സൂപ്പർവൈസറുമായ പി. ഒ. ജെയിംസ് എന്നിവരുടെ നേതൃത്വത്തിലുള്ള ജൂബിലി മിഷനിലെ ജോലിക്കാരാണ് മനോഹരമായ പുൽക്കൂട് നിർമ്മിച്ചത്. 23.12.2014-ന് വൈകീട്ട് നാലിന് നടന്ന ചടങ്ങിൽ തൃശ്ശൂർ ദേവമാത പ്രൊവിൻഷ്യൽ വെരി. റവ. ഫാ. വാൾട്ടർ തേലപ്പിള്ളി CMI, തൃശ്ശൂർ സി.എം.സി. പ്രൊവിൻഷ്യൽ കൗൺസിലർ സി. ലിസ പോൾ എന്നിവർ ചേർന്ന് പുൽക്കൂട് നാടിന് സമർപ്പിച്ചു. തുടർന്ന് ജൂബിലി മിഷൻ ഗായകസംഘത്തിന്റെയും, സ്റ്റാഫംഗങ്ങളുടേയും വിദ്യാർത്ഥികളുടേയും നേതൃത്വത്തിൽ കരോൾ ഗാനങ്ങൾ അരങ്ങേറി.

**ജൂബിലിയിലെ പുതുവർഷകുഞ്ഞിന് 'അരപവൻ ' സ്വർണ്ണനാണയം നൽകി (01/01/2015)**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സാധാരണ പ്രസവത്തിലൂടെ പുതുവർഷത്തിൽ ജനിച്ച കുട്ടിക്ക് ശ്രീ. ചിറക്കേക്കാരൻ കിരൺ

പോൾ സ്പോൺസർ ചെയ്ത അരപവൻ സ്വർണ്ണനാണയം ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സമ്മാനിച്ചു. തൃശ്ശൂർ ജില്ലയിലെ പൂവൻചിറ നെല്ലിപറമ്പിൽ അയ്യപ്പൻ-രഞ്ജിനി ദമ്പതികൾക്കുണ്ടായ ആൺകുഞ്ഞിനാണ് ഭാഗ്യസമ്മാനം ലഭിച്ചത്.

**സുവർണ്ണജൂബിലി 'ലോഗോ' പ്രകാശനം**

പാവങ്ങളുടെ ആശുപത്രിയായ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നേഴ്സിങ്ങ് സ്കൂൾ ഈ വർഷം സുവർണ്ണജൂബിലി ആഘോഷിക്കുന്നു. തൃശ്ശൂർ അതിരൂപതാ മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് നേഴ്സിങ്ങ് സ്കൂൾ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടവും, അഞ്ചാമത് ബാച്ച് വിദ്യാർത്ഥികളുടെ തിരിതെളിയിക്കൽ ചടങ്ങിന്റെ ഉദ്ഘാടനവും ജനുവരി 16-ന്, ഉച്ചതിരിഞ്ഞ് 2.30-ന് നിർവ്വഹിക്കും. നേഴ്സിങ്ങ് സ്കൂളിന്റെ പ്രഥമ പ്രിൻസിപ്പാൾ റവ. സി. ബ്ലെസില പാലോക്കാരൻ എഫ്. സി.സി.-യെ ചടങ്ങിൽ ആദരിക്കും. സുർണ്ണ ജൂബിലി ആഘോഷത്തിന്റെ ലോഗോ പ്രകാശനം സാഗർ രൂപതാ മെത്രാൻ മാർ ആന്റണി ചിറയത്തും, ഡയറക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്തും ചേർന്ന് നിർവ്വഹിച്ചു. നേഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ സി. മേരി ജോൺ എഫ്.സി.സി., അസി. ഡയറക്ടർ ഫാ. ജോബി കടപ്പൂരാൻ എന്നിവർ പ്രസംഗിച്ചു.

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

- നാഷണൽ കോൺഫറൻസ് ഓഫ് ഇന്ത്യൻ സൊസൈറ്റി ഓഫ് റേഡിയോഗ്രാഫേഴ്സ് & ടെക്നോളിസ്റ്റ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച പിഡിയാട്രിക് ഡോസ് റിഡക്ഷൻ ഇൻ സി.ടി. എക്സാമിനേഷൻ പേപ്പർ പ്രസന്റേഷനിൽ റേഡിയോളജി വിഭാഗത്തിലെ ഡീല ട്രിസി ഒന്നാം സ്ഥാനം കരസ്ഥമാക്കി.
- ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിലെ രണ്ടാം വർഷ ബി. എസ്. സി സ്റ്റുഡന്റ് ഷെർമിലി ജോസ് ഓൾ കേരള ആരോഗ്യസർവ്വകലാശാല അറ്റ്ലെറ്റിക് മീറ്റിൽ മൂന്നാംസ്ഥാനം നേടി.
- റേഡിയോളജി വിഭാഗത്തിലെ ഡോ. അശ്വിൻ വർക്ഷീസ് അലക്സാണ്ടറിന് ചെന്നൈയിൽ നടന്ന ക്വിസ് മത്സരത്തിൽ വിജയിച്ചു.
- ആരോഗ്യസർവ്വകലാശാല നടത്തിയ ഡി. സോൺ ഖൊ-ഖൊ മത്സരത്തിൽ ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജ് ഒന്നാം സ്ഥാനം നേടി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. ആന്റണി ചാക്കോ, ഇമ്മട്ടി ഹൗസ്, കണിമംഗലം, തൃശ്ശൂർ (25 ഡയാലിസിസ്)

- ശ്രീമതി മേഴ്സി ആന്റോ, ഇമ്മട്ടി ഹൗസ്, കണിമംഗലം, തൃശ്ശൂർ (25 ഡയാലിസിസ്)
- ജിജി ആന്റോ, ഇമ്മട്ടി ഹൗസ്, കണിമംഗലം, തൃശ്ശൂർ (25 ഡയാലിസിസ്)
- സിജോ ആന്റോ, ഇമ്മട്ടി ഹൗസ്, കണിമംഗലം, തൃശ്ശൂർ (25 ഡയാലിസിസ്)
- ശ്രീമതി ലീല തോമസ്, ചിറക്കേക്കാരൻ ഹൗസ്, തൃശ്ശൂർ ( 80 ഡയാലിസിസ്)
- സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, വിജയപുരം, എൻജിനീയറിംഗ് കോളേജ് പി. ഒ., തൃശ്ശൂർ (80 ഡയാലിസിസ്)
- സോണി, അഞ്ചേരി ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് ചർച്ച്, അഞ്ഞൂർ പി. ഒ., തൃശ്ശൂർ (110 ഡയാലിസിസ്)

- സ്കൂൾ ഓഫ് നേഴ്സിങ്ങ്, JMMH, തൃശ്ശൂർ (27 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് ചർച്ച്, പാറന്നൂർ, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, K.C.Y.M, എളവള്ളി സൗത്ത്, തൃശ്ശൂർ (50 ഡയാലിസിസ്)
- ശ്രീ. പ്രിൻസ് കവലക്കാട്ട് & ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ (26 ഡയാലിസിസ്)
- സെന്റ് മാത്യൂസ് ചർച്ച്, സൺഡേ കാറ്റികിസം യൂണിറ്റ്, പാലക്കൽ, തൃശ്ശൂർ (63 ഡയാലിസിസ്)
- ലൂർദ്ദ് മെട്രോപോളിറ്റൻ കത്തീഡ്രൽ, തൃശ്ശൂർ (75 ഡയാലിസിസ്)
- ശ്രീ. സീജോ ജോസ്, കൊക്കൻ ഹൗസ്, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. വി. കെ. മുഹമ്മദ്, മില്ലേനിയം ഗോൾഡ്, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് തോമസ് ചർച്ച്, ബ്രഹ്മകുളം പി. ഒ., തൃശ്ശൂർ (80 ഡയാലിസിസ്)

**അദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി സോണിയ, C/o സി. റോസിലി, JMMH, തൃശ്ശൂർ
- ഡോ. രാജീവ് റാവു, JMMH, തൃശ്ശൂർ

**ഹീമോഫീലിയ ഫണ്ട്**

- പ്രൊവിൻഷ്യൽ സുപ്പീരിയർ, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോഗ്രിഗേഷൻ, അസ്സീസി പ്രൊവിൻഷ്യൽ ഹൗസ്, തൃശ്ശൂർ
- ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്
- ലാബ് സ്റ്റാഫ് & സ്റ്റുഡന്റ്, JMMH, തൃശ്ശൂർ

**ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org


## സോഷ്യൽ ആക്ഷൻ

### സോഷ്യൽ സെന്റർ ഹൗസിംഗ്

തൃശൂർ അതിരൂപത ഭവന നിർമ്മാണ പദ്ധതിയായ സോഷ്യൽ സെന്റർ (ഹൗസിംഗ്) എന്ന സംരംഭത്തിന് മറ്റം ഇടവകാതിർത്തിയിൽ നമ്പഴിക്കാട് – വടുതല ഭാഗത്ത് പാവപ്പെട്ടവർക്ക് ഭവനം നിർമ്മിക്കുന്നതിന് 1.25 ഏക്കർ സ്ഥലം ദാനമായി നല്കിയ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ അസ്സീസി പ്രൊവിൻസിന് ഹൃദയംഗമമായ നന്ദി!

### സാന്ത്വന തീരത്ത് ക്രിസ്മസ് സംഗമം

തൃശ്ശൂർ ഏഴരക്കൂട്ടം ചാരിറ്റബിൾ സൊസൈറ്റി അതിരൂപത സോഷ്യൽ ആക്ഷന്റെയും പാലയൂർ മാർതോമ തീർത്ഥകേന്ദ്രത്തിന്റെയും സഹകരണ ത്തോടെ ചാവക്കാട് ബ്ലങ്ങാട് സാന്ത്വനതീരത്ത് 2014 ഡിസംബർ 21 ഞായർ രാവിലെ 9.30 ന് സൗജന്യ മെഡിക്കൽ ക്യാമ്പും 11 മണിക്ക് ക്രിസ്മസ് സംഗ മവും സംഘടിപ്പിച്ചു. ബിഷപ്പ് മാർ. റാഫേൽ തട്ടിൽ അദ്ധ്യക്ഷത വഹിച്ച സംഗമം ശ്രീ. കെ. വി.. അബ്ദുൾഖാദർ എം. എൽ. എ. ഉദ്ഘാടനം ചെയ്തു. സംഗമത്തിൽ കടപ്പുറത്തെ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റ്, പുതുവസ്ത്രം, ചികിത്സ സഹായധനം, വിധവ ധനസഹായം, കുടുംബ സഹായധനം, പഠന സഹായധനം എന്നിവ വിതരണം ചെയ്തു. അർഹത യുള്ള ഒരു കുടുംബത്തിന് ഉപജീവനമാർഗ്ഗമായി തയ്യൽ മെഷീനും ഒരു രോഗിക്ക് ആശ്വാസമായി വീൽചെയറും നല്കി.

### സംയുക്ത ക്രിസ്മസ് ആഘോഷം

തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യക്ഷേമ കാര്യാലയമായ സാന്ത്വന ത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ, സ്വയംസഹായ സംഘ ങ്ങൾ, സ്നേഹനിധി ക്രെഡിറ്റ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യ ത്തിൽ ഡിസംബർ 17 ബുധനാഴ്ച തൃശ്ശൂർ ഡി. ബി. സി. എൽ. സി. യിൽ ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. ഈ അവസരത്തിൽ സോഷ്യൽ ആക്ഷന്റെ മഴവെള്ള സംഭരണം പദ്ധതി (രണ്ടാം ഘട്ടം) ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ഡോ. ജോസ് സി. റാഫേൽ 'മഴ വെള്ള സംഭരണം: ശാസ്ത്രീയതയും പ്രായോഗികതയും' എന്ന വിഷയ ത്തെപ്പറ്റി ക്ലാസ്സ് നയിച്ചു. പരിപാടികളുടെ ഭാഗമായി വിത്തു ശേഖരണ

മത്സരം (ജിംഗിൾ സീഡ്സ്) സംഘടിപ്പിച്ചു. സ്നേഹനിധി, എസ്. എച്ച്. ജി., അയൽക്കൂട്ടം എന്നീ മേഖലകളിൽ ഏറ്റവും മികച്ച ശേഖരണത്തിന് പ്രത്യേകം സമ്മാനങ്ങൾ നല്കി.

**വരടിയം പാപ്പാനഗർ സോഷ്യൽ സെന്റർ**

സോഷ്യൽ ആക്ഷന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 13 ശനിയാഴ്ച വരടിയം പാപ്പാ നഗർ കമ്മ്യൂണിറ്റി ഹാളിൽ ക്രിസ്മസ് സംഗമവും ടെയ്‌ലറിംഗ് സെന്റർ ഉദ്ഘാടനവും സംഘടിപ്പിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ ഫാ. ലൂയീസ് എടക്കളത്തൂർ സ്വാഗതം ആശംസിച്ചു. സിസ്റ്റർ ശാന്ത റിപ്പോർട്ട് അവതരിപ്പിച്ചു. യോഗമദ്ധ്യേ പാപ്പാനഗർ നിവാസികൾ അവതരിപ്പിച്ച ക്രിസ്മസ് സന്ദേശ പരിപാടികളും ഉണ്ടായിരുന്നു.

**ഡോ. ബെറിൽ സാന്ത്വനം ഓഫീസ് സന്ദർശിച്ചു.**

ക്യാൻസർ നിവാരണത്തിനുള്ള ഐക്യരാഷ്ട്ര സംഘടനയുടെ മൂൻ പ്രൊജക്ട് ഓഫീസർ ഡോ. എ. ജെ. ബെറിൽ ഡിസംബർ 20 – ശനി രാവിലെ 10 മണിക്ക് സാന്ത്വനം ഓഫീസ് സന്ദർശിച്ചു. ക്യാൻസർ നിവാരണ മേഖലയിൽ സന്നദ്ധ സംഘടനകൾ പങ്ക് ചേരേണ്ട ആവശ്യകതയെപ്പറ്റി സ്റ്റാഫംഗങ്ങളുമായി ചർച്ച നടത്തി. ശ്രീ. ഉല്ലാസ് ജെയിംസ് (ഹോളി സ്പിരിറ്റ് ഹോസ്പിറ്റൽ, മുംബൈ), ശ്രീ. നൈജോ കെ. ഒ. (ഫ്ളെയിം ജൂവൽസ്, തൃശ്ശൂർ) എന്നിവരും സന്നിഹിതരായിരുന്നു.

**സ്വയംസഹായ സംഘം, വെള്ളാനിക്കോട്**

പദ്ധതിയുടെ ഭാഗമായി പുരുഷ സ്വയംസഹായ സംഘം വാർഷികത്തോടനുബന്ധിച്ച് വെള്ളാനിക്കോട് പള്ളി പാരീഷ് ഹാളിൽ ഡിസംബർ 20 ശനി – സെമിനാർ സംഘടിപ്പിച്ചു. ഫാ. ലൂയീസ് എടക്കളത്തൂർ സെമിനാർ ഉദ്ഘാടനം ചെയ്തു. ഇടവക ഡയറക്ടർ ഫാ. ഷിന്റോ പാറയിൽ അദ്ധ്യക്ഷത വഹിച്ചു. മുൻ സ്നേഹശ്രീ ഡയറക്ടർ മിസ്സ്. അനിത, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ സി. പി. ജോർജ്ജ് എന്നിവർ ആശംസ അർപ്പിച്ചു.

**സ്ലം സർവ്വീസ് സെന്റർ, കുരിയച്ചിറ**

എ. 08.12.14 ൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം സ്ലം സർവ്വീസ് സെന്റർ ഓഫീസിൽവെച്ച് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി. വരടിയം പാപ്പാനഗർ സോഷ്യൽ സെന്ററിലേക്കു ഒരു ഹൈ സ്പീഡ് ടെയ്‌ലറിംഗ് സംഭാവന നല്കാൻ തീരുമാനിച്ചു.

ബി. 17.12.14 ൽ ക്രിസ്മസ് ആഘോഷം ഡി. ബി. സി. എൽ. സി. ഹാളിൽ വെച്ച് വിവിധ പരിപാടികളോടെ ആഘോഷിച്ചു.

സി. 18.12.14 ൽ അളഗപ്പനഗർ ത്യാഗരാജ പോളിടെക്നിക്കിന്റെ പ്രൊജക്റ്റ് പ്രകാരം 3 മാസത്തെ ഡെക്കോപാച്ച് ട്രെയിനിംഗിന്റെ സമാപനത്തിനോട

നുബന്ധിച്ച് എസ്. എസ്. സി. ഹാളിൽവെച്ച് ഡെക്കോപാച്ച് കരകൗശല വസ്തുക്കളുടെ എക്സിബിഷൻ നടത്തി. ഫാ. ലൂയീസ് എടക്കളത്തൂർ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. പ്രൊജക്റ്റ് കോർഡിനേറ്റർ ഫാ. നിബിൻ തളിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സെന്റ് പോൾസ് പബ്ലിക്ക് സ്ക്കൂൾ ടീച്ചേഴ്സ് വിജയികളെ വിലയിരുത്തി. ഒന്നും രണ്ടും വിജയികൾക്ക് ഫാ. നിബിൻ സമ്മാനങ്ങൾ നല്കി.

ഡി. 19.12.14 മുതൽ 05.01.15 വരെ ബോൻ നത്താലെ എക്സിബിഷനിൽ സ്ലം സർവ്വീസ് സെന്ററിന്റെ സ്റ്റാൾ ആരംഭിച്ചു. ഡെക്കോപാച്ച് കരകൗശല വസ്തുക്കൾ, ഹെയറോയിൽ, ആർട്ടിഫിഷ്യൽ ജ്വല്ലറി ആഭരണങ്ങൾ എന്നിവ പ്രദർശിപ്പിച്ചു.

ഇ. 23.12.14 ൽ കൊട്ടേക്കാട് മാർ കുണ്ടുകുളം സ്മാരക ഗ്രാമത്തിൽ, സ്ലം സർവ്വീസ് സെന്റർ പുരയിടം നല്കി. പാവപ്പെട്ടവർക്ക് വേണ്ടി നിർമ്മിച്ച 2 വീടുകളുടെ ആശീർവാദം ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. ഫാ. ലൂയിസ് എടക്കളത്തൂർ, ഫാ. ജിയോ കടവി, ഫാ. ജോബ് പടയാട്ടിൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## സേവ് എ ഫാമിലി പ്ലാൻ

**ഫാമിലി ഡവലപ്പ്മെന്റ് പ്രോഗ്രാം** പദ്ധതിയിലേക്ക് തൃശൂർ അതിരൂപതയുടെ വിവിധ ഇടവകകളിൽനിന്നും 15 പുതിയ കുടുംബങ്ങളെ തിരഞ്ഞെടുക്കുകയും അവർക്കുവേണ്ടിയുള്ള 8 തുടങ്ങുകയും ചെയ്തു. തൃശൂർ പാസ്റ്ററൽ സെന്ററിൽവെച്ച് ഈ വർഷത്തെ 3-ാമത് റീജിണൽ മീറ്റിംഗ് നടത്തി. സിറ്റി പോലീസ് മൊബൈൽ ട്രാഫിക് ബോധവല്ക്കരണം എന്ന വിഷയത്തെക്കുറിച്ച് ശ്രീ. ഓ. എ. ബാബു (എ. എസ്. ഐ. ഓഫ് സിറ്റി പോലീസ്) ന്റെ നേതൃത്വത്തിൽ ക്ലാസ്സ് നടത്തി. എഫ്. ഡി. പി. കുടുംബങ്ങൾ ഈ ക്ലാസ്സിൽ പങ്കെടുത്തിരുന്നു.

എസ്. എ. എഫ്. പി. റീജിയണൽ പ്രോഗ്രാം ഓഫീസർ ബീന ജോയ് തൃശൂർ എഫ്. ഡി. പി. സന്ദർശനം നടത്തുകയും വിലയിരുത്തുകയും ചെയ്തു. ഡിസംബർ 16, 17, 18 തിയ്യതികളിലായി നടന്ന സന്ദർശനത്തിൽ റീജിയണൽ മീറ്റിംഗ്, മോണിറ്ററിംഗ് വിസിറ്റ്, ഡോക്യുമെന്റ് വെരിഫിക്കേഷൻ എന്നിവയെക്കുറിച്ചുള്ള വിലയിരുത്തലുകളും നിർദ്ദേശങ്ങളും നൽകുകയുണ്ടായി.

ഗുണഭോക്തൃ കുടുംബങ്ങൾക്ക് കഴിഞ്ഞ മാസത്തിൽ സഹായം ലഭിച്ച സംഖ്യയും ഇടവകയും താഴെ ചേർക്കുന്നു.

| ഇടവക | സംഖ്യ |
|---|---|
| വില്ലടം | 10,000 |
| കണ്ണാറ | 40,000 |

| | |
|---|---|
| വെട്ടുക്കാട് | 10,000 |
| വെള്ളക്കാരിത്തടം | 40,000 |

**ഗോഡ്സ് ഓൺ ഫാമിലി**

പദ്ധതിയുടെ ഭാഗമായുള്ള ഗുണഭോക്തൃകുടുംബങ്ങൾക്കുവേണ്ടിയുള്ള റീജിയണൽ ലെവൽ മീറ്റിംഗ് 16.12.14 ന് പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തു കയുണ്ടായി. ശ്രീ. അജു അലോഷ്യസ് മാനസികാരോഗ്യം എന്ന വിഷയ ത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു.

ക്രിസ്മസിനോടനുബന്ധിച്ച് ഗുണഭോക്തൃ കുടുംബങ്ങളുടെ ക്രിസ്മസ് കാർഡുകൾ ഉപകാരികൾക്ക് അയച്ചു.

## സ്പെഡ് III

വെങ്ങാനെല്ലൂർ വെസ്റ്റ് II, ചേലക്കര നോർത്ത് എന്നിവിടങ്ങളിൽവെച്ച് വരുമാന വർദ്ധക തൊഴിലുകളെക്കുറിച്ച് ബോധവല്ക്കരണ ക്ലാസ്സുകൾ നട ത്തി. മൈക്രോ എന്റർപ്രൈസസ്സ് കൺസൾട്ടന്റ് ബുഷറ ട്ടി. എ. ആയിരുന്നു ക്ലാസ്സ് നയിച്ചത്. ചേലക്കര നോർത്തിൽവെച്ച് കൃഷിക്കാർക്കുവേണ്ടിയുള്ള ബോധവല്ക്കരണ ക്ലാസ്സ് സുധീർ ബാബു നയിച്ചു. 25 ൽപരം അംഗങ്ങൾ പങ്കെടുത്തു. പാറപ്പുറത്ത്വെച്ച് യൂത്ത് ക്ലബ്ബിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവല്ക്കരണ ക്ലാസ്സ് നടത്തി. മെതുക് I വില്ലേജിൽ 30 കുടുംബ ങ്ങൾക്കുവേണ്ടി കുടിവെള്ളത്തിനായി 270 അടി ബോർവെൽ സംവിധാനം ചെയ്തുകൊടുത്തു. വെങ്ങാനെല്ലൂർ ഈസ്റ്റ് II വിൽവെച്ച് കുട്ടികൾക്കുവേ ണ്ടിയുള്ള ചിത്രരചനാമത്സരം നടത്തി. വിജയികൾക്ക് ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് ലിസി തോമസ് ട്രോഫികൾ നല്കി.

വെങ്ങാനെല്ലൂർ ഈസ്റ്റ് II വിൽവെച്ച് ക്യാൻസറെക്കുറിച്ചുള്ള ബോധ വൽക്കരണ ക്ലാസ്സ് സേവ് എ ഫാമിലി പ്ലാൻ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി നയിച്ചു.കുറുമല Iൽവെച്ച് വരുമാന വർദ്ധനവിനെക്കുറിച്ചും, മാർക്കറ്റിംങ്ങിനെ ക്കുറിച്ചും ഉള്ള ബോധവൽക്കരണ ക്ലാസ്സ് നടത്തി.

**ഗോഡ്സ് ഓൺ ഫാമിലി**

പദ്ധതിയുടെ ഭാഗമായുള്ള ഗുണഭോക്തൃ കുടുംബങ്ങൾക്കുവേണ്ടിയുള്ള റീജിണൽ ലെവൽ മീറ്റിംഗ് 16.12.14 പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തി. ശ്രീ. അജു അലോഷ്യസ് "മാനസികാരോഗ്യം" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നടത്തി.

**ഫാ. ലൂയീസ് എടക്കളത്തൂർ**
**ഡയറക്ടർ, സാന്ത്വനം**

**ഫാ. തോമസ് പൂപ്പാടി**
**സെക്രട്ടറി, സാന്ത്വനം**

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

1. പുതിയ എ.സി. പ്രസിഡണ്ടുമാരായി തെരഞ്ഞെടുക്കപ്പെട്ട വേലൂർ എ.സിയിലെ ബ്ര. എ.ഡി. ഫ്രാൻസീസ്, പറപ്പൂർ എ.സിയിലെ ബ്ര. സി.എ. തോമസ് എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. സ്ഥാനമൊഴിഞ്ഞ മുൻ എ.സി. പ്രസിഡണ്ടുമാരായ ബ്ര. വി.എ. തോമസ്, ബ്ര. ടി. കെ. ജോസ് എന്നിവരുടെ സേവനങ്ങൾക്ക് സെൻട്രൽ കൗൺസിലന്റെ നന്ദി രേഖപ്പെടുത്തി.
2. കോൺഫ്രൻസ് പ്രസിഡണ്ടുമാരെയും എ.സി. ഭാരവാഹികളെയും ഉൾപ്പെടുത്തികൊണ്ടുള്ള ധ്യാനം ഡി.ബി.സി.എൽ.സിയിൽ വെച്ച് ഫെബ്രുവരി 21, 22 തിയ്യതികളിൽ നടത്തുന്ന വിവരം യോഗത്തിൽ അറിയിച്ചു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 25.1.2015ന് മുൻപായി സി. സി. ഓഫീസിൽ പേര് നൽകേണ്ടതാണ്.
3. നാഷണൽ കൗൺസിലിൽ നിന്നും HES, TTS, സ്കോളർഷിപ്പ് അനുവദിച്ചു വന്നിരിക്കുന്നു.
4. തൃശ്ശൂർ വെസ്റ്റ് എ.സി. പ്രസിഡണ്ട് ബ്ര. പ്രേംപ്രകാശ് ലൂവീസിന്റെ രാജി സ്വീകരിച്ചു. പുതിയ പ്രസിഡണ്ടിന്റെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് എസി. വൈ. പ്രസിഡണ്ടിന് നിർദ്ദേശം നൽകി. സെന്റർ കൗൺസിലിന്റെ നിരീക്ഷകനായി സി. സി. വൈ. പ്രസിഡണ്ട് ബ്ര. കെ. പി. ആന്റണിയെ നിയോഗിച്ചു.
5. കോൺഫ്രൻസ് സന്ദർശനങ്ങൾ പൂർത്തിയാക്കി എത്രയും വേഗം റിപ്പോർട്ടുകൾ സി.സി. ഓഫീസിൽ ഏൽപ്പിക്കുവാൻ എ.സി. പ്രസിഡണ്ടുമാർക്ക് നിർദ്ദേശം നൽകി.
6. ഡയമണ്ട് ജൂബിലി ഫണ്ടിൽ നിന്ന് കണ്ടശ്ശാംകടവ് എ.സിയ്ക്ക് 4000 രൂപയും ഒല്ലൂർ എ.സിയ്ക്ക് 2000 രൂപയും സഹായം അനുവദിച്ചു.
7. വിൻസെൻഷ്യൻ അംഗങ്ങൾക്കുള്ള ഐഡന്റിറ്റികാർഡുകൾ മാർച്ച് 31ന് മുമ്പ് തയ്യാറാക്കി നല്കുവാൻ എ.സി. പ്രസിഡണ്ടുമാർക്ക് നിർദ്ദേശം നൽകി. ഏപ്രിൽ 1 മുതൽ പുതിയ ഐഡന്റിറ്റി കാർഡ് പ്രാബല്യത്തിൽ വരുത്തുവാനും തീരുമാനിച്ചു.
8. വലിയ നോമ്പിലെ ഉപവാസ പ്രാർത്ഥന എ.സി. തലങ്ങളിൽ മാർച്ച് 8നോ മാർച്ച് 15നോ ഫൊറോന ദേവാലയങ്ങളിൽ വെച്ച് ദിവ്യബലി സന്ദേശം, ആരാധന, കുരിശിന്റെ വഴി എന്നിവയോടുകൂടി നടത്തുവാൻ നിർദ്ദേശം നൽകി.

| | | |
|---|---|---|
| **ഫാ.മാത്യു ചാക്കേരി** | **ബ്ര.കെ.എ. ഷിബു** | **പോൾസൺ കെ.കെ.** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി.പ്രസിഡണ്ട് | സെക്രട്ടറി |

# കെ.സി.എസ്. എൽ.

**ശതാബ്ദി സാഹിത്യോത്സവം**

സംസ്ഥാന ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തപ്പെട്ട ശതാബ്ദി സാഹിത്യമത്സരങ്ങളുടെ ഫലം പ്രഖ്യാപിച്ചു. (മത്സര വിജയികളുടെ പേരുകൾ ബ്ലോഗിൽ ചേർത്തിട്ടുണ്ട്) ചങ്ങനാശ്ശേരിയിൽ വച്ചു നടന്ന ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ വെച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു. തൃശ്ശൂർ അതിരൂപത ഓവറോൾ രണ്ടാം സ്ഥാനവും നേടി.

**സംസ്ഥാന കലോത്സവം**

ഈ വർഷത്തെ സംസ്ഥാന കലോത്സവത്തിൽ തൃശ്ശൂർ അതിരൂപത തിളക്കമാർന്ന വിജയം നേടി. ഓവറോൾ രണ്ടാം സ്ഥാനം തൃശ്ശൂർ അതിരൂപതയ്ക്കായിരുന്നു. എച്ച്. എസ്. വിഭാഗത്തിൽ രണ്ടാം സ്ഥാനവും യു.പി. വിഭാഗത്തിൽ രണ്ടാം സ്ഥാനവും ടോട്ടൽ പോയിന്റിന്റെ അടിസ്ഥാനത്തിൽ നമുക്കു നേടിയെടുക്കാനായി. (കലോത്സവ വിജിയികളുടെ പേരുകൾ ബ്ലോഗിൽ കൊടുത്തിട്ടുണ്ട്)

**നിർമ്മലമാതാ സ്കൂൾ സംസ്ഥാനത്തെ മികച്ച കെ.സി.എസ്. എൽ. യൂണിറ്റ്**

പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ അതിരൂപതയിലെ നിർമ്മലമാതാ സെൻട്രൽ സ്കൂളിനെ മികച്ച ഹയർ സെക്കണ്ടറി യൂണിറ്റായി സംസ്ഥാന നിർവ്വാഹക സമിതി തെരഞ്ഞെടുത്തു.

**അതിരൂപത നേതൃത്വപരിശീലന ക്യാമ്പ്**

ഈ അദ്ധ്യയന വർഷത്തെ അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ് മാർച്ച് 27, 28, 29 തിയതികളിലായി തൃശ്ശൂർ അതിരൂപത ഡി.ബി.സി.എൽ.സിയിൽ വെച്ച് നടക്കുന്നു. 2015-2016 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത് ഈ ക്യാമ്പിൽ വെച്ചാണ് കഴിവും അർപ്പണബോധവുമുള്ള വിദ്യാർത്ഥികളെ പങ്കെടുക്കാൻ ആനിമേറ്റർമാർ ശ്രദ്ധിക്കുക.

**നിർദ്ദേശങ്ങൾ അഭിപ്രായങ്ങൾ**

കഴിഞ്ഞ വർഷത്തെ പ്രധാന പരിപാടികളെപ്പറ്റിയുള്ള ആനിമേറ്റർമാരുടെയും വിദ്യാർത്ഥികളുടേയും വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ദയവുചെയ്ത് ഭാരവാഹികളെ അറിയിക്കുക. അടുത്തവർഷത്തെ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് അത് അത്യാവശ്യമാണ്. സഹകരണത്തിനും പ്രാർത്ഥനകൾക്കും നന്ദി.

**ഡയറക്ടർ**

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. സർക്കാരിന്റെ മദ്യനയത്തിനെതിരെ പ്രതിഷേധം**

അടച്ചുപൂട്ടിയ ബാറുകൾ ബീർ-വൈൻ പാർലറുകളാക്കാൻ തീരുമാനിച്ച് കേരള ജനതയെയും മദ്യവിരുദ്ധ പ്രസ്ഥാനങ്ങളെയും ക്രൂരമായി വഞ്ചിച്ച കേരള സർക്കാരിന്റെ മലക്കം മറിച്ചിലിനെതിരെ മദ്യവിരുദ്ധ സമിതി തൃശ്ശൂർ കോർപ്പറേഷന്റെ മുന്നിൽ ക്രിസ്തുമസ് ദിനത്തിൽ ഉപവസിച്ചു. സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ അതിരൂപത പ്രസിഡണ്ട് ജോസ് ആലപ്പാട്ട് അദ്ധ്യക്ഷനായി. സ്വാമി പുരുഷോത്തമാനന്ദ സരസ്വതി, ജനാബ് മുഹമ്മദ് ഫൈസി ഓണമ്പിള്ളി, അഡ്വ. ഗോപകുമാർ, തോമസ് ചിറമ്മൽ, ഫാ. പോൾ പുളിക്കൻ, ഫാ. ചാക്കോ ചിറമ്മൽ, ഫാ. സ്റ്റാഴ്സൺ കള്ളിക്കാടൻ, ഫാ. ജോബി പുത്തൂർ, ശ്രീമതി അന്നം ജോൺ, ആന്റണി പി. എൽ., ജെയിംസ് മുട്ടിക്കൽ, ഇ. എ. ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും ശ്രീ. സി. ഡി. ജോസ് നന്ദിയും പറഞ്ഞു. മാർ അപ്രേം മെത്രാപ്പോലീത്താ സമാപന സന്ദേശം നൽകുകയും ഉപവാസമനുഷ്ഠിച്ചവർക്ക് നാരങ്ങനീരു കൊടുക്കുകയുമുണ്ടായി. ഫാ. പോൾ കള്ളിക്കാടൻ നയിച്ച പ്രാർത്ഥന ശുശ്രൂഷയോടു കൂടിയാണ് പരിപാടികൾ ആരംഭിച്ചത്.

**2. പുതുക്കാട് ഫൊറോനയുടെ പ്രതിഷേധം**

സർക്കാരിന്റെ മദ്യനയത്തിനെതിരെ പുതുക്കാട് ഫൊറോന മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ-വിശദീകരണം സമ്മേളനം കൂടി. പുതുക്കാട് സെന്ററിൽ 13.12.14ന് ചേർന്ന യോഗം ജനാബ് മുഹമ്മദ് ഇല്ല്യാസ് (പാലപ്പിള്ളി) ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരനായിരുന്നു അദ്ധ്യക്ഷൻ. ഫൊറോന പ്രസിഡണ്ട് ആന്റണി പി.എൽ., സി. സി. സാജൻ, ഇ.എ. ജോസഫ്, പൗലോസ് മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു.

**3. വടക്കാഞ്ചേരി ഫൊറോനയിൽ വാഹന പ്രചരണം**

സർക്കാരിന്റെ മദ്യനയത്തിൽ പ്രതിഷേധിക്കാനും ക്രിസ്മസ് മദ്യവിമുക്തമാക്കാനും ആഹ്വാനം ചെയ്തുകൊണ്ട് വടക്കാഞ്ചേരി ഫൊറോന സമിതി വാഹന പ്രചരണ ജാഥ നടത്തി. ഫൊറോന പ്രസിഡണ്ടും, അതിരൂപത ട്രഷററുമായ ജോണി ചിറ്റിലപ്പിള്ളിയായിരുന്നു ജാഥാ ക്യാപ്റ്റൻ. പരിപാടി വരവൂർ പള്ളി വികാരി ഫാ. ജോസ് പുന്നോലിപറമ്പിൽ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം കരുമത്ര പള്ളി അങ്കണത്തിൽ അരങ്ങേറി. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്ത സമാപന സമ്മേളനത്തിൽ ജോസ് ആലപ്പാട്ട്, തോമസ് ചിറമ്മൽ, പോൾ പാലയൂർ, ഡേവീസ് തേർമഠം തുടങ്ങിയവർ പ്രസംഗിച്ചു.വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം സംഘടിപ്പിച്ച ബഹു. വികാരി അച്ചന്മാർക്കും യൂണിറ്റ് ഭാരവാഹികൾക്കും നന്ദി.

**4. മറ്റം–വേലൂർ ഫൊറോനകളുടെ പ്രതിഷേധം**

സർക്കാർ മദ്യനയം അട്ടിമറിച്ചതിൽ പ്രതിഷേധിച്ച് ജനുവരി 4ന് വൈകീട്ട് കേച്ചേരി സെന്ററിൽ പൊതുയോഗം സംഘടിപ്പിച്ചു. വേലൂർ ഫൊറോന വികാരി വെരി. റവ. ഫാ. തോബിയാസ് ചാലയ്ക്കലായിരുന്നു ഉദ്ഘാടകൻ. ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷണം നടത്തി. മുഖ്യസംഘാടകൻ ജോസ് ചെമ്പിശ്ശേരി സ്വാഗതം പറഞ്ഞു. അഡ്വ. ടി.എസ്. മായാദാസ്, തോമസ് ചിറമ്മൽ, തങ്കമ്മ തോമസ്, എ.എ. സുബൈർ തുടങ്ങിയവർ പ്രസംഗിച്ചു. കെ.വി. ഷാജിയുടെ കൃതജ്ഞതാ പ്രകാശനത്തോടെ പരിപാടികൾക്ക് പരിസമാപ്തിയായി.

**5. ഒല്ലൂർ ഫൊറോനയിൽ കാൽനട ജാഥ**

യു.ഡി.എഫ്.സർക്കാരിന്റെ ജനദ്രോഹ മദ്യാനുകൂല നടപടികളിൽ പ്രതിഷേധിച്ച് ഒല്ലൂർ ഫൊറോന മദ്യവിരുദ്ധ സമിതി കാൽനടജാഥയും വിശദീകരണയോഗവും സംഘടിപ്പിച്ചു. തലോരിൽ നിന്ന് ആരംഭിച്ച ജാഥ ഒല്ലൂർ സെന്ററിലാണ് സമാപിച്ചത്. സമാപന സമ്മേളനം മുൻ അതിരൂപത ഡയറക്ടറും ഇപ്പോഴത്തെ ഫൊറോന പ്രൊമോട്ടറുമായ ഫാ. ഡേവീസ് ചക്കാലക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് ടി.എ. ആന്റണി സെക്രട്ടറി ജോസ് സി.ഡി. തുടങ്ങിയവർ പ്രസംഗിക്കുകയും പരിപാടികൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

**6. കുടുംബസമ്മേളനങ്ങളിൽ ബോധവൽക്കരണം.**

മുള്ളൂർക്കര ഇടവകയിൽ ഡിസംബറിലെ കുടുംബക്കൂട്ടായ്മകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തി. വികാരിയച്ചന്റെയും ബഹു. സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യത്തിലാണ് ക്ലാസ്സുകൾ സംഘടിപ്പിച്ചത്.

**7. മദ്യവിരുദ്ധ സ്റ്റാൾ**

ബോൺ നത്താലെയുടെ ഭാഗമായി മദ്യവിരുദ്ധ പോസ്റ്ററുകളും ചിത്രങ്ങളും പ്രദർശിപ്പിച്ചു. മദ്യവിരുദ്ധ ലഘുലേഖകൾ വിതരണം ചെയ്തു. അതിരൂപത ഭാരവാഹികൾ നേതൃത്വം നൽകി.

| | | |
|---|---|---|
| **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** | **ജോസ് ആലപ്പാട്ട്** | **തോമസ് ചിറമ്മൽ** |
| ഡയറക്ടർ | പ്രസിഡണ്ട് | സെക്രട്ടറി |

# കേരള ലേബർ മൂവ്മെന്റ്

**മോൺ തോമസ് തലച്ചിറ- അനുസ്മരണം**

കേരള ലേബർ മൂവ്മെന്റ് സ്ഥാപക ഡയറക്ടറായ മോൺ. തോമസ് തലച്ചിറയച്ചന്റെ അനുസ്മരണ സമ്മേളനം 2015 ജനുവരി 11-ാം തിയതി ഞായറാഴ്ച 2.30ന് തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുകയുണ്ടായി.

തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കെ.എൽ.എം. അതിരൂപത പ്രസിഡണ്ട് ശ്രീ. എൻ.കെ.രാജു അദ്ധ്യക്ഷത വഹിച്ചു. കെ.എൽ.എം. സംസ്ഥാന ഡയറക്ടർ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ അനുഗ്രഹപ്രഭാഷണവും അതിരൂപത ഡയറക്ടർ ഫാ. ജോസ് കോനിക്കര ആമുഖ പ്രഭാഷണവും നടത്തി. സമ്മേളനത്തിന് ശ്രീ. ബാബു കൈതാരത്ത് സ്വാഗതവും രൂപത ഓർഗനൈസർ ശ്രീ. ജോസ് ഇ. പി. നന്ദിയും രേഖപ്പെടുത്തി. **സെക്രട്ടറി**

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 682-ാമതും തൃശ്ശൂർ കൂരിയായുടെ 695-ാമതും സമ്മേളനം 2015 ജനുവരി 11 ഞായറാഴ്ച ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡണ്ട് ജ്ഞാനവായന നടത്തി. വൈസ് പ്രസിഡണ്ട് സി. അൽഫോൺസ ജോർജ്ജ് ഹാജർ വിളിച്ചതിനുശേഷം ബ്ര. പ്രസിഡണ്ട് സ്വാഗതം പറഞ്ഞു. ജോ. സെക്രട്ടറി സി. എൽസി. ചുമ്മാർ മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. എ.ജെ. വിൻസെന്റ് വരവ്-ചിലവ് കണക്കും വായിച്ച് അംഗീകരിച്ചു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. മാത്യു ചാക്കേരി പ്രഭാഷണം നടത്തി. സഭയിൽ ആരാധന കാലഘട്ടത്തിൽ ദനഹാ കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ദനഹാ കാലഘട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ബഹു. ആദ്ധ്യാത്മിക നിയന്താവ് വിശദീകരിച്ചുകൊണ്ട് ഏവർക്കും പുതുവത്സരാശംസകൾ നേരുകയും ചെയ്തു

അതിരൂപത ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് നടത്തിയ 'ബോൺ നത്താലെ' പരിപാടിയോടനുബന്ധിച്ച് തയ്യാറാക്കിയ നോഹയുടെ പെട്ടകത്തിൽ ലീജിൻ ഓഫ് മേരി സംഘടനയക്ക് നൽകിയ സ്റ്റാൾ സംഘടന ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. മാത്യു ചാക്കേരി ഉദ്ഘാടനം ചെയ്തു. ഡിസംബർ18 മുതൽ ജനുവരി 5 വരെ നടന്ന പ്രദർശന നഗരിയിൽ നമ്മുടെ സ്റ്റാൾ രാവിലെ 11 മണി മുതൽ വൈകീട്ട് 8.30 വരെ തുറന്നു പ്രവർത്തിച്ച വിവരം ബ്ര. പ്രസിഡണ്ട് വിവരിച്ചു. മുഴുവൻ സമയവും സ്റ്റാൾ തുറന്ന് പ്രവർത്തിക്കുന്നതിൽ ഒല്ലൂർ, പറവട്ടാനി, ചേർപ്പ്, ലൂർദ്ദ് പൂച്ചുണ്ണിപാടം, കുരിയച്ചിറ, നടത്തറ, പുതുക്കാട്, അരിമ്പൂർ, പഴുവിൽ, തൈക്കാട്ടുശ്ശേരി, മരത്താക്കര, സെന്റ് ആൻസ്, വേലൂർ, വടക്കാഞ്ചേരി തുടങ്ങി വിവിധ പ്രസീദിയങ്ങളിലെ മരിയ സൈനീകർ തയ്യാറായി വന്നതിൽ പ്രസിഡന്റ് പ്രത്യേകം നന്ദി പറഞ്ഞു.

2015 വർഷത്തെ ആച്ചിയസ് ചടങ്ങ് മാർച്ച് 8ന് ഏകദിന പരിപാടിയോടെ നടത്തുന്നതിന് തിരുമാനിച്ചു. അവസാന പ്രാർത്ഥനയും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനു ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

**പി. സി. കുരിയപ്പൻ** (കമ്മീസിയം സെക്രട്ടറി)

# ചിൽഡ്രൻസ് മിനിസ്ട്രി
0487-2332386, 9947582522

## അതിരൂപതാ തല സമ്മാന വിതരണം 2014–2015

### 1. തിരുബാലസഖ്യം

അതിരൂപത തല തിരുബാലസഖ്യ കലാമത്സരങ്ങളുടെ സമ്മാനവിതരണം 2015 ഫെബ്രുവരി 14–ാം തിയതി രാവിലെ 9.30 മുതൽ 12.00 വരെ ഡി. ബി. സി.എൽ.സിയിൽ വെച്ച് നടത്തപ്പെടുന്നു. ആയതിനാൽ അന്നേദിവസം എല്ലാ സമ്മാനർഹരും കൂടാതെ കൂടുതൽ മിഷൻ കളക്ഷൻ സമാഹരിച്ച യൂണിറ്റ്, ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ് എന്നിവയ്ക്കും അർഹരായ യൂണിറ്റുകളും അന്നേദിവസം ട്രോഫി സ്വീകരിക്കുവാൻ എത്തിച്ചേരേണ്ടതാണ്. ഭക്ഷണം ഓരോരുത്തരും കൈയ്യിൽ കരുതേണ്ടതാണ്.

### 2. ജൂനിയർ സി. എൽ.സി. അൾത്താരസംഘം

അതിരൂപത തല ജൂനിയർ സി. എൽ.സിയുടെയും അൾത്താരസംഘത്തിന്റേയും അതിരൂപതാതല കലാമത്സരങ്ങളുടെ സമ്മാനവിതരണം 2015 ഫെബ്രുവരി 14–ാം തിയതി 12.30 മുതൽ 4 മണി വരെ നടത്തപ്പെടുന്നു. അന്നേ ദിവസം എല്ലാ സമ്മാനർഹരും കൂടാതെ, കൂടുതൽ ജീസസ് ബെർത്ത് ഡേ സംഭാവന സമാഹരിച്ച യൂണിറ്റുകളും കൂടുതൽ പ്രയർ ഫ്രണ്ട് കളക്ഷൻ കൊണ്ടുവന്ന യൂണിറ്റുകളും ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ് എന്നിവയ്ക്ക് അർഹരായ യൂണിറ്റുകളും അന്നേദിവസം ട്രോഫി സ്വീകരിക്കുവാൻ എത്തിച്ചേരേണ്ടതാണ്. ഭക്ഷണം ഓരോരുത്തരും കൈയ്യിൽ കരുതേണ്ടതാണ്.

### 3. അതിരൂപതാതല കലാമത്സര ഓവറോൾ ചാമ്പ്യൻഷിപ്പ് 2014–2015

**1 Holy Childhood - Sub Junior**

1st - SH. Convent Nursery School, Thrissur
IInd - St. Xavier's Convent Nursery School, Pudukad
IInd - Nirmalamatha Central School , Tcr
IIIrd - St. Lazar's Church - Kottapady

**2. Holy Childhood - Junior**

Ist - Nirmalamatha Central School, TCR
IInd - SHCEMLP School, TCR
IIIrd - LFLP School, Perinchery

**3. Holy Childhood- Senior**

Ist - Nirmalamatha Central School, TCR
IInd - Holy Cross Church, Arthat
IInd - St. Mary's Assumption Church, Kottekad
IIIrd - Christ King Church, Mundathikode

IIIrd - St. Theresa's U.P. School - Manalur West

**4. Junior - CLC**

Ist - St. Antony's Church, Parempadam
Ist - St. Josph's Church, Kuriachira
IInd - Immaculate Heart - Varandarappilly
IIIrd - St. Antony's Church, Mullorkkara
IIIrd - St. Cyriac Church, Vylathur
IIIrd - St. Antony's Church, Machad
IIIrd - St. John the Baptist, Nedupuzha

**5. ABA - Junior**

Ist - St. Francis Xavier's Church, Pattikad
IInd - St. Cyriac Church, Vylathur
IInd - St. Ignatious Church, Manalur East
IIIrd - St. Annes Church - West Fort
IIIrd - St. Antony's Church, Parempadam

**6. ABA- Senior**

Ist - St. Joseph's Church, Kuriachira
IInd - Holy Cross Church, Arthat
IInd - St. Antony's Church, Arimboor
IIIrd - St. Antonys Church, Parempadam

**4. ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 2015**

അതിരൂപത തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താര സംഘം എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 20, 21, 22 തിയതിക്കുപകരം 2015 ഏപ്രിൽ 21, 22, 23 തിയതികലിലാണ് ക്യാമ്പ് നടത്തപ്പെടുന്നത്.

**5. പ്രാർത്ഥിക്കാൻ.... പ്രവർത്തിക്കാൻ** (2015 ഫെബ്രുവരി)

**തിരുവചന പഠനം** : ഭയപ്പെടേണ്ടാ ഞാൻ നിനക്കു പരിചയാണ്. നിന്റെ പ്രതിഫലം വളരെ വലുതായിരിക്കും (ഉത്പ. 15:1)

**സുകൃത ജപം** : എന്റെ ഈശോയെ എന്റെ ഹൃദയത്തെ നിന്റെ സ്നേഹം കൊണ്ട് നിറയ്ക്കണമേ.

**പ്രാർത്ഥന നിയോഗം** : പരീക്ഷയ്ക്കൊരുങ്ങുന്ന കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുക

**പ്രവർത്തനം** : മുടങ്ങാതെ ദിവ്യബലിയിൽ പങ്കെടുക്കുക.

**പരിചയപ്പെടുന്ന വിശുദ്ധൻ** : വി. പീറ്റർ ഡാമിയൻ (ഫെബ്രു. 21)

**കോഡിനേറ്റർ** — **ഡയറക്ടർ**
**സി. മിനി SSPC** — **റവ. ഫാ. ആന്റണി മേച്ചേരിപ്പടി**

# ജീസസ് യൂത്ത്

**തലമുറകളുടെ സംഗമം**

തൃശൂർ അതിരൂപതയിലെ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 'തൃശ്ശൂർ ജീസസ്സ് യൂത്ത് കോൺഫറൻസ് 2014 എന്ന തലമുറകളുടെ സംഗമം ഡിസംബർ 19 മുതൽ 22 വരെ ചെമ്പൂക്കാവ് സേക്രഡ് ഹാർട്ട് ദേവാലയത്തിൽ നടന്നു. ഡിസംബർ 19ന് വൈകീട്ട് 6 മണിക്ക് തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ കോൺഫ്രൻസ് ഉദ്ഘാടനം ചെയ്തു. അതിരൂപത ജീസസ് യൂത്ത് കോഡിനേറ്റർ ഫിബിൻ പി. പി. സ്വാഗതം ആശംസിച്ച കോൺഫറൻസിൽ തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ, ലൂർദ്ദ് കത്തീഡ്രൽ വികാരി ഫാ. വർഗ്ഗീസ് കൂത്തൂർ, അസി. വികാരി ഫാ. ബിനോയ് ചിറ്റിലപ്പിള്ളി, ഫാ. വർഗ്ഗീസ് തണ്ണിപ്പാറ എസ്. ഡി. ബി., ജനറൽ കോ–ഓർഡിനേറ്റർ ഗിനിസ് ഫ്രാൻസിസ്, ജനറൽ കൺവീനർ, ഷാജു അരിയന്നൂർ തുടങ്ങിയവർ ചടങ്ങിന് നേതൃത്വം നൽകി. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യമാർ റാഫേൽ തട്ടിൽ, തൃശ്ശൂർ അതിരൂപതാ ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് തൂങ്കുഴി തുടങ്ങിയ പിതാക്കന്മാരും ജീസസ്സ് യൂത്ത് അന്താരാഷ്ട്ര നേതാക്കളായ മനോജ് സണ്ണി, റൈജു വർഗ്ഗീസ്, ജോർജ്ജ് ദേവസ്യ, ആൾ കേരള കോ–ഓഡിനേറ്റർ സിൻജോ പി. കെ. തുടങ്ങിയവരും ഈ കോൺഫറൻസിൽ പങ്കുചേർന്നു.

പ്രധാനമായും കോൺഫ്രൻസ്–യൂത്ത്– ഫാമിലി, പ്രീ ടീൻസ് എന്നീ 3 സ്ട്രീമുകളിലായാണ് നടന്നത്.

തലമുറകൾക്ക് സാക്ഷ്യമേകുന്ന ഈ സംഗമത്തിൽ ഒട്ടേറെ പുതുമകളാണ് അണിയറയിൽ ഒരുക്കിയിരുന്നത്. ജപമാല പ്രദക്ഷിണം, അഖണ്ഡ ബൈബിൽ പരായണം, 24 മണിക്കൂർ ആരാധന, ആത്മീയതയും വിജ്ഞാനവും ഒത്തുചേർന്ന ക്ലാസ്സുകൾ, മീഡിയ പ്രസന്റേഷനുകൾ സ്വന്തം മണ്ണിൽ കൃഷിചെയ്ത വിഭവങ്ങൾ, സ്റ്റാമ്പുകൾ കൊണ്ട് തീർത്ത ക്രിസ്തുവിന്റെ രക്ഷാകര ചരിത്രം, അഴുകാത്ത വിശുദ്ധരുടെ ചിത്രപ്രദർശനം, ഫുഡ് എക്സ്പോ, വിവിധ എക്സിബിഷൻ സ്റ്റാളുകൾ, മ്യൂസിക് ബാന്റ്, ഓൺലൈൻ റേഡിയോ തുടങ്ങിയവ ഉണ്ടായിരുന്നു.

കോൺഫ്രറൻസ് മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ഭാഗമായി പുത്തൻപള്ളി നിത്യാരാധന കേന്ദ്രത്തിൽ 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെ രാവിലെ 9.30 മുതൽ വൈകീട്ട് 4.30 വരെ ആരാധനയ്ക്കായി ദിവസവും 2 വ്യക്തികൾ വീതം ഇരിക്കുകയും മാർച്ച് 3 മുതൽ ഡിസംബർ 25വരെ മാംസാഹാരം ഉപേക്ഷിക്കുകയും ചെയ്തു. കൂടാതെ കേരളത്തിലെ പുണ്യാത്മക്കളുടെ കബറിടത്തിലേക്ക് തീർത്ഥയാത്രയും ഓരോ മാസവും നടത്തിയിരുന്നു.

ഹരിതകൃഷിയ്ക്ക് പ്രാധാന്യവും നൽകുന്ന ഈ കോൺഫ്രൻസിന്റെ ഭാഗ

മ്യായി 1500 ഓളം ചേന അതിരൂപതയിലെ വിവിധ ദേവാലയങ്ങളിലും ഭവനങ്ങളിലുമായി കൃഷി ചെയ്തു. കൂടാതെ, വെണ്ട, പയർ, ആഞ്ഞിലി മരം, നെല്ല് എന്നിവയും കൃഷി ചെയ്തു. ജീസസ് യൂത്ത് കൃഷി ചെയ്ത വിളകളുപയോഗിച്ചാണ് കോൺഫ്രൻസിൽ ഭക്ഷണം ഉണ്ടാക്കിയത്. ഈ കോൺഫ്രൻസിന്റെ ധനസമാഹരണം നടത്തിയത് ദശാംശം ഉപയോഗിച്ചായിരുന്നു.

22-ാം തിയതി രാവിലെ 10 മണിക്ക് ചെമ്പൂക്കാവ് ദേവാലയത്തിൽ വച്ച് സമർപ്പിത സംഗമം നടന്നു. ജീസസ് യൂത്ത് മുന്നേറ്റത്തെ സഹായിക്കുന്നവരും ജീസസ് യൂത്ത് മുന്നേറ്റത്തിൽ നിന്ന് ദൈവവിളി സ്വീകരിച്ച് കടന്നുപോയവരുമായ വൈദികരുടേയും സന്യസ്തരുടേയും ബ്രദേഴ്സിന്റെയും സംഗമം വളരെ മനോഹരമായി നടന്നു. ഡിസംബർ മാസം പൗരോഹിത്യ സ്വീകരണത്തിന് ഒരുങ്ങിയ 13 ജീസസ് യൂത്ത് ഡീക്കന്മാർക്ക് ആശംസകൾ നൽകി. സമാപന ദിവസം വൈകീട്ട് ജീസസ് യൂത്ത് ബാന്റായ 'ക്രോസ് ടോക്' അവതരിപ്പിച്ച സംഗീത സന്ധ്യയും മറ്റു കൾച്ചറൽ പ്രോഗ്രാമുകളും അരങ്ങേറി. സമാപന സമ്മേളനത്തിൽ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, കത്തോലിക്കസഭ സർക്കുലേഷൻ മാനേജർ ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ, ജീസസ് യൂത്ത് ഡയറക്ടർ ഫാ. ഫ്രാൻസീസ് ആളൂർ, അനിമേറ്റർ സി. ബ്ലസി റോസ്, മുൻ ജീസസ് യൂത്ത് കോഡിനേറ്റർ സി. ഗ്രേയ്സ് തോമസ്, കോൺഫ്രൻസ് ജനറൽ കോഡിനേറ്റർ ഗിനിസ് ഫ്രാൻസിസ്, ജനറൽ കൺവീനർ ഷാജു അരിയന്നൂർ എന്നിവർ അദ്ധ്യക്ഷത വഹിച്ച തലമുറകളുടെ സംഗമം രാത്രി 9 മണിക്ക് സമാപിച്ചു.

**ഫാ. ഫ്രാൻസീസ് ആളൂർ**
ജീസ്സസ് യൂത്ത് ഡയറക്ടർ

**ഫിബിൻ പി. പി.**
ജീസസ്സ് യൂത്ത് കോ-ഓഡിനേറ്റർ

# ഫ്രാൻസിസ്കൻ അത്മായസഭ

സമാധനവും സൗഭാഗ്യവും

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം കാൽവരി ആശ്രമത്തിൽ വെച്ച് 28.12.2014 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് പ്രസിഡണ്ട് പി.ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. 2014 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചു. യോഗം ചർച്ച ചെയ്തു. 2015ൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെപറ്റി യോഗം വിശദമായി ചർച്ച ചെയ്തു. യോഗത്തിൽ ഫാ.പോൾ അടമ്പുകുളം , ഫാ. ഫ്രാൻസീസ് എടാട്ടുകാരൻ, ഫാ. ജോബി മേരീസൺ, സി. റോസിലിൻ, സി. അർച്ചന, വി. സി. സണ്ണി, തോമസ് ഡൊമിനിക്, ജെറി ജോസഫ്, ടി.എ. ഫ്രാൻസീസ് എന്നിവർ സംബന്ധിച്ചു.

അതിരൂപത തലത്തിൽ ജനുവരി 17ന് തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് രാവിലെ നടക്കുന്ന നിത്യവ്രതവാഗ്ദാന ചടങ്ങിലേയ്ക്കും

ഉച്ചതിരിഞ്ഞ് നടക്കുന്ന നേതൃസംഗമത്തിലേയ്ക്കും കഴിയുന്നത്ര അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു. നേതൃസംഗമം വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്യുന്നതാണ്. 2015 വർഷത്തെ പ്രവർത്തന കലണ്ടർ പ്രകാശനവും 2014 വർഷത്തെ നല്ല യൂണിറ്റുകൾക്കുള്ള സമ്മാനവിതരണവും ഉണ്ടാകും.

2015 ഫെബ്രുവരി 6, 7, 8 തിയതികളിൽ പാലക്കാട് വെച്ച് നടക്കുന്ന പ്രോവിൻസ്തല പഠനക്യാമ്പിലേക്ക് അതിരൂപതയിൽ നിന്ന് 50 പേർ പങ്കെടുക്കുന്നതാണ്. ക്യാമ്പ് മാർ ജേക്കബ്ബ് മാനന്തോടത്ത് പിതാവ് ഉദ്ഘാടനം ചെയ്യും. യേശുവിൽ എളിയ സഹോദരൻ

**വി.സി. സണ്ണി,** സെക്രട്ടറി

## കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

2014 ഡിസംബർ 21-ാം തിയതി ഞായറാഴ്ച 3 pmന് സി.എൻ.ജി. ഐ. സംഘടനയുടെ ക്രിസ്തുമസ് എടക്കളത്തൂർ എസ്.എൻഡി.എസ്. നിർമ്മല സദനിലെ അന്തേവാസികളോടൊത്ത് ആഘോഷിച്ചു. വിവിധ ഹോസ്പിറ്റലിൽ നിന്ന് 100ൽ പരം പേർ പങ്കെടുത്തു. അമല CNGI യൂണിറ്റ് അഡ്വൈസർ റവ. ഫാ. ഷിബു പുത്തൻപുരക്കൽ സി.എം.ഐ., ക്രിസ്തുമസ് സന്ദേശം നൽകി. ക്രിസ്തുമസ് കരോളും, കരോൾ ഗാനങ്ങളും മറ്റ് കലാപരിപാടികളും കൊണ്ട് ആ സുദിനത്തിന് കൂടുതൽ വർണ്ണ പകിട്ടേകി. CNGI ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട്, പ്രസിഡന്റ് സി. ദെപ്പാസി CSC എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നൽകി.

08.01.2015ൽ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ വെച്ച്, ജനുവരി 25-ാം തിയതി DBCLCയിൽ നടക്കാനിരിക്കുന്ന സമർപ്പിത സംഗമത്തിന്റെ ഒരുക്കങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. "ദിയാക്കോണിയ പാലിയേറ്റീവ് കെയർ" റവ. ഫാ. സിജോ അരിക്കാട്ടിന്റെ നേതൃത്വത്തിൽ, എരവിമംഗലം, പട്ടിക്കാട് ഇടവകകളിലെ കിടപ്പുരോഗികളെ സന്ദർശിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിച്ച് ചികിത്സാ സഹായം കൈമാറി.

2015 മാർച്ച് മാസത്തിൽ രണ്ട് ബാച്ചുകളിലായി നടത്താൻ നിശ്ചയിച്ചിട്ടുള്ള നഴ്സസ് ധ്യാനത്തിന്റെ ക്രമീകരണങ്ങൾ അധികാരികളുടെ നേതൃത്വത്തിൽ നടത്താൻ സഹകരിക്കുമല്ലോ.വിവിധ ആശുപത്രികളിൽ ജോലി ചെയ്യുന്ന എല്ലാവർക്കും ജാതിമതവ്യത്യാസം കൂടാതെ പങ്കെടുക്കാവുന്നതാണ്. കൂടുതൽ പേർ പങ്കെടുത്ത് ആത്മാഭിഷേകത്തിന്റെ നിമിഷങ്ങളാക്കാൻ ഈ ആത്മീയ വിരുന്നിലേക്ക് ഏവർക്കും സ്വാഗതം. കൂടുതൽ വിവരങ്ങൾ നോട്ടീസ് മുഖേന അറിയിക്കുന്നതാണ്.

ഡയറക്ടർ — സെക്രട്ടറി

**റവ.ഫാ. സിജോ അരിക്കാട്ട്** — **സി. റൊസീന ഡേവീസ് FCC**

# ആബാ റിന്യൂവൽ സെന്റർ

### പ്രീച്ചേഴ്സ് - കൗൺസിലേഴ്സ് കൂട്ടായ്മ

തൃശ്ശൂർ അതിരൂപതയിലെ പ്രീച്ചേഴ്സ് -കൗൺസിലേഴ്സ് കൂട്ടായ്മ 2014 ഡിസംബർ മാസം 1-ാം തിയതി തിങ്കളാഴ്ച രാവിലെ 9.30ന് ജപമാലയോടെ ആബാ ധ്യാനകേന്ദ്രത്തിൽ ആരംഭിച്ചു. ദൈവചനം ഫാ. പോളി പടയാട്ടിൽ പങ്കുവെച്ചു. വി. ബലിക്ക് വെ. റവ. ഫാ. ജോർജ്ജ് അക്കര നേതൃത്വം നൽകി. പ്രീച്ചേഴ്സ് കൗൺസിലേഴ്സ് പങ്കുചേരുകയും പങ്കുവെക്കലും നടത്തി. പ്രാർത്ഥനയോടെ 3 മണിക്ക് സമാപിച്ചു.

### അഡ്വൈസറി കൗൺസിൽ

തൃശ്ശൂർ അതിരൂപതയിലെ 16 സബ്ബ് സോൺ കോ-ഓഡിനേറ്റേഴ്സും കെ. എസ്.ടി. , കെ.എസ്. സി മെമ്പേഴ്സും സർവ്വീസ് ടീമും ചേരുന്ന അഡ്വൈസറി കൗൺസിൽ 2014 ഡിസംബർ 1-ാം തിയതി ഉച്ചതിരിഞ്ഞ് 3 മണിക്ക് ആബയിൽ ചേർന്നു. രൂപതാ പ്രവർത്തനം വിലയിരുത്തി. ഭാവിപ്രവർത്തനം സംബന്ധിച്ച വിശദമായ ചർച്ച ചെയ്തു. പ്രാർത്ഥനയോടെ 4.30ന് സമാപിച്ചു.

### ഏകദിന ദൈവചന ശുശ്രൂഷ

തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ 2014 ഡിസംബർ മാസത്തിൽ താഴെ പറയുന്ന തിയതികളിൽ ആബാ കേന്ദ്രത്തിൽ ഏകദിന ദൈവചനകൂട്ടായ്മ നടന്നു. രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ച് പ്രാർത്ഥനയോടെ 3.30ന് സമാപിച്ചു.

4.12.2014 : ബ്രദ. ഷാലു ചേലക്കര വചനം പങ്കുവെച്ചു. വി. ബലിക്കും, ആരാധനയ്ക്കും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി. 11.12.2014 : ബ്രദ. രാജു കൊക്കൻ വചനം പങ്കുവെച്ചു. വി. ബലിക്കും ആരാധനും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി. 18.12.2014: ബ്രദർ സജി കാട്ടുക്കാരൻ വചനം പങ്കുവച്ചു. വി. ബലിക്കും ആരാധനയ്ക്കും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി.

### മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ

തൃശ്ശൂർ ആബാ കേന്ദ്രത്തിൽ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ 2014 ഡിസംബർ 5, 12, 19, 26 എന്നീ തിയതികളിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ചു. വി. ബലിയും ആരാധനയും വചന സന്ദേശവും നടത്തി. നേതൃത്വം നൽകിയത് റവ. ഫാ.

ഫ്രാൻസീസ് തലക്കോട്ടൂരും റവ. ഫാ. ലൂവീസ് ചാലക്കൽ എന്നിവരായിരുന്നു. വൈകീട്ട് 3 മണിയോടെ പ്രാർത്ഥനയോടെ സമാപിച്ചു.

**അതിരൂപത സർവ്വീസ് ടീം ചേർന്നു**

2014 ഡിസംബർ മാസം 19-ാം തിയതി അതിരൂപത സേവന സമിതി ആബയിൽ ചേർന്നു. ഡയറക്ടർ റവ. ഫാ. ഷാജു തേർമഠം അദ്ധ്യക്ഷത വഹിച്ചു. സബ്ബ് സോൺ പുതിയ നേതൃത്വത്തെ കണ്ടെത്തുന്നതിനുള്ള തിയതികൾ താഴെപറയും പ്രകാരം നിശ്ചയിച്ചു.

7.2.2015 : പാലയൂർ, പറപ്പൂർ, മറ്റം, കണ്ടശ്ശാംകടവ് 14.2.2015 : എരുമപ്പെട്ടി, വേലൂർ, വടക്കാഞ്ചേരി, ചേലക്കര 21.2.2015: മെട്രോ, പട്ടിക്കാട്, പുത്തൂർ, കൊട്ടേക്കാട്, 28.2.2015 : ഒല്ലൂർ, പഴുവിൽ, ബസലിക്ക, പുതുക്കാട്

**തുവ്വാനീസ കൂട്ടായ്മ**

12.12.2015 തൃശ്ശൂർ അതിരൂപതാ തുവ്വാനീസ കുട്ടായ്മ രാവിലെ 9.30ന് ആബയിൽ ചേർന്നു. വി. ബലിയും വചന സന്ദേശവും റവ. ഫാ. ലൂവീസ് ചാലക്കൽ നിർവ്വഹിച്ചു. പ്രാർത്ഥനയോടെ 3 മണിക്ക് സമാപിച്ചു.

**സിങ്കിൾ കൂട്ടായ്മ**

തൃശ്ശൂർ അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ഭാഗമായ സിങ്കിൾസ് കൂട്ടായ്മ 2014 ഡിസംബർ 9-ാം തിയതി ആബയിൽ ചേർന്നു. ജപലമായോടെ രാവിലെ 9.30ന് ആരംഭിച്ചു. വചന സന്ദേശവും വി. ബലിയും റവ. ഫാ. ലൂയീസ് ചാലക്കൽ നേതൃത്വം നൽകി. പ്രാർത്ഥനയോടെ 3 മണിക്ക് സമാപിച്ചു.

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **എം. എ. ബാബു** | **വി. വി. ജോസ്** |
| ഡയറക്ടർ | കോ-ഓർഡിനേറ്റർ | സെക്രട്ടറി |

## അതിരൂപതയിൽ നിന്നുള്ള നവവൈദികർ


Fr.Alappat Chakkery Cejo CMI


Fr.Athiyunthan Lijo CMI


Fr.Brahmakulam Lijo CMI


Fr.Chirayath Rijo CMI


Fr.Chungath Livin


Fr.Eluvathingal Kiran Paul


Fr.Maliekal Jijimon SJ


Fr.Neelankavil Wiljo OFM.Cap.


Fr.Poruthukaran Rinto CMI


Fr.Pulickan Varghese VC


Fr.Pulikkottil Sinto


Fr.Pullokaran Ajith CMI


Fr.Vadakkan Franco OFM.Cap.


Fr.Vaidhyakaran Sinto CMI


Fr.Veliyanookkaran Seljo CMI


Fr.Velleparambil Preejo CMI


Fr.Vettamthadathil Bony CMI


Fr.Vattakuzhy Jose SJ


Fr. Jenner Vakayil


Fr.Kidangan Siljo (Sagar Diocese)

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.01.2014
**Feb. 2015**




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005